# ദിവ്യാരാധന

## പ്രൊഫ. എം. വൈ. യോഹന്നാൻ

: Publisher :

ഫീലിയോ ബുക്ക്സ്

കോലഞ്ചേരി - 682 311

# ദിവ്യാരാധന

**പ്രൊഫ. എം. വൈ. യോഹന്നാൻ**

*മുൻ പ്രിൻസിപ്പൽ,*

*സെന്റ്. പീറ്റേഴ്സ് കോളേജ്, കോലഞ്ചേരി.*

●

മേച്ചങ്കര, കടയിരുപ്പ് പി.ഒ.,

കോലഞ്ചേരി – 682 311, കേരളം.

ഫോൺ: (0484) 2689489, 2689889

●

Publisher :

**ഫീലിയോ ബുക്ക്സ്**

കോലഞ്ചേരി – 682 311

●

DTP

MANESH, MAAS CREATIONS, COCHIN

●

COVER DESIGN

SWAMINATHAN, COMPUTER PARK

●

PRINTED AT

AYODHYA PRINTERS LTD. ELAMAKKARA,
KOCHI - 682 026

●

*copy right reserved*

●

# FOREWORD

How wonderful and mysterious are the ways in which God develops leaders to help His people. Taking cursory glance across the Bible, shall we look at a few instances?

A young boy, Joseph, for no fault of hi sown, is thrown into a well and sent off to Egypt. Steadily rising in the Egyptian leader's family, he is thrown in jail. All these are preparations for his elevation as a minister in the Egyptian palace, so that when the severe famine arose, his parents and brothers with their families could find food and a place to stay.

Later, we find a lady crying in the temple, being scolded by the high priest for being drunk. She tells the priest that she is not drunk, but that she was opening her heart to God for blessing her with a son. And if she gets a son she will give him to God.

We read of David, a young boy being picked by God to kill Goliath and later to lead Israel as king. We read of leaders like Daniel, and how God used them.

In the New Testament, God picks His disciples. The greatest leader amongst them is a fisherman who denied Jesus thrice. Perhaps because of this, he became a powerful leader of Christianity.

Stephen was stoned to death. He was not a great leader of many people at that time, but his prayer, asking for forgiveness for those who stoned him must have had a great part in opening the heart of Saul. That was how Saul became Paul later.

There was a story of a Sunday school teacher in a small town in America. Who at the age of 22 was dying of tuberculosis. One lat time he wanted to meet his students. With the help of one boy in his class he went to the homes of the students and spoke to them and very soon passed away to the other world. The boy who took his teacher to the different homes, later went on to become the greatest Evangelist of that century. Indeed how wonderful and mysterious are God's ways!

God in his wisdom had developed and fine toned the skill of speaking will in Malayalam in Prof. M.Y. yohannan. As Professor and Principal, he developed skills of talking to the youth and leading them. Today God is using the media of radio and television. Prof. Yohannan is extending God's Ministry far and wide. Indeed, is is wonderful, God's mysterious ways and pray for his ministry.

In the old testament, we read that God sends prophets to guide His people, to warn His people, to challenge them, to lead them, to bring the people to God and to keep them walking with Him.

Are we not seeing a prophet in Prof. M.Y. Yohannan doing just that using the public meetings. The radio and television media to

touch innumerable people like the prophets in the Old Testament! We must thank God for this prophet and pray for God's abundant blessing for his ministry.

Praying that God will bless this book to help many in God's own time in God's own way.

I am very happy to present this book. Divyaradhana to the believing multitudes for the glory of God. The almighty.

**Dr. C.K. Eapen, M.D.**
Director and Chief Physician
M.O.S.C Medical Mission Hospital
Kolenchery

## ആമുഖം

“രാവിലെ നിന്റെ വിത്ത് വിതയ്ക്ക, വൈകുന്നേരത്തും നിന്റെ കൈ ഇളച്ചിരിക്കരുത്” എന്ന് ജ്ഞാനികളിൽ ജ്ഞാനിയായ ശലോമോൻ പറഞ്ഞിട്ടുണ്ട്. സഭാപ്രസംഗി 11 : 6. യൗവനാരംഭത്തിൽ തന്നെ ദൈവവേലയിൽ പങ്കാളിയാകാൻ ഭാഗ്യം ലഭിച്ച എനിക്ക് ഈ വാർദ്ധക്യത്തിൽ ഗ്രന്ഥരചനയിലേക്ക് പ്രവേശിക്കാൻ ഇടയായത് ഒരത്ഭുതം തന്നെയാണ്.

ലോകപ്രശസ്തനായ തെക്കേ അമേരിക്കൻ നോവലിസ്റ്റാണ് ഗബ്രിയേൽ ഗാർസിയ മർക്കോസ്. അദ്ദേഹത്തിന് നോബൽ സമ്മാനം കിട്ടിയത്. “One Hundred Years of Solitude” എന്ന കഥയെഴുതിയതിനാണ്. ഒരു നഗരത്തിന്റെ ഉയർച്ചയുടെയും താഴ്ചയുടെയും വളർച്ചയുടെയും തളർച്ചയുടെയും കുതിപ്പിന്റെയും കിതപ്പിന്റെയും നൂറുകൊല്ലത്തെ കഥയാണ് ആ ഗ്രന്ഥം.

ക്രിസ്തീയ ജീവിതത്തിന്റെ ഉയർച്ചയും തകർച്ചയും എന്റെ പ്രസംഗങ്ങളിൽ വരച്ചു കാണിക്കാൻ ഞാൻ യത്നിച്ചിട്ടുണ്ട്.

ക്രിസ്തീയ വിശ്വാസത്തിന്റെ ഔന്നത്യത്തിന്റെ പടവുകളിൽ എത്തുമ്പോൾ ലഭിക്കുന്ന അഭൗമാനുഭൂതിയാണ് ദിവ്യാരാധന.

ദിവ്യാരാധനയുടെ ഊടും പാവും സ്തുതിയും സ്തോത്രവുമാണ്. നാവുകൊണ്ട് യാന്ത്രികമായി ഉച്ചരിക്കുന്ന സ്തുതി, സ്തോത്രം, ഹാല്ലേലുയ്യാ, Praise the Lord എന്നെല്ലാമുള്ള ശബ്ദങ്ങളല്ല, പ്രത്യുത, അകക്കാമ്പിന്റെ അകത്തളങ്ങളിൽ ഉറന്നുയർന്ന്, ഐന്ദ്രജാലിക സിദ്ധി പ്രകർഷത്തോടെ സകലരുടെ കരളലിയിക്കുന്ന അലൗകിക വിസ്മയമത്രേ ദിവ്യാരാധന.

“അത്യുന്നതങ്ങളിൽ (മേല്പോട്ട് ഉയരങ്ങളിൽ) സ്വർഗ്ഗീയ മാലാഖമാർ സ്തുതിക്കുന്നതുപോലെ ബലഹീനരും പാപികളുമായ ഞങ്ങൾ നിന്നെ സ്തുതിക്കുന്നു” എന്ന് പൂർവ്വീക പുണ്യപിതാക്കൾ പറഞ്ഞുവെച്ചതിന്റെ അനുരണനമാണ് ഇന്ന് ഓരോ വിശ്വാസിയുടെയും ജീവിതത്തിൽ ലഭിക്കുന്ന ദിവ്യാരാധന.

മൺമറഞ്ഞ മലയാള കവി എൻ.എൻ. കക്കാടിന്റെ “സഫലമീയാത്ര'' എന്ന കാവ്യഗ്രന്ഥത്തിൽ “ധർമ്മവൃക്ഷം'' എന്നൊരു കവിതയുണ്ട്. രണ്ടു വൃക്ഷങ്ങളെക്കുറിച്ച് കവി അതിൽ പാടുന്നുണ്ട് - ആശയം മഹാഭാരതത്തിൽ നിന്ന് നിഷ്പന്നമാണ്. ധർമ്മ വൃക്ഷം വളരെ ശോഷിച്ചു പോകുന്നു. അധർമ്മവൃക്ഷം ശാഖോപശാഖകളായി, ആയിരക്കണക്കിന് ശാഖകളോടെ, തഴച്ചു വളരുന്നു.

ഈ ധർമ്മശോഷണമല്ലേ ക്രിസ്തീയ ജീവിതത്തിൽ ഇന്ന് സംഭവിച്ചിരിക്കുന്നത്? വീര്യംകെട്ട വിശ്വാസികൾ, ഭക്തിയുടെ വേഷം ധരിച്ച് അതിന്റെ സ്ഥാനത്ത് ആചാരങ്ങളും അനു

ഷ്ഠാനങ്ങളും കൊടികുത്തിവാഴുന്ന സമുദായ മേഖലകൾ! ഈ പശ്ചാത്തലത്തിലാണ് സഭാസമുദായ ഭേദമില്ലാതെ ദിവ്യാരാധനയ്ക്ക് ഓരോ വിശ്വാസിയും തന്നെത്തന്നെ ശുദ്ധീകരിക്കേണ്ടത്.

ഈ ആശയങ്ങൾക്ക് നിറം പിടിപ്പിക്കാനുള്ള എളിയ ഉദ്യമമാണ് "ദിവ്യാരാധന"നയിലെ ഓരോ പ്രസംഗവും. അതിന്റെ അനുഭവസംവേദനക്ഷമത അനുവാചകരുടെ പ്രതികരണത്തിൽ നിന്നാണറിയുന്നത്.

ഈ ഗ്രന്ഥത്തിന് വളരെ ആശയസംപുഷ്ടമായ ഒരു അവതാരിക എഴുതിത്തന്ന ഡോ. സി.കെ. ഈപ്പൻ (ഡയറക്ടർ ആന്റ് ചീഫ് ഫിസിഷ്യൻ, മെഡിക്കൽ മിഷ്യൻ ഹോസ്പിറ്റൽ, കോലഞ്ചേരി) അവതാരികയിൽകൂടെ എന്നെ അനുഗ്രഹിക്കയാണ് ചെയ്തിട്ടുള്ളത്. ഡോ. ആൽബർട്ട് ഷൈറ്റ്സറിനെക്കുറിച്ച് പണ്ട് പറഞ്ഞതുപോലെ എല്ലായ്പോഴും എനിക്ക് തോന്നിയിട്ടുണ്ട്. ക്രിസ്തുവിന്റെ സ്നേഹം, സൗമ്യത, ശാന്തത, ആർജ്ജവം, () ലാളിത്യം മുതലായ വിശിഷ്ട ഗുണങ്ങൾ അദ്ദേഹത്തിന്റെ മികവുറ്റ ഭിഷഗ്വര വൈദഗ്ദ്ധ്യത്തെ സംബന്ധിച്ചിടത്തോളം തങ്കത്തിന് സുഗന്ധം ലഭിച്ചതുപോലുള്ള പ്രതീതിയാണ് എന്റെ ഹൃദയത്തിനേകുന്നത്. അദ്ദേഹത്തോടുള്ള എന്റെ ഹൃദയംഗമമായ കൃതജ്ഞത ഞാനിത്തരുണത്തിൽ പ്രകാശിപ്പിച്ചുകൊള്ളട്ടെ.

ഈ ഗ്രന്ഥത്തിന്റെ പ്രൂഫ്റീഡിംഗ്, അച്ചടി, പ്രകാശനം മുതലായ അനേക കാര്യങ്ങളിൽ നിസ്വാർത്ഥ സേവനം പുലർത്തിയ അനേകം സുഹൃത്തുക്കളുണ്ട്. അവരോടെല്ലാവരോടും വിശിഷ്യ ശ്രീ. അഞ്ചി എൻ കൊല്ലംപറമ്പ് (ജോയിന്റ് ജനറൽ മാനേജർ, കിറ്റ്കോ, എറണാകുളം) ശ്രീ. എ. ജെ. അബി (ജനറൽ മാനേജർ, റ്റി.സി.എം., കളമശ്ശേരി), ശ്രീ.

തമ്പി (ക്രിസ്ത്യൻ ബുക്ക് സെന്റർ, എറണാകുളം സൗത്ത്, എറണാകുളം) ശ്രീ. മാത്യൂസ് (അക്കൗണ്ട്സ് ഓഫീസർ, ടെലഫോൺസ്, എറണാകുളം) എന്നിവരോട് എനിക്കുള്ള നിസ്സീമമായ നന്ദി ഞാൻ ഇവിടെ പ്രകാശിക്കുകയാണ്.

എന്റെ മറ്റു പുസ്തകങ്ങൾക്ക് നൽകിയ ആവേശോജ്വലമായ സ്വീകരണം ഈ പന്ത്രണ്ടാമത്തെ പുസ്തകത്തിനും നൽകും എന്ന ആശയോടും പ്രതീക്ഷയോടും കൂടെ ഈ "ദിവ്യാരാധന" എന്റെ ബഹുമാന്യ സഹോദരീസഹോദന്മാരുടെ സ്നേഹമാർന്ന കൈകളിലേക്ക് ഞാനിതാ ഭരമേല്പിക്കുകയാണ്.

നിങ്ങളുടെ സ്വന്തം,

**എം.വൈ. യോഹന്നാൻ**

## ഒന്ന്

"ദൈവം ആത്മാവ് ആകുന്നു, അവനെ നമസ്ക്കരിക്കുന്നവർ (ആരാധിക്കുന്നവർ) ആത്മാവിലും സത്യത്തിലും നമസ്ക്കരിക്കേണം."

എഫെസ്യർ 6 : 12

ദൈവത്തോടുള്ള സ്നേഹവും നന്ദിയുമാണ് ആരാധനയുടെ ഉറവിടം. ഹൃദയം നിറഞ്ഞുള്ള സ്നേഹവും നന്ദിയും ഇല്ലാതെ നടത്തുന്ന ആരാധന കേവലം അനുഷ്ഠാനമോ ചടങ്ങോ മാത്രം ആയിരിക്കും. തൻമൂലം ആരാധനയുടെ സൗഭാഗ്യമോ ആദരണീയമായ ചലനമുളവാക്കുന്നു.

ആത്മാവിലുള്ള ആരാധന സത്യത്തിലുള്ള ആരാധനയാണ്. True worship അഥവാ സാക്ഷാത്തായ ആരാധന ഹൃദയത്തിൽ നിന്ന് പുറപ്പെടുന്നു. അത് ഹൃദയത്തെ സ്പർശിക്കുന്നു. അത് ജീവിതത്തെ രൂപാന്തരപ്പെടുത്തുന്നു. അത് മറ്റുള്ളവരിൽ ആദരണീയമായ ചലനമുളവാക്കുന്നു.

സങ്കീർത്തനക്കാരനായ ദാവീദ് അപ്രകാരമുള്ള ആരാധ നയെ കുറിച്ച് നാല്പതാം സങ്കീർത്തനത്തിൽ മധുരമായി പാടിയിട്ടുണ്ട്.

> "ഞാൻ യഹോവയ്ക്കായി കാത്തുകാത്തിരു ന്നു. അവൻ എങ്കലേക്ക് ചാഞ്ഞ് എന്റെ നിലവി ളികേട്ടു. നാശകരമായ കുഴിയിൽ നിന്നും കുഴഞ്ഞ ചേറ്റിൽ നിന്നും അവൻ എന്നെ കയറ്റി. എന്റെ കാലുകളെ ഒരു പാറമേൽ നിർത്തി, എന്റെ ഗമ നത്തെ സ്ഥിരമാക്കി. അവൻ എന്റെ വായിൽ പുതിയോരു പാട്ടു തന്നു, നമ്മുടെ ദൈവത്തിന്നു സ്തുതി തന്നേ, പലരും അതു കണ്ട് ഭയപ്പെട്ട് യഹോവയിൽ ആശ്രയിക്കും." സങ്കീ. 40 : 1 – 3

ഉള്ളം തിങ്ങുന്ന നന്ദിയിൽ നിന്നാണ് ദാവീദ് ഈ സങ്കീർത്തനം ആലപിക്കുന്നത്. പാപത്തിന്റെ ആഴമുള്ള കുഴി യിലും നിരാശയുടെ കുഴഞ്ഞ ചേറ്റിലും കിടന്നു വലഞ്ഞ കാലത്തേക്ക് ദൈവപൈതൽ തിരിഞ്ഞു നോക്കുകയാണ്.

ഒരിക്കലും സംഭവിക്കരുതാത്ത മഹാപാപത്തിൽ വീണു പോയ ദാവീദ് കുറ്റബോധമില്ലാതെ ഒരു വർഷത്തോളം കഴി ഞ്ഞു. പാപബോധമില്ലാതിരുന്നതിനു കാരണം സ്വന്തം പാപ ത്തിന് പല ന്യായീകരണങ്ങൾ കണ്ടെത്തിയതായിരുന്നു.

Self justificaion – സ്വയനീതീകരണം – ഹൃദയത്തെ കല്ലിപ്പി ക്കും. ഹൃദയത്തിന്റെ ആർദ്രത നഷ്ടപ്പെടുത്തും. ഊരിയാവ് മരിച്ചതിനും ബേത്ശേബയെ ഭാര്യയാക്കിയതിനും മറ്റും ദാവീ ദിന് ചില നീതീകരണങ്ങൾ ഉണ്ടായിരുന്നു. ദാവീദിന്റെ സ്വന്തം ജീവിതത്തിലെ ജഡമോഹവും വ്യഭിചാരവും മനപ്പൂർവ്വം മറ ന്നുകൊണ്ട് സ്വന്തം തെറ്റുകളെ സ്വയം മറയ്ക്കാൻ ശ്രമിക്കു കയാണ്.

ഊരിയാവ് യുദ്ധരംഗത്തുവെച്ച് ശത്രുക്കളുടെ വാളിന്നിരയായി, ഭർത്താവ് മരിച്ച ഒരു സ്ത്രീയെ ഭാര്യയായെടുത്തു എന്നിങ്ങനെ അനേകം സ്വതനീതീകരണങ്ങൾ ഉണ്ടായിരുന്നതുകൊണ്ടാണ് ദാവീദിന് കുറ്റബോധം ലഭിക്കാതിരുന്നത്.

എന്നാൽ ദൈം അന്തരിന്ദ്രിയങ്ങളെ ശോധന ചെയ്യുന്നുവല്ലൊ. ദൈവത്തിന്റെ കണ്ണിൻമുമ്പിൽ ഒന്നും മറഞ്ഞിരിക്കുന്നില്ല. എല്ലാം നഗ്നവും മലർന്നതുമായി കിടക്കുന്നു. അവന്ന് മറഞ്ഞിരിക്കുന്നത് ഒന്നുമില്ല. “മനുഷ്യൻ പുറമേയുള്ളത് നോക്കുന്നു, യഹോവയോ ഹൃദയങ്ങളെ നോക്കുന്നു.”

മനം തകരാതിരുന്ന ദാവീദിന്റെ അരികിലേക്ക് ദൈവം ദൈവം നാഥാൻ പ്രവാചകനെ അയച്ചു. പ്രവാചകന്റെ നാവിലൂടെ സംസാരിച്ച നിത്യനായ ദൈവം ദാവീദിന്റെ നേരെ വ്യക്തമായി പറഞ്ഞു :

“ആ മനുഷ്യൻ നീ തന്നേ.” 2 ശമൂ. 12 : 7

ദൈവത്തിന്റെ പരിശുദ്ധാത്മാവ് എന്നും അങ്ങനെയാമ്. മുഖപക്ഷമില്ലാതെ പാപം ചൂണ്ടിക്കാണിക്കും. പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ബോധം വരുത്തും.

അങ്ങനെയാണല്ലൊ പരിശുദ്ധപിതാക്കൻമാർ പരിശുദ്ധാത്മാവിനെക്കുറിച്ച് പറഞ്ഞിരിക്കുന്നത് :

“സകലത്തെയും ജീവിപ്പിക്കുന്ന കർത്താവും പിതാവിൽ നിന്ന് പുറപ്പെട്ട് പിതാവിനോടും പുത്രനോടും കൂടെ വന്ദിക്കപ്പെട്ട് സ്തുതിക്കപ്പെടുന്നവനും നിബിയൻമാരും ശ്ലീഹൻമാരും മുഖാന്തിരം സംസാരിച്ചവനുമായി ജീവനും വിശുദ്ധിയുമുള്ള ഏക റൂഹാ” പ്രവാചകൻമാരിൽ കൂടെ സംസാരിക്കുന്നവനാണ്.

നാഥാൻ പ്രവാചകന്റെ വാക്കുകൾ ദാവീദിന് കുറ്റബോധം നൽകി. "നീ ഹിത്യനായ ഊരിയാവെ വാൾകൊണ്ട് വെട്ടി. അവന്റെ ഭാര്യയെ നിനക്ക് ഭാര്യയായിട്ടെടുത്തു."

ദാവീദ് ഊരിയാവിനെ വെട്ടിയില്ല. ദാവീദ് അന്ന് ഊരിയാവ് ശത്രുവിന്റെ വെട്ടേറ്റ് മരിക്കുമ്പോൾ കൊട്ടാരത്തിൽ തന്നെയായിരുന്നു. ദൈവം ഹൃദയമാണ് കാണുന്നത്. ദാവീദിന്റെ നിഗൂഢോദ്ദേശങ്ങൾ മറ്റധികമാരും അറിഞ്ഞില്ല. പക്ഷേ ദൈവം അറിഞ്ഞു ദാവീദ് സേനാനായകനായ യോവാബിന് കൊടുത്തയച്ച എഴുത്തിൽ എഴുതിയിരുന്നു :

> "പട കഠിനമായിരിക്കുന്നേടത്ത് ഊരിയാവെ മുന്നണിയിൽ നിറുത്തി അവൻ വെട്ടുകൊണ്ടു മരിക്കത്തക്കവണ്ണം അവനെവിട്ട് പിൻമാറുവിൻ."
>
> 2 ശമു. 11 : 15

അതുകൊണ്ടാണ് ദൈവം അരുളിച്ചെയ്തത് :

> "ഹിത്യനായ ഊരിയാവെ വാൾകൊണ്ട് വെട്ടി അവന്റെ ഭാര്യയെ നിനക്ക് ഭാര്യയായിട്ടെടുത്തു...."
>
> 2 ശമൂവേൽ 12 : 9

പരിശുദ്ധാത്മാവിന്റെ തർജ്ജനത്തിനുമുമ്പിൽ ദാവീദ് വിനയപ്പെട്ടു. ദാവീദിന് കുറ്റബോധമുണ്ടായി. "യഹോവയോടു ഞാൻ പാപം ചെയ്തുപോയി" എന്ന് ദാവീദ് കുറ്റം ഏറ്റു പറഞ്ഞു. അരിഷ്ടതയോടും തകർന്ന മനസ്സോടും കൂടി ദാവീദ് അനുതപിച്ചു. അൻപത്തൊന്നാം സങ്കീർത്തനത്തിൽ ദാവീദിന്റെ പശ്ചാത്താപത്തിന്റെയും അനുതാപത്തിന്റെയും പ്രാർത്ഥനയും കേൾക്കാം.

> "എന്നെ നന്നായി കഴുകി എന്റെ അകൃത്യം പോക്കേണമേ. എന്റെ പാപം നീക്കി എന്നെ

വെടിപ്പാക്കേണമേ.... നിന്നോടു തന്നെ ഞാൻ പാപം ചെയ്തു. നിനക്ക് അനിഷ്ടമായുള്ളത് ഞാൻ ചെയ്തിരിക്കുന്നു. നിന്റെ രക്ഷയുടെ സന്തോഷം എനിക്ക് തിരികെ തരേണമേ. രക്തപാതകത്തിൽ നിന്ന് എന്നെ രക്ഷയുടെ സന്തോഷം എനിക്ക് തിരികെ തരണമേ. രക്തപാതകത്തിൽ നിന്ന് എന്നെ വിടുവിക്കേണമേ. എന്റെ ലംഘനങ്ങളെ ഞാൻ അറിയുന്നു. എന്റെ പാപം എപ്പോഴും എന്റെ മുമ്പിൽ ഇരിക്കുന്നു. ഞാൻ നിർമ്മലനാകേണ്ടതിന് ഈസോപ്പുകൊണ്ട് എന്നെ ശുദ്ധീകരിക്കേണമേ. ഞാൻ ഹിമത്തേക്കാൾ വെളുക്കേണ്ടതിന് എന്നെ കഴുകേണമേ."

അകമുലഞ്ഞ്, ഉള്ളുരുകി, ദൈവദാസൻ പ്രാർത്ഥിക്കുകയാണ്. പാപങ്ങൾ ഏറ്റുപറഞ്ഞുപേക്ഷിച്ച്, മേലിൽ പാപം വരികയില്ലെന്നുള്ള ദൃഢനിശ്ചയത്തോടെ അനുതപിക്കുകയാണ്.

"തന്റെ ലംഘനങ്ങളെ മറെക്കുന്നവന് ശുഭം വരികയില്ല, അവയെ ഏറ്റുപറഞ്ഞുപേക്ഷിക്കുവന്നോ കരുണ ലഭിക്കും."

സദൃശ്യവാക്യങ്ങൾ 28 : 13

"രാത്രി മുഴുവനും എന്റെ കിടക്കയെ ഒഴുക്കുന്നു. കണ്ണുനീർകൊണ്ട് ഞാൻ എന്റെ കട്ടിലിനെ നനയ്ക്കുന്നു." സങ്കീ. 6 : 6

"എന്റെ ഹൃദയം അരിഞ്ഞ പുല്ലുപോലെ ഉണങ്ങിയിരിക്കുന്നു. ഞാൻ ഭക്ഷണം കഴിപ്പാൻ മറന്നുപോകുന്നു. എന്റെ ഞരക്കത്തിന്റെ ഒച്ച നിമിത്തം എന്റെ അസ്ഥികൾ മാംസത്തോട് പറ്റു

ന്നു. ഞാൻ മരുഭൂമിയിലെ വേഴാമ്പൽപോലെയാകുന്നു, ശൂന്യസ്ഥലത്തെ മൂങ്ങാപോലെ തന്നെ. ഞാൻ ഉറക്കിളെച്ചിരിക്കുന്നു, വീട്ടിൻമുകളിൽ തനിച്ചിരിക്കുന്ന കുരികിൽ പോലെ ആകുന്നു."

സങ്കീ. 102 : 4 – 7

ഇങ്ങനെ അനുതപിച്ച് പ്രാർത്ഥിച്ച ദാവീദ് ദൈവസന്നിധിയിൽ വ്യക്തമായ ചില പ്രതിഷ്ഠകൾ എടുത്തു.

"യഹോവേ, ദാവീദിനെയും അവന്റെ സകല കഷ്ടതയെയും ഓർക്കേണമേ. അവൻ യഹോവയുടു സത്യം ചെയ്തു യാക്കോബിന്റെ വല്ലഭന്നു നേർന്നതു എന്തെന്നാൽ : ഞാൻ യഹോവയ്ക്കു ഒരു സ്ഥലം, യാക്കോബിന്റെ വല്ലഭന്നു ഒരു നിവാസം കണ്ടെത്തുംവരെ ഞാൻ എന്റെ കൂടാരവീട്ടിൽ കടക്കയില്ല, എന്റെ ശയ്യമേൽ കയറി കിടക്കുകയുമില്ല. ഞാൻ എന്റെ കണ്ണിന്നു ഉറക്കവും എന്റെ കൺപോളക്കു മയക്കവും കൊടുക്കയില്ല."

സങ്കീ. 132 : 1 – 5

അനുതപിക്കുന്ന പാപിയുടെ നിലവിളി കേൾക്കുന്ന ദൈവം ദാവീദിനെ യഥാസ്ഥാനപ്പെടുത്തി. കരുണാനിധിയായ കർത്താവ് പാപങ്ങളെല്ലാം ക്ഷമിച്ചുകൊടുത്തു. അപ്പോൾ ദാവീദ് പാടി :

"ലംഘനം ക്ഷമിച്ചും പാപം മറെച്ചും കിട്ടിയവൻ ഭാഗ്യവാൻ. യഹോവ അകൃത്യം കണക്കിടാതെയും ആത്മാവിൽ കപടം ഇല്ലാതെയും ഇരിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ." സങ്കീ. 32 : 1 – 2

പാപം ക്ഷമിച്ചു കിട്ടിയതിന്റെ ആനന്ദലഹരിയിൽ ഉള്ളം

തിങ്ങുന്ന നന്ദിയോടെ പാടുന്ന സങ്കീർത്തനമാണ് നാല്പതാം സങ്കീർത്തനം.

> “ഞാൻ യഹോവയ്ക്കായി കാത്തുകാത്തിരുന്നു, അവൻ എങ്കലേക്ക് ചാഞ്ഞു എന്റെ നിലവിളി കേട്ടു. നാശകരമായ കുഴിയിൽ നിന്നും കുഴഞ്ഞ ചേറ്റിൽ നിന്നും അവൻ എന്നെ കയറ്റി. സങ്കീ. 40 : 1 – 2

പാപമോചനത്തിന്റെ സൗഖ്യത്തിൽ നിന്നാണ് സന്തോഷവും നന്ദിയും ഉരുത്തിരിയുന്നത്. അതിൽ നിന്നാണ് സ്തുതി ഉറവെടുക്കുന്നത്. അതാണ് സാക്ഷാൽ ആരാധന.

142-ാം സങ്കീർത്തനത്തിൽ ദാവീദ് പ്രാർത്ഥിച്ചു :

> “ഞാൻ നിന്റെ നാമത്തിന്നു സ്തോത്രം ചെയ്യേണ്ടതിന്നു എന്റെ പ്രാണനെ കാരാഗൃഹത്തിൽ നിന്ന് പുറപ്പെടുവിക്കേണമേ.” സങ്കീ. 142 : 7

പൈശാചികന്റെ കാരാഗൃഹത്തിൽ കിടക്കുന്ന ആത്മാവിന് സ്തോത്രമില്ല. പാപത്തിന്റെ ബന്ധനത്തിലിരിക്കുമ്പോൾ ആത്മാവിന്റെ ആരാധനയില്ല. ദൈവവുമായുള്ള വ്യക്തിപരമായ ബന്ധത്തിന്റെ സ്വാഭാവികമായ പരിണതിയാണ് സ്തുതി.

ക്രിസ്തു വരുന്നതിന്റെ ഉദ്ദേശം യെശയ്യാവ് അറുപത്തൊന്നാം അദ്ധ്യായം ഒന്നു മുതൽ മൂന്നുവരെ വാക്യങ്ങളിൽ വിവരിക്കുന്നുണ്ട്. ക്രിസ്തു ജനിക്കുന്നതിന് എഴുന്നൂറ്റമ്പതു വർഷം മുമ്പ് യെശയ്യാവ് പ്രവചിച്ചതാണിത് :

> “ഹൃദയം തകർന്നവരെ മുറികെട്ടുവാനും തടവുകാർക്കു വിടുതവും ബദ്ധൻമാർക്കു സ്വാതന്ത്ര്യവും അറിയിപ്പാനും..... ദുഃഖിതൻമാരെയൊ

> ക്കെയും ആശ്വസിപ്പിപ്പാനും സീയോനിലെ ദുഃഖി തൻമാർക്ക് വെണ്ണീറിനു പകരം അലങ്കാരമാലയും ദുഃഖത്തിന്നു പകരം ആനന്ദതൈലവും വിഷണ്ഡ മനസ്സിനു പകരം സ്തുതി എന്ന മേലാടയും കൊടുപ്പാനും അവൻ എന്നെ അയച്ചിരിക്കുന്നു."
>
> യെശയ്യാ. 61 : 1 – 3

വിഷണ്ഡമനസ്സിന്റെ സ്ഥാനത്ത് സ്തുതി എന്ന മേലാട ലഭിക്കുന്നു. ദുഃഖിതന്മാർക്ക് ആശ്വാസം ലഭിക്കുമ്പോഴാണ് സ്തുതി. തടവുകാർക്ക് വിടുതൽ ലഭിക്കുമ്പോഴാണ് സ്തുതി. ബന്ധനത്തിലിരിക്കുന്നവർക്ക് സ്വാതന്ത്ര്യം ലഭിക്കുമ്പോഴാണ് സ്തുതി. അതാണ് ആരാധന.

അറുപത്തൊന്നാം അദ്ധ്യായം അവസാനിക്കുന്നത് "യഹോവയായ കർത്താവ് സകലജാതികളും കാൺകെ നീതിയെയും സ്തുതിയെയും മുളപ്പിക്കും" എന്നു പറഞ്ഞുകൊണ്ടാമ്.

നീതി മുളയ്ക്കുമ്പോൾ സ്വാഭാവികമായും ഉളവാകുന്നതാണ് സ്തുതി. നീതികേട് മാറ്റികർത്താവ് മനുഷ്യനെ നീതിമാൻ എന്ന് അംഗീകരിക്കുന്നതാണ് നീതീകരണം. കുറ്റവാളിയെ കുറ്റമില്ലാത്തവൻ എന്നു വിധിക്കുന്ന സൗജന്യ കൃപയാണ് നീതീകരണം. സൗജന്യമായി നീതീകരണം ലഭിക്കുന്ന പാപി നിറഞ്ഞ സന്തോഷത്തോടെ നന്ദി കരേറ്റുന്നതാണ് സ്തുതി. അതാണ് സത്യത്തിന്റെ ആരാധന.

ഒരു മനുഷ്യൻ ഉണ്ടായിരുന്നു. അദ്ദേഹം എന്തു കേട്ടാലും ഉടനെ "സ്തോത്രം' എന്നു പറയുമായിരുന്നു. അദ്ദേഹം ഒരിക്കൽ ഒരു വീട്ടിൽ ചെന്നു. സ്വീകരണ മുറിയിൽ ഇരിക്കുമ്പോൾ അവിടെ കുട്ടികൾ പഠിക്കുന്ന പുസ്തകങ്ങൾ കണ്ടു. അതെടുത്ത് അലസമായി മറിച്ചു നോക്കിക്കൊണ്ടിരുന്നു.

ഉടനെ അദ്ദേഹം സ്തോത്രം എന്നു പറഞ്ഞു.

വീട്ടുകാരൻ ചോദിച്ചു : “കുട്ടികൾ പഠിക്കുന്ന ‘ഭൂമി ശാസ്ത്രം’ വായിച്ചിട്ട് സ്തോത്രം പറയുന്നതെന്താണ്? അത് വേദപുസ്തകമല്ലല്ലൊ.”

“ഇത് ഭൂമിസാസ്ത്രപുസ്തകമാണ്. ഇതിലൊരിടത്ത് ഞാൻ വായിച്ചു : അറ്റ്ലാന്റിക് സമുദ്രത്തിന് അയ്യായിരത്തിലേറെ അടി താഴ്ചയുണ്ടെന്ന്. അത് വായിച്ചപ്പോൾ ഞാൻ ഉടനെ സ്തോത്രം പറഞ്ഞു പോയതാണ്.”

“അറ്റ്ലാന്റിക് സമുദ്രത്തിന് അയ്യായിരം അടി താഴ്ചയുണ്ടെന്ന് വായിച്ചതിന് സ്തോത്രം പറയുന്നതെന്തിനാണ്?”

അത് മനസ്സിലായില്ലേ? വേദപുസ്തകത്തിൽ പറഞ്ഞിട്ടുണ്ട്.

> “അകൃത്യം ക്ഷമിക്കയും തന്റെ അവകാശത്തിൽ ശേഷിപ്പുള്ളവരോട് അതിക്രമം മോചിക്കയും ചെയ്യുന്ന നിന്നോട് സമാനമായ ദൈവം അരുളുന്നു?..... അവൻ നമ്മോട് വീണ്ടും കരുണ കാണിക്കും. നമ്മുടെ അകൃത്യങ്ങളെ ചവിട്ടിക്കളയും. അവരുടെ പാപങ്ങളെ ഒക്കെയും നീ സമുദ്രത്തിന്റെ ആഴത്തിലിട്ടുകളയും.” മീഖാ. 7 : 18 – 19

എന്റെ പാപങ്ങൾ അയ്യായിരത്തിലേറെ അടി ആഴത്തിൽ പോയി, ഇനി ഒരിക്കലും അവ പൊങ്ങിവരികയില്ലെന്നോർത്താണ് ഞാൻ സ്തോത്രം പറഞ്ഞത്.

പ്രിയ സ്നേഹിതരേ, ഈ പാപമോചനത്തിന്റെ സൗഖ്യം നിങ്ങൾ അനുഭവിക്കുന്നുണ്ടോ? എണ്ണിയാൽ തീരാത്ത പാപഹ്ങൾ കർത്താവ് മോചിച്ചു തന്നു എന്ന് നിങ്ങൾ വിശ്വസിക്കുന്നുണ്ടോ? പാപമില്ലാത്ത ക്രിസ്തു പാപിയായ നിനക്ക

വേണ്ടി തിരുരക്തം ചിന്തി എന്ന് വിശ്വസിക്കുന്നുവോ? ക്രിസ്തുവിന്റെ രക്തത്തിൽ കഴുകപ്പെടാത്ത ഒരു പാപവു മില്ല എന്ന് വാസ്തവമായി വിശ്വസിക്കുന്നുവോ? ക്രിസ്തു എനിക്കുവേണ്ടി ക്രൂശിൽ മരിച്ചതിനാൽ ഇന്നു മുതൽ ഞാനൊരു വിശുദ്ധനായി ജീവിക്കും എന്നൊരു തീരുമാനം ഇപ്പോൾ താങ്കളുടെ ഹൃദയത്തിൽ വരുന്നുവോ?

എങ്കിൽ സ്തുതിയ്ക്കാം. ആരാധന ആരംഭിക്കാം. നീതിയും സ്തുതിയും മുളയ്ക്കും. വിശുദ്ധിയുടെ ആരാധനയിൽ പങ്കു ചേരാം. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

## രണ്ട്

"ദൈവം ആത്മാവാകുന്നു. അവനെ നമസ്ക്കരിക്കുന്നവർ. ആത്മാവിലും സത്യത്തിലും നമസ്ക്കരിക്കേണം." യോഹ. 4 : 24

സ്തുതിയാണ് ആരാധന. സ്തോത്രമാണ് ആരാധന. സത്യാരാധന അനുഗ്രഹങ്ങളും സമാധാനവും ബലിയും സ്തോത്രവുമാണ്. സ്തുതിയാകുന്ന ബലിയണയ്ക്കുന്നതാണ് ആരാധന. സ്തുതിയും സ്തോത്രവുമാകുന്ന ബലിയണച്ച് കർത്തൃപ്രകാരത്തിൽ നിർമ്മലമായ കാഴ്ചയോടുകൂടി തന്നെത്തന്നെ അർപ്പണം ചെയ്യുന്നതാണ് ആരാധന.

സ്തുതിയെന്നോ സ്തോത്രമെന്നോ ഹല്ലേലുയ്യാ എന്നോ Praise the lord എന്നോ പറയുകമാത്രം ചെയ്യുന്നത് സത്യത്തിന്റെയും ആത്മാവിന്റെയും ആരാധനയല്ല. ഹൃദയത്തിൽ നിറഞ്ഞു നിൽക്കുന്ന നന്ദിയുടെ ഉറവ പൊട്ടി ഉയരുന്ന

താണ് ആരാധന.

ദാവീദ് പറഞ്ഞു :

> “നമ്മുടെ താഴ്ചയിൽ നമ്മെ ഓർത്തവന്ന് സ്തോത്രം ചെയ്‌വിൻ, അവന്റെ ദയ എന്നേയ്ക്കുമുള്ളത്.” സങ്കീ. 136 : 23

> “ഏകനായി മഹാത്ഭുതങ്ങളെ പ്രവർത്തിക്കുന്നവന്ന് സ്തോത്രം ചെയ്‌വിൻ, അവന്റെ ദയ എന്നേയ്ക്കുമുള്ളത്.” സങ്കീ. 136 : 4

ഹൃദയത്തിലെ നന്ദിയും സന്തോഷവും ദൈവത്തോടുള്ള കടപ്പാടും തിങ്ങിയപ്പോൾ ദാവീദ് പാടി :

> “എന്റെ മനമേ, യഹോവയെ വാഴ്ത്തുക, എന്റെ സർവ്വാന്തരം ഗവുമേ, അവന്റെ വിശുദ്ധ നാമത്തെ വാഴ്ത്തുക. എൻ മനമേ, യഹോവയെ വാഴ്ത്തുക. അവന്റെ ഉപകാരങ്ങളൊന്നും മറക്കരുത്. അവൻ നിന്റെ അകൃത്യമൊക്കെയും മോചിക്കുന്നു. നിന്റെ സകല രോഗങ്ങളെയും സൗഖ്യമാക്കുന്നു.” സങ്കീ. 103 : 1 – 3

> “അവന്റെ യഹോവയെ എല്ലാക്കാലത്തും വാഴ്ത്തും. അവന്റെ സ്തുതി എപ്പോഴും എന്റെ നാവിൻമേൽ ഇരിക്കും.” സങ്കീ. 34 : 1

> “യഹോവ എന്റെ ശൈലവും എന്റെ കോട്ടയും എന്റെ രക്ഷകനും എന്റെ ദൈവവും ഞാൻ ശരണമാക്കുന്ന എന്റെ പാറയും എന്റെ പരിചയും എന്റെ രക്ഷകനായ കൊമ്പും എന്റെ ഗോപുരവും ആകുന്നു... മരണപാശങ്ങൾ എന്നെ ചുറ്റി.

അഗാധപ്രവാഹങ്ങൾ എന്നെ ഭ്രമിപ്പിച്ചു. പാതാള പാശങ്ങൾ എന്നെ വളഞ്ഞു. മരണത്തിന്റെ കണി കളും എന്നെ തുടർന്നു പിടിച്ചു."

സങ്കീ. 18 : 2 - 5

"എന്റെ മനമേ, നീ വീണ്ടും സ്വസ്ഥമായിരിക്ക, യഹോവ നിനക്ക് ഉപകാരം ചെയ്തിരിക്കുന്നു. നീ എന്റെ പ്രാണനെ മരണത്തിൽ നിന്നും എന്റെ കണ്ണിനെ കണ്ണുനീരിൽ നിന്നും എന്റെ കാലിനെ വീഴ്ചയിൽ നിന്നും രക്ഷിച്ചിരിക്കുന്നു.... യഹോവ എനിക്കു ചെയ്ത സകല ഉപകാരങ്ങൾക്കും ഞാൻ അവന്ന് എന്തു പകരം കൊടുക്കും?..... നീ എന്റെ ബന്ധനങ്ങളെ അഴിച്ചിരിക്കുന്നു. ഞാൻ നിനക്ക് സ്തോത്രയാഗം കഴിച്ച് യഹോവയുടെ നാമം വിളിച്ചപേക്ഷിക്കും."

സങ്കീ. 116 : 7 - 16 - 17

"നിനക്കു സ്തോത്രം ചെയ്‌വാൻ ഞാൻ അർദ്ധരാത്രിയിൽ എഴുന്നേൽക്കും." സങ്കീ. 119 : 62

"നിന്റെ നീതിയുള്ള വിധികൾ നിമിത്തം ഞാൻ ദിവസം ഏഴു പ്രാവശ്യം നിന്നെ സ്തുതിക്കുന്നു." 119 : 164

ആത്മാവിൽ ജീവനുള്ളതിന്റെ ലക്ഷണമാണ് സ്തുതി. 'ജീവനുള്ളതൊക്കെയും യഹോവയെ സ്തുതിക്കട്ടെ" എന്ന് 150 - ാം സങ്കീർത്തനത്തിൽ നാം വായിക്കുന്നു.

പാപത്തിന്റെ ശമ്പളമാണ് മരണം. പാപം ക്ഷമിച്ചു കിട്ടുമ്പോൾ ജീവൻ ലഭിക്കുന്നു. ജീവന്റെ തുടിപ്പാണ് സ്തുതി. അതാണ് ആത്മാവിലും സത്യത്തിലുമുള്ള ആരാധന.

1

യരുശലേമിൽ നിന്ന് ദൈവജനത്തെ ബാബേൽരാജാവായ നെബൂഖദ്നേസർ അടിമകളായി കൊണ്ടുപോയി. അവർ ബാബേൽ നദികളുടെ തീരത്ത് ഇരുന്നു. നഷ്ടപ്പെട്ടുപോയ ആരാധനയും ആരാധനാസ്ഥലമായ യരുശലേമും എല്ലാം ഓർത്ത് അവർ കരഞ്ഞു. അവർ തങ്ങളുടെ കിന്നരങ്ങളെ അലരിവൃക്ഷങ്ങളിൽ തൂക്കിയിട്ടുകൊണ്ട് വിഷാദമഗ്നരായി ഇരുന്നു.

അവരെ അടിമകളാക്കി കൊണ്ടുപോയ ബാബേൽക്കാർ അവരോടു പറഞ്ഞു : “നിങ്ങൾ നന്നായി പാടുന്നവരാണെന്ന് കേട്ടിട്ടുണ്ടല്ലൊ. നിങ്ങളുടെ സീയോൻ ഗീതങ്ങളിൽ ഒന്ന് ചൊല്ലാമോ?”

> “ഞങ്ങൾ യഹോവയുടെ ഗീതം അന്യദേശത്ത് പാടുന്നതെങ്ങനെ?” സങ്കീ. 137 : 4

ശത്രുമണ്ഡലത്തിലിരുന്നുകൊണ്ട് ആരാധന സാദ്ധ്യമല്ല. ശത്രുവിന്റെ ബന്ധനത്തിലിരുന്നുകൊണ്ട് ആരാധന സാദ്ധ്യമല്ല. അതുകൊണ്ടാണ് മോശ ഫറവോനോട് പറഞ്ഞത് :

> “എന്നെ ആരാധിപ്പാൻ എന്റെ ജനത്തെ വിട്ടയയ്ക്ക എന്ന് യഹോവ അരുളിച്ചെയ്യുന്നു.”
> പുറപ്പാട് 5 : 1, 8 : 1

മാന്യസ്നേഹിതാ, നിനക്ക് സത്യാരാധന ഉണ്ടോ? നീ ഇന്ന് പാപത്തിന്റെയും പിശാചിന്റെയും ബന്ധനത്തിലല്ലേ? നിന്റെ അധരങ്ങൾ ശത്രു പൂട്ടിയിട്ടിരിക്കുകയാണോ? സ്തുതി നിലച്ചിരിക്കുകയാണോ? സത്യത്തിലുള്ള ഒരു ആരാധനയ്ക്ക് നിനക്ക് കൊതിയുണ്ടോ?

എങ്കിൽ ഇപ്പോൾ ഇരിക്കുന്ന ഇരിപ്പിൽ നീ ക്രിസ്തുവിനോടു പറയൂ : “കർത്താവേ, എന്റെ ബന്ധനങ്ങളോട് ഞാൻ

യാത്ര പറയുന്നു. എന്റെ പാപങ്ങളെ ഞാൻ ഉപേക്ഷിക്കുന്നു. സാത്താനെയും അവന്റെ സൈന്യത്തെയും ഞാൻ ഉപേക്ഷിക്കുന്നു. മേലിൽ പാപം ജീവിതത്തിൽ വരികയില്ലെന്ന് ഞാനിതാ തീരുമാനിക്കുന്നു. ദാവീദിന്റെ പൂട്ടപ്പെട്ടുപോയ അധരങ്ങളെ തുറന്ന് വീണ്ടും സ്തുതി നൽകിയ ജീവനുള്ള ദൈവമേ, എന്റെ ബന്ധനങ്ങളഴിക്കണമേ. എനിക്ക് സ്തുതി നൽകണമേ.

സ്തുതിയുടെ മാധുര്യം നിറവോടെ അനുഭവിക്കുന്ന ഒരു ദൈവപൈതലാണ് ഇപ്പോൾ ന്യൂയോർക്കിൽ സ്ഥിരതാമസമാക്കിയിരിക്കുന്ന മഴുവന്നൂർ ചമ്പിലിലെ മിസ്റ്റർ ബേബി വറുഗീസ്. നാട്ടിൽ വന്നിരിക്കുന്ന ഈ സമയം ബേബിയുടെ ജീവിതാനുഭവങ്ങൾ ഒന്ന് ചോദിച്ചറിയാം.

സ്തുതിയുടെ മാധുര്യം ലഭിക്കുന്നതിനിടയാക്കിയ സാഹചര്യം ഒന്ന് വിശദീകരിക്കാമോ?

സാർ എന്നെ കോലഞ്ചേരി കോളേജിൽ പ്രീഡിഗ്രിക്ക് പഠിപ്പിച്ചിട്ടുണ്ട്. പ്രീഡിഗ്രി കഴിഞ്ഞതിനുശേഷം ഞാൻ മൂവാറ്റുപുഴ നിർമ്മലകോളേജിൽ ബി. കോമിനും എം.കോമിനും പഠിച്ചു. എന്റെ വീട്ടിൽ നമസ്ക്കാരവും നോമ്പും പ്രാർത്ഥനകളും പള്ളിയാരാധനയും എല്ലാം ഉണ്ടായിരുന്നു. എന്നാൽ എന്റെ അപ്പനും അമ്മയും പോകുന്ന ഭക്തിയുടെ മാർഗ്ഗം എനിക്ക് സ്വീകാര്യമായിരുന്നില്ല. ചെറുപ്പക്കാർ ലോകമോഹങ്ങളിലും വെറിക്കൂത്തുകളിലും സിനിമാക്കമ്പത്തിലും എല്ലാം മുഴുകിയുന്നതുപോലെ ഞാനും ജീവിച്ചു.

ദൈവം ഇല്ല എന്നുപോലും ആ കാലത്ത് എനിക്ക് തോന്നിയിരുന്നു. പുറമേ നല്ല മര്യാദക്കാരനായും മാന്യനായും കാണപ്പെടുന്നതിന് ഞാനൊരുവിധം അഭിനയിച്ച് ജീവിച്ചിരുന്നു. എങ്കിലും ഹൃദയം നിറയെ അശുദ്ധമോഹങ്ങളും

ദുർവ്വികാരങ്ങളും പിടിവാശിയും ദുശ്ശാഠ്യവും നീരസവും എല്ലാമായിരുന്നു.

എന്നാൽ ആ കാലത്ത് എനിക്ക് ഒരു സമാധാനവും ഉണ്ടായിരുന്നില്ല. ഹൃദയം ആകെ അസ്വസ്ഥതയായിരുന്നു. എപ്പോഴും ദേഷ്യവും പരാതിയും പരിഭവവും എന്റെ ഹൃദയം നിറയെയുണ്ടായിരുന്നു.

ഇതിൽ നിന്നെല്ലാം മോചനം ലഭിച്ചതെങ്ങനെയാണ്?

അതൊരു മഹാത്ഭുതമാണ്. ദൈവത്തിന്റെ ആത്മാവ് മുഴുവന്നൂർ, വലമ്പൂർ പ്രദേശങ്ങളിൽ ആത്മീയ ഉണർവ്വ് പകർന്ന ഒരു കാലമായിരുന്നു അത്. അന്ന് ഞാനതിലൊന്നും പങ്കെടുക്കാതെ മാറിക്കഴിയുകയായിരുന്നു. സാറ് എന്നെ പഠിപ്പിച്ചിരുന്നപ്പോൾ എനിക്ക് വളരെ ബഹുമാനവും സ്നേഹവുമായിരുന്നെങ്കിലും സാർ ഈ തിരുവചനം സംസാരിക്കുന്നതിൽ എനിക്ക് പുച്ഛവും നിന്ദയും മറ്റുമായിരുന്നു.

അന്നൊരു ദിവസം എന്റെ വീട്ടിനടുത്ത് എനിക്ക് ബന്ധമുള്ള ഒരു വീട്ടിൽ സാറും മറ്റു ചില ദൈവമക്കളും വരുന്നു എന്ന് കേട്ടു. സാർ മറ്റെവിടെയോ ഒരു യോഗത്തിൽ പ്രസംഗിച്ചിട്ട് തിരിച്ചു പോകുന്നവവഴിക്ക് വളരെ വൈകി മാത്രമേ അവിടെ വരികയുള്ളൂ എന്നും കേട്ടു. എന്റെ അടുത്തുള്ള ചില ആളുകൾ എന്നെ ആ യോഗത്തിലേക്ക് ക്ഷണിച്ചു. ചിലർ എന്നെ നിർബ്ബന്ധിച്ചു. പക്ഷേ, ഞാൻ പറഞ്ഞു.

“എനിക്ക് പള്ളിയും പള്ളിയിലെ വി. കുർബ്ബാനയും എല്ലാം ഉണ്ട്. പിന്നെ അതിന്നപ്പുറം ഒരു വീട്ടിൽ യോഗത്തിനു പോകേണ്ട ആവശ്യം എനിക്കില്ല.”

ഞാൻ യോഗത്തിനു പോകുന്നില്ല എന്നുറച്ച് വീട്ടിലിരിക്കുകയായിരുന്നു. പക്ഷേ, രാത്രി ഒൻപതുമണി കഴിഞ്ഞുകാ

[redacted]

13

ണും, ഞാൻ ആ വീട്ടിലേക്കു ചെന്നു. പതിനൊന്നുമണി കഴിഞ്ഞപ്പോൾ സാറ് വന്നു. അവിടെ അൻപതിലേറെ ആളുകൾ ഉണ്ടായിരുന്നില്ല. സാറും അവിടെ താഴെ ഇരുന്നുകൊണ്ട് പത്ത്, പതിനഞ്ച് മിനിട്ടുനേരം സംസാരിച്ചു. വലിയ പ്രസംഗമൊന്നുമായിരുന്നില്ല.

ഞാൻ പെട്ടെന്ന് അവിടെയിരുന്ന് പൊട്ടിക്കരഞ്ഞു. അഗാധമായകുറ്റബോധം എനിക്കുണ്ടായി. ഞാനതുവരെയും അനുഭവിച്ചിട്ടില്ലാത്ത ഒരു പുതിയ സ്നേഹം എന്റെ ഉള്ളിലേക്ക് കടന്നു വന്നു. എനിക്ക് കരച്ചിൽ അടക്കാൻ കഴിഞ്ഞില്ല. സാറ് എന്റെ അടുത്തുവന്ന് എനിക്കു പ്രാർത്ഥന ചൊല്ലിത്തവന്നു. ഞാൻ ആ സമർപ്പണ പ്രാർത്ഥന ചൊല്ലി ജീവിതം അരുമരക്ഷകനായ ക്രിസ്തുവിന്റെ കൈകളിലേക്ക് കൊടുത്തു. അന്ന് രാത്രി അവിടെ കൂടിയിരുന്ന അനേകം പേർ സമർപ്പിച്ചു.

സമർപ്പണത്തിനുശേഷം ഞാൻ ഉച്ചത്തിൽ സ്തുതിക്കാൻ തുടങ്ങി. ഒരു പ്രത്യേക സുഖമോ സന്തോഷമോ സമാധാനമോ എല്ലാം എന്റെ ഹൃദയത്തിൽ നിറഞ്ഞു.

അതിനുശേഷമുള്ള അനുഭവമെന്തായിരുന്നു?

കുറെക്കാലം ആ സന്തോഷത്തിലും സ്തുതിയിലും കഴിഞ്ഞു. ക്രമേണ ഞാൻ പയ്യെപ്പയ്യെ പാപത്തിലേക്കിറങ്ങിപ്പോയി. പഴയ ദുശ്ശീലങ്ങ്ഹളും ദുർമ്മോഹങ്ങളുമെല്ലാം എന്റെ ജീവിതത്തിലേക്ക് കടന്നുവന്നു. ഒരു നല്ല ജോലി ലഭിക്കാത്തതിന്റെ നിരാശ, എന്റെ ശരീരത്തിൽ ഉണ്ടായ രോഗം, അനേകനാൾ ഹോസ്പിറ്റലിൽ കിടന്നിട്ടും മാറാതെ നിന്ന അസുഖം ഇവയെല്ലാം കൊണ്ട് കടുത്ത നിരാശയിലായി.

[redacted]

1

അങ്ങനെയിരിക്കെയാണ് വളരെ യാദൃശ്ചികമായി അമേരിക്കയിൽ പോകാനൊരവസരം എനിക്ക് ലഭിച്ചത്. അമേരിക്കയിൽ ചെന്നിട്ട് മൂന്നു വർഷത്തിലേറെ ആത്മാവിന്റെ ഒരനുഭവവുമില്ലാതെ ഞാനവിടെ ജീവിച്ചു. നല്ല ശമ്പളവും വരുമാനവുമെല്ലാം ലഭിച്ചെങ്കിലും മനസ്സാകെ അസ്വസ്ഥമായിരുന്നു.

അവിടെ ഒരു കൂട്ടായ്മ തുടങ്ങണമെന്ന് അവിടെയുള്ള ചില ദൈവമക്കൾ ആഗ്രഹിക്കുന്ന ഒരു സമയമായിരുന്നു. എനിക്കും ആ ആഗ്രഹം ഉണ്ടായി. തൻമൂലം ഞങ്ങൾ അവിടെ ഒരു പ്രാർത്ഥനാ യോഗം തുടങ്ങി. ആ കാലത്ത് ഈ കൂട്ടായ്മയിലുള്ള ചെങ്ങന്നൂർ ജോയി സാറ് മക്കളെ സന്ദർശിക്കാനവിടെ വരികയും ഞങ്ങളുടെ കൂട്ടായ്മയിൽ വന്ന് വചനം സംസാരിക്കുകയും ചെയ്തു. തൻമൂലം വലിയോരു ഉണർവ്വ് അവിടെയുണ്ടായി. അനേകം യുവാക്കൾ മാനസാന്തരപ്പെട്ടു. ഞാനും ഒരു പുതിയ സമർപ്പണത്തിലേക്ക് കടന്നു വന്നു. കർത്താവ് എനിക്ക് പഴയ ആദ്യസ്നേഹം മടക്കിത്തന്നു.

പിന്നീടാണല്ലോ സാറ് ഈ കഴിഞ്ഞ രണ്ടുവർഷവും അവിടെ വന്നതും ബൈബിൾ ക്ലാസ്സുകൾ എടുത്തതും. അത് ഞങ്ങളുടെ ജീവിതത്തിലെ ഒരു വഴിത്തിരിവായി. പഴയ സന്തോഷവും സ്തുതിയും നിറവോടെ എനിക്ക് തിരികെ ലഭിച്ചു. ദൈവത്തിനു സ്തോത്രം.

ആകട്ടെ, ഇപ്പോഴത്തെ അനുഭവമെന്താണ്?

ഇന്ന് വളരെ മനോഹരമായി ഒരു കൂട്ടായ്മ അവിടെ നടക്കുന്നു. ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിന്റെ പ്രവർത്തനം വ്യാപിച്ചതോടെ റോക്ക്ലൻഡ്, ന്യൂ ജേഴ്സി, ബോസ്റ്റൺ, ക്യൂൻസ് മുതലായ സ്ഥലങ്ങളിൽ പ്രാർത്ഥനാ

യോഗങ്ങൾ നടന്നുവരുന്നു. സ്തുതിയുടെ മാധുര്യം ഞാൻ മാത്രമല്ല, അനേകം ചെറുപ്പക്കാരും അനുഭവിക്കുന്നു. വളരെ സന്തോഷമുള്ള ഒരു ഫെല്ലോഷിപ്പായി ഞങ്ങൾ അവിടെ ഒരുമിച്ചുകൂടി പ്രാർത്ഥിക്കുകയും തിരുവചന ശുശ്രൂഷകൾ നിർവ്വഹിക്കുകയും ചെയ്യുന്നു. സഭയും സമുദായവും മാറ ണ്ട, അവനവന്റെ ഹൃദയമാണ് മാറേണ്ടത് എന്ന് പറഞ്ഞു കൊണ്ട് സഭാഭേദം കൂടാതെ വളരെ സമാധാനത്തോടെ ഞങ്ങൾ അവിടെ പ്രവർത്തിക്കുന്നു.

ഞാൻ നാട്ടിൽ വന്ന ഈ അവധിക്കാലത്ത് എന്റെ സാക്ഷ്യം പറയാനിടയായതിൽ ഞാൻ ദൈവത്തെ സ്തുതി ക്കുന്നു.

മാന്യസ്നേഹിതാ, താങ്കളുടെ ജീവിതത്തിൽ ഈ ആരാധ നയുടെ മഹത്വത്തിലേക്ക് വരാൻ താങ്കൾ ആഗ്രഹിക്കു ന്നുണ്ടോ? പഴയ ജീവിതത്തിലേക്ക് പാപങ്ങളോട് യാത്ര പറ യുമെങ്കിൽ സ്തുതി വീണ്ടും ലഭിക്കും. പാപങ്ങളെ അനുതാ പത്തോടെ ഏറ്റുപറഞ്ഞപേക്ഷിക്കുമെങ്കിൽ രക്ഷയുടെ സന്തോഷം ഇനിയും ലഭിക്കും. ക്ലേശവും വേദനയും ദുരി തവും പ്രശ്നവുമുള്ള ഈ ജീവിതത്തിൽ സമാധാനത്തി ന്റെയും സന്തോഷത്തിന്റെയും ഒരു വഴി കർത്താവ് താങ്കൾക്ക് തുറന്നു തരും.

ക്രിസ്തുവിതാ, തന്റെ ആണിപ്പാടുള്ള കരം നീട്ടി താങ്ക ളുടെ അരികത്തു നിൽക്കുന്നു. ആ സ്നേഹമുള്ള കരം ഇതാ താങ്കളുടെ നേരെ നീട്ടിയിരിക്കുന്നു. ഒരു വാക്കു പറ ഞ്ഞാൽ ഇപ്പോൾ ആ തിരുരക്തം പുരണ്ട കരം താങ്കളുടെ ശിരസ്സിൽ വെയ്ക്കും. നിതാന്തശാന്തി താങ്കൾക്ക് തരും. സ്തുതിയുടെ പുതിയ അനുഭവം താങ്കൾക്ക് ലഭിക്കും. സത്യാ രാധന തുടങ്ങും. ഒരു വാക്ക്, ഒരു വാക്ക് ഇപ്പോൾ പറയൂ

[redacted]

1

:

“യേശുവേ നീ എനിക്കുവേണ്ടി മരിച്ചതിനാൽ ഇന്നു മുതൽ ഞാനൊരു വിശുദ്ധനായി ജീവിക്കും.”

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

## മൂന്ന്

"ദൈവം. ആത്മാവാകുന്നു. അവനെ നമസ്ക്കരിക്കുന്നവർ സത്യത്തിലും ആത്മാവിലും നമസ്ക്കരിക്കേണം."
യോഹ 4 : 24

ഒരു സംഭവകഥ കേട്ടിട്ടുണ്ട്. ഒരു പള്ളിയിൽ ഒരാളുണ്ടായിരുന്നു. അദ്ദേഹം ദൈവഭക്തനായിരുന്നു. വചനം പ്രസംഗിച്ചു കൊണ്ടിരിക്കുമ്പോൾ അദ്ദേഹം വളരെ സന്തോഷത്തോടെ ഉച്ചത്തിൽ Praise the lord എന്നു പറയാറുണ്ട്. കൂടെക്കൂടെ അപ്രകാരം Praise the lord എന്നു പറയുന്നത് മറ്റുള്ളവരുടെ ശ്രദ്ധമാറിപ്പോകുന്നതിന് കാരണമാകാറുണ്ട്. പലർക്കും അത് അരോചകവുമാകാറുണ്ട്.

ഒരു ദിവസം സഭാശുശ്രൂഷകൻ അദ്ദേഹത്തെ വിളിച്ചു പറഞ്ഞു : ഇന്ന് നമ്മുടെ പള്ളിയിൽ ഒരതിഥി വന്ന് പ്രസംഗിക്കുന്നുണ്ട്. വചനം പ്രസംഗിച്ചുകൊണ്ടിരിക്കുമ്പോൾ നിങ്ങൾ Praise the lord എന്ന് ഉച്ചത്തിൽ പറഞ്ഞാൽ പക്ഷേ

അതദ്ദേഹത്തിന് ഇഷ്ടപ്പെട്ടില്ലെന്ന് വന്നേക്കാം. അതുകൊണ്ട് ഇന്ന് നിങ്ങൾ Praise the lord എന്ന് വചനം കേട്ടുകൊണ്ടിരിക്കുമ്പോൾ പറയരുത്. അങ്ങനെയിരുന്നാൽ ഞാൻ രണ്ട് പുതിയ ഷൂസ് നിങ്ങൾക്ക് സമ്മാനമായി തരുന്നതാണ്.

അദ്ദേഹം അത് സമ്മതിച്ചു. യോഗം തുടങ്ങി. കുറേനേരം കഴിഞ്ഞപ്പോൾ പെട്ടെന്ന് അദ്ദേഹം ചാടി എഴുന്നേറ്റ് ഉച്ചത്തിൽ പറഞ്ഞു : “Praise the lord” (ഷൂസ് കിട്ടിയാലും ശരി, ഇല്ലെങ്കിലും ശരി, ദൈവത്തിനു സ്തോത്രം.)

ഈ സംഭവത്തിന്റെ വിവിധ വശങ്ങളെ വിശകലനം ചെയ്യാനല്ല, എന്നാൽ ദൈവത്തെ സ്തുതിക്കുന്നത് ശീലമാക്കിയ മനുഷ്യന് സ്തുതി അടക്കി നിറുത്താൻ സാദ്ധ്യമല്ല എന്ന കാര്യം വ്യക്തമാക്കുവാനാണ് ഇക്കാര്യം പറഞ്ഞത്.

ആരാധന സ്തുതിയും സ്തോത്രവും ഹല്ലേലുയ്യായുമാണ് ആരാധന ദൈവസ്നേഹത്തിൽ നിന്നും ദൈവത്തോടുള്ള നന്ദിയിൽ നിന്നും ഉറവെടുക്കുന്നതാണ്. സത്യാരാധന ദൈവത്തിന്റെ പരിശുദ്ധാത്മാവ് നൽകുന്നതാണ്. ആരാധനയിലേക്കെത്തുന്നതിന്റെ പല പടികളാണ് നാല്പതാം സങ്കീർത്തനത്തിൽ ദാവീദ് പറയുന്നത്.

> “ഞാൻ യഹോവയ്ക്കായി കാത്തുകാത്തിരുന്നു, അവൻ എങ്കിലേക്ക് ചാഞ്ഞ് എന്റെ നിലവിളി കേട്ടു. നാശകരമായ കുഴിയിൽ നിന്നും കുഴഞ്ഞ ചേറ്റിൽ നിന്നും അവൻ എന്നെ കയറ്റി. എന്റെ കാലുകളെ ഒരു പാറമേൽ നിറുത്തി. എന്റെ ഗമനത്തെ സ്ഥിരമാക്കി. അവൻ എന്റെ വായിൽ പുതിയോരു പാട്ടു തന്നു. നമ്മുടെ ദൈവ

> ത്തിന് സ്തുതി തന്നേ. പലരും അതു കണ്ട് ഭയപ്പെട്ട് യഹോവയിൽ ആശ്രയിക്കും."
>
> സങ്കീ. 40 : 1 – 3

ഒന്നാമത്തെ പടി യഹോവയ്ക്കായി കാത്തുകാത്തിരിക്കുയാണ്. അതു മനുഷ്യൻ ചെയ്യുന്നതാണ്. ദൈവത്തെ കൂടാതെ ജീവിക്കുന്നത് എനിക്കേറ്റവും കനത്ത നഷ്ടം എന്നറിയുന്നവനാണ് ആന്തരിക ദാഹത്തോടെ കാത്തുകാത്തിരിക്കുന്നത്. ദൈവത്തെ കൂടാതെ എനിക്ക് ഇനിയും ഒരു നിമിഷം ജീവിക്കാൻ വയ്യല്ലോ എന്ന അനുഭവമാണ് ഇത്.

എന്റെ പാപം മൂലം ദൈവം എന്നിൽ വസിക്കാനാകാതെ എന്നിൽ നിന്ന് വിട്ടുമാറിയല്ലോ എന്ന യാഥാർത്ഥ്യബോധത്തിന്റെ ദാഹമാണത്. ദൈവസാന്നിദ്ധ്യത്തിന്റെയും സ്തുതിയുടെയും മധുരം നഷ്ടപ്പെട്ടപ്പോഴുള്ള ആന്തരിക യാതനയിൽ നിന്നാണ് ആ ദാഹം ഉളവാകുന്നത്.

> മുമ്പ് ദാവീദ് പറഞ്ഞിരുന്നു : "ഞാൻ യഹോവയെ എപ്പോഴും എന്റെ മുമ്പിൽ വെച്ചിരിക്കുന്നു. അവൻ എന്റെ വലത്തുഭാഗത്തുള്ളതുകൊണ്ട് ഞാൻ കുലുങ്ങിപ്പോകയില്ല." സങ്കീ. 16 : 8

എന്നാൽ പാപത്തിൽ വീണതിനുശേഷം ദാവീദ് പറയുകയാണ് :

> "എന്റെ പാപം എപ്പോഴും എന്റെ മുമ്പിലിരിക്കുന്നു." സങ്കീ. 51 : 3

"I admit shameful deed - it haunts me day and night." "ഞാൻ എന്റെ ലജ്ജാകരമായ പ്രവൃത്തി സമ്മതിക്കുന്നു. ആ പാപം എന്നെ രാവും പകലും ഒരു ബാധയെന്നപോലെ പിൻതുടരുന്നു." എന്നാണ് Living Bible –ൽ കാണുന്നത്.

[redacted]

1

കണ്ണടച്ചാലും തുറന്നാലും ഇപ്പോൾ ദാവീദിന്റെ കൺമുമ്പിൽ വരുന്നത് ആ പാപമാണ്. "അയ്യോ, അത് വേണ്ടായിരുന്നല്ലൊ, ഞാൻ എന്തു വിഡ്ഢിത്തമാണ് പ്രവർത്തിച്ചുപോയത്. ഒരിക്കലും അത് സംഭവിക്കരുതായിരുന്നു.' എന്ന ചിന്തയാണ് എപ്പോഴും ദാവീദിനെ അലട്ടിക്കൊണ്ടിരുന്നത്.

മാന്യ സ്നേഹിതാ, ഇപ്പോൾ നിന്റെ ഹൃദയത്തിൽ ഇതുപോലുള്ള ബാധ നിന്നെ അലട്ടുന്നുണ്ടോ? അരുതാത്തത് സംഭവിച്ചു പോയല്ലോ എന്ന വേദന നിന്റെ ഉള്ളത്തിലുണ്ടോ? രാവും പകലും നിന്റെ പാപം ഒരു ബാധപോലെ നിന്നെ പിൻതുടരുന്നുണ്ടോ?

എങ്കിൽ നീ നിരാശപ്പെടേണ്ട. നിനക്ക് മോചനത്തിനൊരു വഴിയുണ്ട്. നിനക്കു രക്ഷപ്പെടാനൊരു മാർഗ്ഗമുണ്ട്. അത് കർത്താവായ യേശുക്രിസ്തുവിന്റെ തുറക്കപ്പെട്ട തിരുവിലാവാണ്. ആ ചങ്കിനുള്ളിൽ, പ്രിയനേ, നിനക്ക് അഭയമുണ്ട്. ആ സ്നേഹം നിറഞ്ഞ ഹൃദയത്തിനുള്ളിൽ, മാന്യ സ്നേഹിതാ, നിനക്ക് ഒളിവിടമുണ്ട്.

ഒരു നിമിഷം വൈകാതെ ക്രിസ്തുവിനായി നീ ദാഹിക്കൂ. ആ ദാഹത്തോടെ നീ കൃപ ലഭിക്കുവോളം അനുതാപത്തോടെ കാത്തിരിക്കൂ.

> "സ്വർഗ്ഗത്തിൽ വസിക്കുന്നവനായുള്ളോവേ, നിങ്കലേക്ക് ഞാൻ എന്റെ കണ്ണ് ഉയർത്തുന്നു. ദാസൻമാരുടെ കണ്ണ് യജമാനന്റെ കൈയിലേക്കും ദാസിയുടെ കണ്ണ് യജമാനത്തിയുടെ കൈയിലേക്കും എന്നപോലെ, ഞങ്ങളുടെ കണ്ണ് ഞങ്ങളുടെ ദൈവമായ യഹോവയിങ്കലേക്ക്, അവൻ ഞങ്ങളോട് കൃപ ചെയ്യുവോളം നോക്കിക്കൊണ്ടിരിക്കുന്നു." സങ്കീ. 123 : 1 – 2

17

ഇതാണ് കാത്തുകാത്തിരിക്കുന്ന അവസ്ഥ. മീതെ കരയ്ക്ക് പിടിച്ചിടുന്നു എന്നു സങ്കല്പിക്കൂ. അത് മരണവെപ്രാള ത്തോടെ പിടയ്ക്കുന്നതു കാണാം. പ്രാണവായു കിട്ടാതെ പിടയുകയാണ് എന്നതുപോലെ ആന്തരികമായ ഒരു പിട ച്ചിൽ അനുഭവിക്കുന്ന ദൈവപൈതലാണ് കാത്തുകാത്തിരി ക്കുന്നത്.

തന്റെമേൽ അവകാശം പറഞ്ഞ് നില്ക്കുന്ന പൈശാചി കൻ മനുഷ്യന്റെ പ്രതിയോഗിയാണ്.

“പ്രതിയോഗിയോടു പ്രതിക്രിയ നടത്തി രക്ഷിക്കേണമേ.” എന്ന് വിധവ മുട്ടിപ്പായി പ്രാർത്ഥിച്ചതിനെക്കുറിച്ച് ലൂക്കോസ് 18 : 3 – ൽ വായിക്കുന്നു.

അവൾ മടുത്തുപോകാതെ പ്രാർത്ഥിച്ചു. ന്യായാധിപന് ദൈവത്തെ ഭയവും മനുഷ്യനെ ശങ്കയുമില്ലായിരുന്നു. പക്ഷേ വിധവ മുട്ടിപ്പായി നിലവിളിച്ചുകൊണ്ടിരുന്നു. കുറെക്കാല ത്തേക്ക് ആ വിധവയെ രക്ഷിക്കാനും അവൾക്ക് ന്യായം നടത്തിക്കൊടുക്കാനും ന്യായാധിപന് മനസ്സില്ലാതിരുന്നു.

ഒടുവിൽ അവൻ ഉള്ളുകൊണ്ട് പറഞ്ഞു :

> “എനിക്ക് ദൈവത്തെ ഭയവും മനുഷ്യനെ ശങ്ക യുമില്ല എങ്കിലും വിധവ എന്നെ അസഹ്യമാക്കു ന്നതുകൊണ്ട് ഞാൻ അവളെ പ്രതിക്രിയ നടത്തി രക്ഷിക്കും.” ലൂക്കോസ് 18 : 4
>
> “ദൈവമോ രാപ്പകൽ തന്നോട് നിലവിളിക്കുന്ന തന്റെ വ്രതൻമാരുടെ കാര്യത്തിൽ ദീർഘക്ഷമയു ള്ളവൻ ആയാലും അവരെ പ്രതിക്രിയ നടത്തി രക്ഷിക്കയില്ലയോ? വേഗത്തിൽ അവരെ പ്രതി ക്രിയ നടത്തി രക്ഷിക്കും എന്ന് ഞാൻ നിങ്ങ

ളോട് പറയുന്നു.” (ലൂക്കോസ് 18 : 7) എന്ന് നമ്മുടെ കർത്താവ് അരുളിച്ചെയ്യുന്നു.

ഒന്ന് : ദാഹത്തോടെയുള്ള കാത്തിരിപ്പ്

രണ്ട് : ദാഹത്തോടെയുള്ള നിലവിളി

“അവൻ എന്റെ നിലവിളി കേട്ടു” എന്നാണ് നാം വായിക്കുന്നത്. സങ്കീർത്തനക്കാരനായ ദാവീദ് കരഞ്ഞുകൊണ്ടിരുന്നു. തകർന്നതും നുറുങ്ങിയതുമായ ഹൃദയത്തോടെയുള്ള നിലവിളി, മനസ്സുരുകി, ഉള്ളുഅലിഞ്ഞ്, അകം നീറിയുള്ള നിലവിളി. സ്വന്തം പാപത്തെ ഓർത്ത് അനുതപിച്ച് ഏങ്ങലടിച്ചുകൊണ്ടുള്ള നിലവിളി. പാപക്കറകൾ കഴുകിക്കളയണമേ, ഈ ബാധ എനിക്കൊന്നു മാറ്റിത്തരണമേ എന്ന് വിതുമ്പി വിതുമ്പിയുള്ള നിലവിളി. രക്ഷയുടെ സന്തോഷം എനിക്ക് തിരികെ തരേണമേ എന്ന് പ്രത്യാശയുടെ നിലവിളി.

ആ നിലവിളിയോടു ചേർന്ന് നാലു തീരുമാനങ്ങളുണ്ട്.

എന്റെ അധരങ്ങളെ തുറക്കുകയും രക്തപാതകത്തിൽ നിന്ന് എന്നെ വിടുവിക്കുകയും രക്ഷയുടെ സന്തോഷം തിരികെ തരികയും ചെയ്താൽ.

ഒന്ന് : ഞാൻ അതിക്രമക്കാരോട് നിന്റെ വഴികളെ ഉപദേശിക്കും. 51 : 13 Preach

രണ്ട് : എന്റെ നാവ് നിന്റെ നീതിയെ ഘോഷിക്കും. സങ്കീ. 51 : 14 Proclaim

മൂന്ന് : എന്റെ വായ് നിന്റെ സ്തുതിയെ വർണ്ണിക്കും. സങ്കീ. 51 : 15

നാല് : ഞാൻ നിന്റെ യാഗപീഠത്തിൻമേൽ യാഗങ്ങളെ അർപ്പിക്കും. 51 : 19

ഹൃദയം നുറുങ്ങിയവർക്ക് യഹോവ സമീപസ്ഥൻ, മനസ്സു തകർന്നവരെ അവൻ രക്ഷിക്കുന്നു എന്നാണല്ലോ തിരുവെഴുത്ത് പറയുന്നത്. സങ്കീ. 34 : 18

> "യഹോവ, തന്നെ വിളിച്ചപേക്ഷിക്കുന്ന ഏവർക്കും, സത്യമായി തന്നെ വിളിച്ചപേക്ഷിക്കുന്ന ഏവർക്കും സമീപസ്ഥനാകുന്നു."
>
> സങ്കീ. 145 : 18

> "അരിഷ്ടനും മനസ്സു തകർന്നവനും എന്റെ വചനത്തിങ്കൽ വിറയ്ക്കുന്നവനുമായ മനുഷ്യനെ ഞാൻ കടാക്ഷിക്കും." യെശയ്യാ 66 : 2

"സ്തുതി, അനുതാപക്കാർ മുമ്പിൽ വാതിൽ തുറക്കും. രാജാവാമീശോ" എന്നും

"ആഹ്വാനം ചെയ്യും പാപികളിൽ കൃപയെ വിലക്കാത്തോൻ ദേവാ" എന്നും പരിശുദ്ധപിതാക്കൻമാർ അനുഭവത്തിന്റെ തനമയുൾക്കൊണ്ട് പാടിയിട്ടുണ്ട്.

വന്നുപോയ പാപത്തെ ഓർത്ത് പശ്ചാത്തപിച്ച്, മേലിൽ ആ പാപം വരികയില്ലെന്ന് ഹൃദയത്തിൽ വ്യക്തമായ ദൃഢനിശ്ചയം എടുത്ത് ദൈവത്തിന്റെ കരുണയ്ക്കും കൃപയ്ക്കും വേണ്ടി മുട്ടിപ്പായി പ്രത്യാശയോടെ നിലവിളിക്കുകയാണ് ദാവീദ് ചെയ്തത്.

ചതുപ്പുനിലത്ത് പെട്ടുപോയ ഒരു മനുഷ്യനെക്കുറിച്ച് ഒരു സാങ്കല്പിക കഥ കേട്ടിട്ടുണ്ട്. അതിൽ നിന്ന് കയറാൻ ശ്രമിക്കുന്തോറും അതിൽ താണുതാണു പോകുന്ന അനുഭവം.

ആ പാവം മനുഷ്യൻ ആ കുഴഞ്ഞ ചേറ്റിൽ താണുകൊണ്ടിരിക്കുകയാണ്. അയാൾ താണുതാണ് കഴുത്തറ്റം ചെളിയിലായി.

അപ്പുറത്ത് ഉറപ്പുള്ള സ്ഥലത്ത് ആളുകൾ നിൽക്കുന്നുണ്ട്. അവർക്കെല്ലാം ഈ പാവം മനുഷ്യനോട് സഹതാപമുണ്ട്. പക്ഷേ എന്തു ചെയ്യും? ഈയാളെ രക്ഷിയ്ക്കാൻ ആരെങ്കിലും ഓടി വന്നാൽ അയാളും താണുപോകും. കാരണം രക്ഷിക്കാൻ വരുന്നവനും ഇതേ ചെളിയിൽ ചവുട്ടിക്കൊണ്ടാണ് രക്ഷിക്കാൻ ശ്രമിക്കുന്നത്.

താണുപോകുന്ന മനുഷ്യൻ ഇരുകരവും ഉയർത്തി നിലവിളിക്കുകയാണ്. അപ്പോഴിതാ, ഒരത്ഭുതം! ഒരു ഹെലികോപ്റ്റർ ഇതാ, താണുതാണു വരുന്നു. മുകളിലൂടെ പറന്നിരുന്ന ഹെലികോപ്റ്റർ ഈ നിലവിളിക്കുന്ന മനുഷ്യന്റെ അരികിലേക്ക് വരികയാണ്. തൊട്ടുമുകളിൽ പറന്നു നിന്നുകൊണ്ട് ഒരാൾ ഹെലികോപ്റ്ററിൽ നിന്ന് താഴോട്ട് കൈനീട്ടി. “നല്ലപോലെ പിടിച്ചു കൊള്ളൂ” എന്നു പറഞ്ഞു.

മുറുകെ പിടിച്ചു. ആ ബലിഷ്ഠനായ മനുഷ്യൻ ഈ താണുപൊയ്ക്കൊണ്ടിരുന്ന ആളിനെ പൊക്കിയെടുത്തു. ചെളിയിൽ നിന്ന് വലിച്ചെടുത്തു. ഉറപ്പുള്ള സ്ഥലത്ത് കൊണ്ടുപോയി നിറുത്തി. ആ മനുഷ്യൻ താണുപോയ്ക്കൊണ്ടിരുന്ന ചെളിയിൽ തൊട്ടില്ല. അങ്ങനെ ഒരാൾക്കു മാത്രമേ ചേറ്റുകുഴിയിൽ താഴുന്ന ആളെ അതിൽ നിന്ന് കരകയറ്റാൻ സാധിക്കുകയുള്ളൂ.

ഇതാണ് കർത്താവായ യേശുക്രിസ്തു ചെയ്തത്. അവിടന്ന് “ക്രോബേസ്രാഫികൾതൻ സവിധം വിട്ട് അവതരണം ചെയ്ത് ആദാമ്യരെ സാത്താൻ, മൃതി എന്നിവയുടെ അടിമത്തത്തിൽ നിന്നുദ്ധരിച്ചു.” അതനുഭവിക്കുന്ന ദൈവപൈതൽ

സ്തുതിക്കും. അതാണ് ആരാധന.

അപ്പോൾ പറയും :

> "അതു മനോഹരവും സ്തുതി ഉചിതവും തന്നേ." സങ്കീ. 147 : 1

> "സ്തുതിക്കുന്നത് നേരുള്ളവർക്ക് ഉചിതമല്ലോ." സങ്കീ. 33 : 1

> "ഭയത്തോടു കൂടെ കർത്താവിനെ സ്തോത്രം ചെയ്യുന്നത് യുക്തവും ന്യായവുമാകുന്നു."
> ප. പിതാക്കൻമാർ.

അതറിയുമ്പോഴാണ് അട്ടഹസിച്ചു പറയുന്നത്.

> "പിതാവും പുത്രനും പരിശുദ്ധ റൂഹായുമായ വൻ വന്ദിക്കപ്പെട്ടവനും സ്തുതിക്കപ്പെട്ടവനുമാകുന്നു. ആദിമുതൽ തലമുറകൾ തലമുറകൾ വരെയും തനിക്കു സ്തുതി. ഹാല്ലേലുയ്യാ."
> വി. കുർബ്ബാന.

പ്രിയ സ്നേഹിതാ, നീ നിന്റെ പാപത്തെ ഓർത്ത് അനുതപിച്ച് നിലവിളിക്കുന്നുവോ? നീ നിരാശവിട്ട് പ്രത്യാശയോടെ കർത്താവിന്റെ കരുണയ്ക്കായി കാത്തുകാത്തിരിക്കുന്നുവോ? എങ്കിൽ ക്രിസ്തു നിന്നെ ആഴമുള്ള കുഴിയിൽ നിന്നും കുഴഞ്ഞ ചേറ്റിൽ നിന്നും കയറ്റും. നിന്നെ ഉറപ്പുള്ള പാറമേൽ നിറുത്തും. നിന്റെ ഗമനത്തെ സ്ഥിരമാക്കും. നിന്റെ വായിൽ പുതിയോരു പാട്ട് തരും. ദൈവത്തിന് സ്തുതി കരേറ്റും. സത്യാരാധന ആരംഭിക്കും.

ഈ മഹാഭാഗ്യം നിന്റെ സ്വന്തം അനുഭവമാക്കണമൊ? എങ്കിൽ ക്രൂശിക്കപ്പെട്ട ക്രിസ്തുവിനോട് നീ ഉള്ളു തുറന്ന്

പറയൂ :

"നാഥാ, ഇന്നു മുതൽ ഞാനൊരു പുതിയ സൃഷ്ടി. ഇനി ഞാൻ ചെളിയിൽ ചവിട്ടുകയില്ല. സൂക്ഷ്മതയോടെ ജീവിച്ചു കൊള്ളാം. ഇന്നു മുതൽ ഞാൻ നിന്റെ വക."

ദൈവം നിങ്ങളെ ഈ ഭാഗ്യാനുഭവത്തിലേക്ക് നയിക്കട്ടെ.

[redacted]

## നാല്

"അവൻ എന്റെ വായിൽ പുതിയോരു പാട്ടു തന്നു. നമ്മുടെ ദൈവത്തിന്ന് സ്തുതി തന്നേ. പലരും അതു കണ്ട് ഭയപ്പെട്ടു യഹോവയിൽ ആശ്രയിക്കും." സങ്കീ. 40 : 3

ആരാധന - സത്യത്തിലും ആത്മാവിലും ആയിരിക്കണം. സത്യത്തിലുള്ള ആരാധനയിലെത്തുന്നതിന് വിവിധ പടികളുണ്ട്.

ഒന്ന് : ദാഹത്തോടെയുള്ള കാത്തിരിപ്പ്.

ദീർഘക്ഷമയോടെയുള്ള കാത്തിരിപ്പ്. മടുത്തുപോകാത്ത കാത്തിരിപ്പ് - ഞാൻ യഹോവയ്ക്കായി കാത്തുകാത്തിരുന്നു.

രണ്ട് : നിലവിളി. അനുതാപത്തിന്റെ നിലവിളി.

ദൈവാശ്രയത്തിന്റെ നിലവിളി. മറ്റാശ്രയങ്ങളെല്ലാം വിട്ടുള്ള നിലവിളി. തകർന്നും നുറുങ്ങിയുമുള്ള ഹൃദയത്തോടെയുള്ള

[redacted]



നിലവിളി. മേലിൽ ജീവിതത്തിൽ പാപം വരികയില്ലെന്നുള്ള തീരുമാനത്തോടെയുള്ള നിലവിളി.

മൂന്ന് – അവൻ എങ്കിലേക്ക് ചാഞ്ഞു.

പാപിയുടെ ദീനാവസ്ഥയിൽ ചാഞ്ഞുവരുന്ന ദൈവം. ദൈവം പാപിയെ തള്ളിക്കളയുകയല്ല, ദൈവം പാപിയെ ശപിക്കുകയല്ല, ദൈവം പാപിയെ വെറുക്കുകയല്ല. ദൈവം പാപിയെ സ്നേഹിക്കുകയാണ്. പക്ഷേ പാപത്തെ വെറുക്കുന്നു. ദൈവം പാപിയെ അനുഗ്രഹിക്കുകയാണ്, പക്ഷേ ശാപമുണ്ടെന്ന് കാണാൻ കണ്ണു തുറന്നു കൊടുക്കുകയാണ്. ദൈവം പാപിയെ തന്റെ സന്നിധിയിലേക്ക് ചേർത്തണയ്ക്കുകയാണ്, പക്ഷേ മനുഷ്യൻ അവന്റെ പാപത്തെ വെറുത്തുപേക്ഷിക്കണം.

യെശയ്യാവ് പറയുന്നു :

> “രക്ഷിപ്പാൻ കഴിയാതവണ്ണം യഹോവയുടെ കൈ കുറുകീട്ടില്ല. കേൾപ്പാൻ കഴിയാതവണ്ണം അവന്റെ അവന്റെ ചെവി മന്ദമായിട്ടുമില്ല. നിങ്ങളുടെ അകൃത്യങ്ങൾ അത്രേ നിങ്ങളെയും നിങ്ങളുടെ ദൈവത്തേയും തമ്മിൽ ഭിന്നിപ്പിച്ചിരിക്കുന്നത്, നിങ്ങളുടെ പാപങ്ങൾ അത്രേ അവൻ കേൾക്കാതവണ്ണം അവന്റെ മുഖത്തെ നിങ്ങൾക്കു മറെക്കുമാറാക്കിയത്.” യെശ. 59 : 1 – 2

ദൈവത്തിന്റെ സ്നേഹം മനുഷ്യന്റെ അരികിലേക്ക് ചാഞ്ഞു വന്നതാണ് ക്രിസ്തുവിന്റെ ക്രൂശുമരണം. മനുഷ്യൻ ദൈവത്തെ വിളിച്ചപേക്ഷിക്കാതെ തന്നെ അവന്റെ അരികിലേക്ക് ചാഞ്ഞിറങ്ങി വന്ന ദൈവസ്നേഹമാണത്.

> “അവൻ (യേശുക്രിസ്തു) ദൈവരൂപത്തിലി

[redacted]

21

രിക്കെ ദൈവത്തോടുള്ള സമത്വം മുറുകെ പിടി ച്ചുകൊള്ളേണം എന്നു വിചാരിക്കാതെ ദാസരൂപം എടുത്തു മനുഷ്യസാദൃശ്യത്തിലായി തന്നെത്താൻ ഒഴിച്ചു വേഷത്തിൽ മനുഷ്യനായി വിളങ്ങി തന്നെ ത്താൻ താഴ്ത്തി മരണത്തോളം, ക്രൂശിലെ മരണ ത്തോളം തന്നേ, അനുസരണമുള്ളവനായി ത്തീർന്നു." ഫിലിപ്യർ 2 : 6 – 8

"നമ്മുടെ കർത്താവായ യേശുക്രിസ്തു സമ്പ ന്നൻ ആയിരുന്നിട്ടും അവന്റെ ദാരിദ്ര്യത്താൽ നിങ്ങൾ സമ്പന്നർ ആകേണ്ടതിന്നു നിങ്ങൾ നിമിത്തം ദരിദ്രനായിത്തീർന്ന കൃപ നിങ്ങൾ അറി യുന്നുവല്ലോ." 2 കൊരി. 8 : 9

ദാവീദിന്റെ അനുഭവമാണ് ദൈവം എന്നും ദാവീദിന്റെ നേരെ ചാഞ്ഞു വന്നിരുന്നു എന്നുള്ളത്. എന്നെല്ലാം ദൈവത്തെ നോക്കിയിട്ടുണ്ടോ, അന്നെല്ലാം ദൈവത്തിൽ നിന്ന് കൃപയും അനുഗ്രഹവും ലഭിച്ചിരുന്നു.

"അവങ്കലേക്ക് നോക്കിയവർ പ്രകാശിതരായി,
അവരുടെ മുഖം ലജ്ജിച്ചു പോയതുമില്ല."
സങ്കീ. 34 : 5

നാല് "അവൻ എന്റെ നിലവിളി കേട്ടു."

നിലവിളി കേൾക്കുന്ന ദൈവം കണ്ണുനീര് കാണുന്ന ദൈവം. പ്രാർത്ഥനയ്ക്കുത്തരം നൽകുന്ന ദൈവം. ദാവീദിന് അനേകം അനുഭവങ്ങളുണ്ട്.

ഇപ്പോൾ ആഴമുള്ള കുഴിയിൽ വീണുപോയി. കുഴഞ്ഞ ചേറ്റിൽ താണുകൊണ്ടിരിക്കയാണ്. ആഴമുള്ള കുഴി പാപ ത്തിന്റെ കുഴിയാമ്. കുഴഞ്ഞ ചേറ് നിരാശയുടെ കുഴഞ്ഞ

ചേറാണ്. പാപത്തിൽ വീണുപോയി. കരേറാൻ ശ്രമിക്കുന്തോറും താണുതാണു പോകുന്ന അനുഭവം. നിരാശയിലേക്ക് താണുതാണു പോവുകയാണ്.

എന്റെ കഷ്ടതയിൽ ഞാൻ യഹോവയെ വിളിച്ചപേക്ഷിച്ചു. എന്റെ ദൈവത്തോട് നിലവിളിച്ചു. അവൻ തന്റെ മന്ദിരത്തിൽ നിന്ന് എന്റെ അപേക്ഷ കേട്ടു. തിരുമുമ്പിൽ ഞാൻ കഴിച്ച പ്രാർത്ഥന അവന്റെ ചെവിയിൽ എത്തി.” സങ്കീ. 18 : 6

> “ഈ എളിയവൻ നിലവിളിച്ചു. യഹോവ കേട്ടു. അവന്റെ സകല കഷ്ടങ്ങളിൽ നിന്നും അവനെ രക്ഷിച്ചു.” സങ്കീ. 34 : 6

പ്രാർത്ഥന കേൾക്കുന്ന ഒരു ദൈവത്തെ ദാവീദിന് പരിചയമുണ്ട്.

ഇത് അനേകരുടെ അനുഭവമാണ്. പ്രിയ സ്നേഹിതാ, പ്രിയ സഹോദരീ, നീ ഉള്ളു നുറുങ്ങി മുട്ടിപ്പായി പ്രാർത്ഥിച്ചിട്ടുണ്ടോ? ഇന്നു മുതൽ ഒരു പ്രാർത്ഥനാ ജീവിതം നിനക്കു തുടങ്ങാമോ? അനേകം പാപബന്ധനങ്ങൾ അഴിഞ്ഞു പോകുന്നത് നിനക്ക് അനുഭവിക്കാം. നിന്റെ മേലും നിന്റെ കുടുംബത്തിന്റെ മേലും ഉള്ള അനേകമനേകം ശാപങ്ങൾ ഒഴിഞ്ഞു പോകുന്നത് നിനക്ക് അനുഭവിക്കാം. നിന്റെ ഒട്ടേറെ പ്രശ്നങ്ങൾ അത്ഭുതകരമായി പരിഹരിക്കപ്പെടുന്നത് കാണാം. അപ്പോൾ നീ അറിയാതെ പറഞ്ഞുപോകും.

> “യഹോവ നല്ലവൻ എന്നു രുചിച്ചറിവിൻ. അവനെ ശരണം പ്രാപിക്കുന്ന പുരുഷൻ ഭാഗ്യവാൻ.” സങ്കീ. 34 : 8

ദൈവം പ്രാർത്ഥന കേൾക്കുന്നവനാണെന്ന് രുചിച്ചറിഞ്ഞ

ഒരു ദൈവപൈതലാണ് ഡോ. ജോജിയുടെ ഭാര്യയായ ജെസ്സി.

ജെസ്സിയുടെ അനുഭവം ഇപ്പോൾ നമുക്ക് ചോദിച്ചറിയാം.

ജെസ്സിയുടെ മാനസാന്തരത്തിനു മുമ്പുള്ള കാലത്തെക്കുറിച്ച് ഇന്ന് എന്തെല്ലാം ഓർമ്മയുണ്ട്?

ഞാൻ ഒരു ക്രിസ്തീയ കുടുംബത്തിലാണ് ജനിച്ചത്. എന്റെ അപ്പനും അമ്മയും സഹോദരങ്ങളും എല്ലാം ആത്മീയമായി ഉണർത്തപ്പെട്ടവരായിരുന്നു. ഒരു നല്ല ആത്മീയ അന്തരീക്ഷത്തിലാണ് ഞാൻ വളർന്നത്.

രണ്ടു നേരവും ചിട്ടയായുള്ള നമസ്ക്കാരം, വേദപുസ്തകം വായന, മുടങ്ങാതെ പള്ളിയാരാധന ഇവയെല്ലാം എനിക്കുണ്ടായിരുന്നു. മനസ്സറിഞ്ഞ് വേണ്ടാത്ത ഒരു കാര്യത്തിലും പെടാതെ ഞാൻ ജീവിച്ചിരുന്നു.

എന്നാൽ ഞാൻ ക്രിസ്തുവിനെ അറിഞ്ഞിരുന്നില്ല. ചടങ്ങുകളും ആചാരങ്ങളും എല്ലാം അനുഷ്ഠിച്ചിരുന്നു എന്നതിൽ ഞാൻ തൃപ്തിപ്പെട്ടിരുന്നു. വ്യക്തിപരമായി ക്രിസ്തു എന്നെ അറിയുന്നു. ക്രിസ്തു എന്നെ സ്നേഹിക്കുന്നു. ക്രിസ്തു എന്റെ നിത്യജീവനുവേണ്ടി ക്രൂശിൽ മരിച്ചു എന്ന കാര്യമെല്ലാം സണ്ടെ സ്കൂളിൽ പഠിച്ചു എന്നല്ലാതെ അതൊന്നും ഞാൻ അനുഭവിച്ചിരുന്നില്ല.

ജെസ്സിയുടെ ജീവിതത്തിൽ ഒരു മാനസാന്തരം വന്നതെങ്ങനെയാണ്?

ഞങ്ങളുടെ ദേശത്ത് ഒരു വലിയ ആത്മീയ ഉണർവ്വുണ്ടായി. ഞാനന്ന് തൃശ്ശൂർ സെ. മേരീസ് കോളേജിൽ പഠിക്കുകയായിരുന്നു. അവധിക്ക് വീട്ടിൽ വന്നപ്പോൾ ആകെ ഒരു മാറ്റം. ഒരു വലിയ സമാധാനം. ഒരു വലിയ സ്വസ്ഥത.

എല്ലാവരും മുഴുവൻ മാറിയിരിക്കുന്നു. പള്ളിയിൽ വന്നപ്പോൾ പള്ളിയിലും മാറ്റം. വചനം കേട്ടു തുടങ്ങിയപ്പോൾ എന്റെ ഹൃദയത്തിലും ഒരു പ്രത്യേക അനുഭവം ലഭിക്കുന്നതായി എനിക്ക് തോന്നിത്തുടങ്ങി.

ദൈവത്തിന്റെ അത്ഭുത കൃപയാൽ ഞാൻ എന്റെ ജീവിതം കർത്താവിന് സമർപ്പിച്ചു. വലിയോരു സമാധാനം എന്റെ ഹൃദയത്തിലേക്ക് കടന്നു വന്നു. ഞാൻ എന്നെത്തന്നെ മറന്ന് സന്തോഷിച്ച കാലങ്ങളായിരുന്നു അവ.

തുടർന്നുള്ള അനുഭവമെന്താണ്?

താമസിയാതെ എന്റെ വിവാഹം നടന്നു. ഒരു നല്ല ഡോക്ടറെ ഭർത്താവായി ലഭിച്ചതിൽ ഞാൻ നല്ലപോലെ സന്തോഷിച്ചു. പക്ഷേ വളരെ വേഗം എന്റെ സന്തോഷമെല്ലാം പോയി. കാരണം ഞങ്ങളുടെ രണ്ടു പേരുടെയും സ്വഭാവം ഒട്ടും ചേർച്ചയില്ലാത്തതായിരുന്നു എന്നും വഴക്കായിരുന്നു. വിവാഹം കഴിക്കേണ്ടായിരുന്നു എന്നുപോലും ഞാൻ ചിന്തിച്ചുപോയി.

അപ്പോൾ ഞാൻ മുട്ടിപ്പായി പ്രാർത്ഥിച്ചു തുടങ്ങി. ഞാൻ ഉള്ളുനീറി പ്രാർത്ഥിച്ചു. സ്വന്തം തെറ്റു മാത്രമെ കാണാവൂ. സ്വന്തം തെറ്റു മാറ്റുക എന്ന് സാറ് അന്നു പറഞ്ഞുതന്നത് ഞാൻ നല്ലതുപോലെ ഓർക്കുന്നു. അതോടെ എനിക്കൊരു പുതിയ കാഴ്ചപ്പാടുണ്ടായി. ഞാൻ വിനയപ്പെട്ടു. എനിക്ക് അഹങ്കാരമുണ്ടെന്നും ഒട്ടും കീഴ്വഴങ്ങാത്ത ഒരു പ്രകൃതിയുണ്ടെന്നും എനിക്ക് മനസ്സിലായി. ഞാൻ തകർന്ന് നിലവിളിച്ചപ്പോൾ കർത്താവ് എന്റെ സ്വഭാവം മാറ്റിത്തന്നു. അതോടെ കുടുംബത്തിൽ ഐക്യവും സമാധാനവുമുണ്ടായി.

പിന്നീടുള്ള അനുഭവങ്ങളെന്തെല്ലാമാണ്?

പിന്നീടാണ് എന്റെ ഭർത്താവിന് മാരകമായ ക്യാൻസർ പിടിപ്പെട്ടത്. ഇത്ര ചെറുപ്പത്തിലെ ഞാനൊരു വിധവയാകുകയാണോ എന്ന് ഞാൻ ഭയന്നു. വലിയ പരിഭ്രമവും ഭീതിയും എന്നെ ബാധിച്ചു. അനേകം ദൈവമക്കൾ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിച്ചു. ഞാനപ്പോഴാണ് എല്ലാം മറന്ന് പ്രാർത്ഥിച്ചത്.

ദൈവം അത്ഭുതം പ്രവർത്തിച്ചു. എന്റെ ഭർത്താവിന്റെ ക്യാൻസർ കർത്താവ് മാറ്റിത്തന്നു. അത്ഭുതകരമായ രോഗസൗഖ്യം. കർത്താവ് എന്റെ നിലവിളി കേട്ടു. ഇന്ന് എന്റെ ഭർത്താവ് പൂർണ്ണ ആരോഗ്യത്തോടെ മൂവാറ്റുപുഴയിലും തൊടുപുഴയിലും ക്ലിനിക് നടത്തിക്കൊണ്ടിരിക്കുന്നു.

ഇപ്പോഴത്തെ അനുഭവമെന്താണ്?

ഇന്ന് ഞാൻ ദിനംപ്രതി ശുദ്ധീകരണം അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ആഴത്തിൽ സമർപ്പിക്കുന്തോറും ആഴത്തിൽ ശുദ്ധീകരണം തന്നുകൊണ്ടിരിക്കുന്നു. ക്രിസ്തീയജീവിതം ഇത്ര മനോഹരവും സുഖകരവുമെന്ന് ഞാനിന്ന് അനുഭവിച്ചറിയുന്നു. ഈ മഹാഭാഗ്യം അനേകർ അനുഭവിക്കണമെന്നാഗ്രഹിച്ചുകൊണ്ട് ഞങ്ങൾ ഇന്ന് ഒറ്റക്കെട്ടായി കർത്താവിന്റെ വേലചെയ്തുകൊണ്ടിരിക്കുകയാണ്.

പ്രാർത്ഥന കേൾക്കുന്ന ദൈവം ജീവിക്കുന്നു എന്നതാണ് എന്റെ അനുഭവം സ്തോത്രം.

പ്രാർത്ഥന കേൾക്കുന്ന ദൈവം ജീവിക്കുന്നു എന്നത് അനേകരുടെ അനുഭവമാണ്. “അവൻ എങ്കലേക്ക് ചാഞ്ഞ് എന്റെ നിലവിളി കേട്ടു.”

എ.ബി. സിംസൺ ഒരു അനുഗൃഹീത ദൈവദാസനായിരുന്നു. മുപ്പത്തെട്ടാമത്തെ വയസ്സിൽ രണ്ടു തവണ മസ്തി

ഷ്ക്കാഘാതവും ഒരു തവണ ഹൃദയസ്തംഭനവുമുണ്ടായി. പ്രസംഗം നിറുത്തിയില്ലെങ്കിൽ നാല്പതു വയസ്സാകുന്നതിനു മുമ്പ് മരിക്കും എന്ന് ഡോക്ടർ പറഞ്ഞു. ഒരു ചെറിയ കയറ്റം കയറാൻ തുടങ്ങിയാൽതന്നെ ശ്വാസംതടസ്സം വരുമായിരുന്നു.

ഒരു ദിവസം അദ്ദേഹം സാവധാനം നടക്കുകയായിരുന്നു. അദ്ദേഹം മുകളിലേക്ക് നോക്കിയിട്ട് കരഞ്ഞ് പ്രാർത്ഥിച്ചു.

“കർത്താവേ, എന്നെ സൗഖ്യമാക്കേണമേ. എന്റെ ജീവിതത്തിലെ വേല തികയ്ക്കുന്നതിനാവശ്യമായ ശക്തി നൽകണമേ.”

അദ്ദേഹം ആ സമയത്തെ അനുഭവത്തെക്കുറിച്ച് പറയുന്നത്: “ആ നിമിഷം എന്റെ ശരീരത്തിലെ ഓരോ കോശവും ദാവസാന്നിദ്ധ്യത്താൽ ജ്വലിക്കുന്നത് ഞാൻ അനുഭവിച്ചു. എനിക്കു മനസ്സിലായി ഞാൻ സുഖമായി എന്ന്.”

ഏതാനും ദിവസങ്ങൾക്കുശേഷം അദ്ദേഹം മൂവായിരം അടി ഉയരമുള്ള ഒരു കുന്നു കയറി. അദ്ദേഹത്തിന്റെ രോഗം മുഴുവൻ മാറി.

ദൈവം പ്രാർത്ഥന കേൾക്കുന്നവനാണ്. എന്നാൽ ഒരു വ്യവസ്ഥയുണ്ട്:

“ഞാൻ എന്റെ ഹൃദയത്തിൽ അകൃത്യം കരുതിയിരുന്നു എങ്കിൽ കർത്താവ് കേൾക്കയില്ലായിരുന്നു.”

അകൃത്യങ്ങളെല്ലാം ഏറ്റുപറഞ്ഞുപേക്ഷിച്ചുകൊണ്ടുവേണം പ്രാർത്ഥിക്കാൻ. ഹൃദയം ശുദ്ധീകരിക്കാതെ പ്രാർത്ഥിച്ചാൽ കർത്താവ് കേൾക്കയില്ല.

മാത്രമല്ല, ദൈവത്തിൽ ആശ്രയിച്ച് മറ്റാശ്രയങ്ങളെല്ലാം

[redacted]



വിട്ട്, സ്വന്തനീതിയും വിട്ടുവേണം പ്രാർത്ഥിക്കാൻ. അരിഷ്ട തയോടും തകർന്ന ഹൃദയത്തോടും കൂടി ദൈവത്തിന്റെ കരുണയിൽ മാത്രം ആശ്രയിച്ചുകൊണ്ടു പ്രാർത്ഥിച്ചാൽ മാത്രമേ കർത്താവ് കേൾക്കുകയുള്ളൂ.

ഹിസ്ക്കീയാവ് കരഞ്ഞു. ദൈവം പ്രാർത്ഥന കേട്ട് ആയുസ്സു നീട്ടിക്കൊടുത്തു. യാക്കോബ് കരഞ്ഞു പ്രാർത്ഥി ച്ചു. “നീ എന്നെ അനുഗ്രഹിച്ചല്ലാതെ ഞാൻ നിന്നെ വിടു കയില്ല.” ദൈവം യാക്കോബിനെ യിസ്രായിലേക്ക് മാറ്റി. ബർത്തിമായി നിലവിളിച്ചു: “ദാവീദുപുത്രാ, എന്നോടു കരുണ തോന്നേണമേ.” ക്രിസ്തു ബർത്തിമായിക്ക് കണ്ണുകാഴ്ച കൊടു ത്തു.

ദൈവപൈതലേ, നീ ദൈവസന്നിധിയിൽ പൂർണ്ണാശ്രയ ത്തോടെ നിന്നെ കരകയറ്റുന്നതിനുവേണ്ടി നിലവിളിക്കുമോ? യഹോവയ്ക്കായ് കാത്തുകാത്തിരിക്കുക, നിലവിളിക്കുക. അപ്പോൾ അവൻ നിങ്കലേക്ക് ചായും. നിന്റെ നിലവിളി കേൾക്കും.

മാന്യ സ്നേഹിതാ, നിനക്ക് ദൈവത്തിന്റെ സന്നിധിയിൽ ഉള്ളു പകർന്ന് പ്രാർത്ഥിച്ച് മറുപടി കിട്ടിയ അനുഭവമുണ്ടോ? നീ മുട്ടിപ്പോയി പ്രാർത്ഥിച്ചാൽ നിന്റെ കോപസ്വഭാവം മാറു മെന്ന് നീ വിശ്വസിക്കുന്നുണ്ടോ? നിന്റെ ദുശ്ശീലങ്ങൾ മാറു മെന്ന് നീ വിശ്വസിക്കുന്നുണ്ടോ?

ക്രിസ്തു ഇതാ, നിന്റെ യാചനകൾക്ക് മറുപടി തരാനും ആഴമുള്ള കുഴിയിൽനിന്നും കുഴഞ്ഞ ചേറ്റിൽനിന്ന് നിന്നെ കരേറ്റാനും അരികത്തു നിൽക്കുന്നു. അവന്റെ ആണിപ്പാ ടുള്ള കരങ്ങൾ നിന്റെ നേരെ നീട്ടിയിരിക്കുന്നു. ഒരു വാക്ക് നീ ക്രിസ്തുവിനോട് പറയൂ. നാഥാ ഇന്നു മുതൽ ഞാൻ നിന്റെ വക. നിന്റെ അവകാശിയാക്കി എന്നെ തീർക്കണമേ.

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

# അഞ്ച്

“ഞാൻ യഹോവക്കായി കാത്തുകാത്തിരിക്കുന്നു; അവൻ എങ്കലേക്കു ചാഞ്ഞു എന്റെ നിലവിളി കേട്ടു. നാശകകരമായ കുഴിയിൽനിന്നും കുഴഞ്ഞ ചേറ്റിൽനിന്നും അവൻ എന്നെ കയറ്റി.”

സങ്കീ. 40 : 1 – 2

ഒന്ന്, യഹോവയ്ക്കായി ദാഹത്തോടെ കാത്തിരിക്കുന്നു. രണ്ട്, കർത്താവ് എന്നിലേക്ക് ചാഞ്ഞു. മൂന്ന്, കർത്താവ് എന്റെ നിലവിളി കേട്ടു. നാല്, കർത്താവ് എന്നെ നാശകരമായ കുഴിയിൽനിന്നും കുഴഞ്ഞ ചേറ്റിൽനിന്നും കയറ്റി.

ദാവീദിന് ബോദ്ധ്യമായി, നാശകരമായ കുഴിയിൽ വീണുപോയി എന്ന്. പാപത്തിന്റെ അഗാധഗർത്തത്തിൽ വീണുപോയി എന്ന് ദാവീദ് ഗ്രഹിച്ചു. അതിൽനിന്ന് കരേറാൻ ശ്രമിക്കുന്തോറും അതിൽ താണുപോകുന്ന സ്ഥിതി. കുഴഞ്ഞ ചേറ് നിരാശയാണ് കരേറാൻ സാധിക്കാതെ നിരാശയിൽ

താണുതാണുപോകുന്ന അവസ്ഥ.

ജോൺ ബനിയൻ എഴുതിയ 'പരദേശി മോക്ഷയാത്ര' എന്ന പുസ്തകം വിശ്വവിശ്രുതമാണ്. ക്രിസ്ത്യാനി നാശപട്ടണം വിട്ട് മോക്ഷപട്ടണത്തിലേക്കുള്ള യാത്രയിൽ പവ ദുർഘടങ്ങളും വൈതരണികളും കടന്ന് മുന്നോട്ടു പോകുകയാണ്. വിഘ്നങ്ങൾ ഒന്നിനുമേൽ ഒന്നായി അവനെ തടയുകയാണ്. അതിൽനിന്നെല്ലാം രക്ഷപ്പെട്ട് മുന്നോട്ടു പോകുമ്പോൾ ഒരു കോട്ടയുടെ ഉള്ളിൽ ചെന്നുപെട്ടു. ആ കോട്ടയിൽനിന്ന പുറത്തു കടക്കാനാകാതെ അത്യന്തം പരവശനായി അതിൽ ബന്ധിതനായതുപോലെ ഏറെക്കാലം കഴിയേണ്ടിവന്നു.

ആ കോട്ടയുടെ പേര് 'സംശയക്കോട്ട' എന്നായിരുന്നു. 'ഭഗ്നാശൻ' എന്ന ഒരു മല്ലനും അവന്റെ ഭാര്യായ അധീരതയും വാണിരുന്ന ഒരു കോട്ടയാണത്. ഒരടിപോലും കരേറ്റം കിട്ടാതെ വലയുന്ന ഒരനുഭവമാണ് ക്രിസ്തീയജീവിതത്തിൽ നിരാശ വരുത്തുന്നത്. ആകപ്പാടെ വലിയോരു തളർച്ച ബാധിക്കുന്ന അനുഭവം. മനസ്സു മുഴുവൻ ചഞ്ചലപ്പെട്ട്, കലങ്ങി പ്രതീക്ഷകളും പ്രത്യാശകളും നശിച്ച് വലയുന്ന അനുഭവം. ഞാൻ ഇനി എഴുന്നേല്ക്കുകയില്ല; എന്നെപ്പോലുള്ള ഒരാൾക്ക് ക്രിസ്തീയജീവിതം നയിപ്പാൻ സാധിക്കുകയില്ല. ഞാൻ എത്ര തവണ തീരുമാനമെടുത്തിട്ടും എനിക്ക് തീരുമാനത്തിൽ നിലനില്ക്കാൻ സാധിച്ചില്ലല്ലൊ. ഞാൻ എന്നന്നേക്കുമായി നഷ്ടപ്പെട്ടു പോകുകതന്നെ ചെയ്യും. എന്നെ കരേറ്റാൻ, എനിക്കൊരു കൈത്താങ്ങൽ തരുവാൻ ആരുമില്ലല്ലൊ എന്ന വിഷദാത്മകതയോടെ തളർന്നവശമായി കഴിയുന്ന അവസ്ഥ.

ഭഗ്നാശൻ എന്ന മല്ലൻ ക്രിസ്ത്യാനിയെ കഠിനമായി അടിക്കുകയും ഉപദ്രവിക്കുകയും ചെയ്തു എന്നാണ് ജോൺ

ബനിയൻ വിവരിക്കുന്നത്. സംശയക്കോട്ടയിൽപ്പെട്ടു നിരാശയിൽ വലയുന്ന ദൈവപൈതലിന്റെ ദയനീയാവസ്ഥ.

മാന്യ സ്നേഹിതാ, താങ്കൾ ഈ സ്ഥിതിയിലാണോ? മനസ്സാകെ മടുത്ത് ക്രിസ്തീയജീവിതത്തെക്കുറിച്ചുള്ള പ്രതീക്ഷകളെല്ലാം നശിച്ച് ഭാരപ്പെട്ടിരിക്കുകയാണോ? ഇനി ഗതിയില്ലെന്നുറച്ചിരിക്കുകയാണോ? സ്നേഹിതാ, നിന്നെ താങ്ങാനാരുമില്ലെന്ന ചിന്തയോടെ മനം കലങ്ങി വിഷാദിച്ചിരിക്കുകയാണോ? ഒരു ജയജീവിതം സാദ്ധ്യമല്ലെന്നുറച്ച് നീ എല്ലാ ഉദ്യമങ്ങളും നിറുത്തി അടിയിക്കടി പാപത്തിലേക്ക് താണുതാണ് പൊയ്ക്കൊണ്ടിരിക്കുകയാണോ?

എങ്കിൽ, കേൽക്കൂ. നിന്നെ കരേറ്റുവാൻ മനസ്സലിവുള്ള ഒരാളുണ്ട്. നിന്നെ പിടിച്ചുയർത്താൻ പ്രാപ്തനായ ഒരാളുണ്ട്. നിന്നെ അന്ത്യത്തോളം ജയോത്സവമായി നടത്താൻ കരുത്തനായ ഒരാളുണ്ട്. അവന്റെ പേരത്രേ കർത്താവായ യേശുക്രിസ്തു.

അവൻ നിന്റെ അരികത്ത് നില്ക്കുന്നുണ്ട്. അവന്റെ തിരുമുഖത്തേക്കൊന്ന് സൂക്ഷിച്ചുനോക്കൂ. അവൻ എത്ര ആർദ്രതയുള്ളവനാണ്! അവൻ എത്ര മനസ്സലിവുള്ളവനാണ്! അവന്റെ കണ്ണുകളിൽ വാത്സല്യം നിറഞ്ഞുതുളുമ്പുന്നത് നീ കാണുന്നില്ലേ? അവനിതാ, നിന്നെത്തന്നെ നോക്കിനില്ക്കുകയാണ്.

പ്രിയനേ, അവന്റെ കരങ്ങൾ നിന്റെ നേരെ നീട്ടിയിരിക്കുന്നത് നീ കാണുന്നില്ലേ? നീ സൂക്ഷിച്ചു നോക്കൂ. അവന്ററെ കൈകളിൽ ആണിപ്പാട് നീ കാണുന്നില്ലേ? നിനക്കുവേണ്ടി തകർക്കപ്പെട്ട കൈകൾ! നീ ഏല്ക്കേണ്ട ശിക്ഷയേറ്റ കൈകൾ! നിന്ററെ ശിക്ഷ ഒഴിവാക്കിതന്ന കൈകൾ! നീതികെട്ടവനായ നിന്നെ നീതിമാൻ എന്ന് സൗജന്യമായ മുദ്രകുത്തുവാൻ പരിശുദ്ധരക്തം ചിന്തിയ കൈകൾ.

നീ ഇപ്പോൾ നിന്റെ പാപത്തെ ഓർത്ത് വിതുമ്പികൊണ്ട് ഒരു വാക്ക് അവനോടു പറയൂ. നിന്റെ പാപക്കുഴിയുടെ ആഴം കണ്ടുകൊണ്ട് അവനെ ഒന്ന് വിളിച്ചപേക്ഷിക്കൂ. നിന്റെ സർവ്വ പരിശ്രമവും അസ്തമിച്ചു എന്ന് സമ്മതിച്ചുകൊണ്ട് അവനോട് ഒരു വാക്കു പറയൂ:

നാഥാ, നിന്റെ തളരാത്ത സ്നേഹത്തെ ഞാൻ വിശ്വസിക്കുന്നു. കർത്താവേ, എന്നെ കരേറ്റാൻ നിനക്കു കഴിയുമെന്ന് ഞാൻ വിശ്വസിക്കുന്നു. എന്നും പരാജയപ്പെട്ടവനായ എനിക്ക് ജയം തരാൻ നിനക്ക് കഴിയും എന്ന് ഞാൻ വിശ്വസിക്കുന്നു. എന്നും പരാജയപ്പെട്ടവനായ എനിക്ക് ജയം തരാൻ നിനക്ക് കഴിയും എന്ന് ഞാൻ വിശ്വസിക്കുന്നു. സ്തോത്രം.

ഇതാ, അവന്റെ കരങ്ങൾ നിന്നെ മുറുകെ പിടിച്ചിരിക്കുന്നു. നിന്റെ ജീവിതം അവന്റെ കൈകളിലായിരിക്കുന്നു. നിന്റെ ഭാവി അവൻ ഏറ്റെടുത്തിരിക്കുന്നു. വിശ്വസിക്കൂ. അവൻ നിന്നെ അന്ത്യത്തോളം നടത്തും.

പരദേശിമോക്ഷയാത്രയിലെ ക്രിസ്ത്യാനി വളരെ നാളുകൾ ആ കോട്ടയ്ക്കകത്ത് നെടുവീർപ്പോടെ ഇരുന്നു. സംശയക്കോട്ട ഒരു ദിവസം യദൃച്ഛയാ അവൻ കണ്ടു. അവന്റെ പോക്കറ്റിൽ ഒരു താക്കോൽ! ഏതാണ് ആ താക്കോൽ? ‘വാഗ്ദത്തം’ എന്ന താക്കോൽ! എന്തൊരത്ഭുതം ! ആ കോട്ട തുറക്കാനുള്ള താക്കോൽ അവന്റെ കൈയിൽത്തന്നെയുണ്ടായിരുന്നു. അവനത് ഓർത്തില്ല; എടുത്തില്ല. ഇപ്പോൾ ഇതാ, അവൻ ആ താക്കോൽ ഉപയോഗിച്ച് കോട്ട തുറന്നു. അവനിതാ സ്വതന്ത്രനായി. എന്തൊരാനന്ദം! എന്തൊരത്ഭുതം ! പൂർണ്ണ സ്വതന്ത്രൻ ! ഇതാണ് ക്രിസ്തു തരുന്ന സ്വാതന്ത്ര്യം.

“നാശകരമായ കുഴിയിൽനിന്നും കുഴഞ്ഞ ചേറ്റിൽനിന്നും അവൻ എന്നെ കയറ്റി.”

[redacted]

ഇന്ന് ലോകത്തിൽ എത്രയോ ◌ാളുകൾ പാപത്തിനന്റെ പടുകുഴിയിൽ വീണു കിടക്കുന്നു! ഞാനീയിടെ വായിച്ചു, അമേരിക്കയിൽ അൻപത്തിരണ്ടു ശതമാനം വിവാഹങ്ങളും വിവാഹമോചനത്തിൽ പര്യവസാനിക്കുന്നു. ഏമേരിക്കൻ സുപ്രീംകോടതി നിയമാനുകൂല്യം നൽകിയതിനുശേഷംതന്നെ 270 ലക്ഷം കുട്ടികൾ ഗർഭച്ഛിദ്രത്താൽ കൊല്ലപ്പെട്ടു. ആ മാതാക്കൾ ഒട്ടുമിക്കവരും മായാത്ത ആന്തരിക വ്രണങ്ങ ളോടെ ഉള്ളു നീറി, നിരാശരായി കഴിയുന്നു. നാലുപേരിൽ ഒരാൾ എന്ന കണക്കിന് കുട്ടികളുമായിരിക്കുമ്പോൾത്തന്നെ ബലാത്സംഗത്തിനിരയാകുന്നു. അതിൽ പത്തുപേരിലൊൻപ തുപേരും സ്വന്തം കുടുംബത്തിലോ ബന്ധത്തിലോ പെട്ടവ രിൽനിന്ന് ബലാത്സംഗം ചെയ്യപ്പെട്ടവരാണ് ! എത്ര ഭയാ നകം!

പാപത്തിലും അഴുക്കിലും അശുദ്ധിയിലും താണുതാണു പോകുന്ന സമൂഹം. വിവാഹബന്ധത്തിന്റെ പവിത്രത ചോദ്യം ചെയ്യപ്പെടുന്നു. കുടുംബബന്ധങ്ങൾ ശിഥിലമായിപ്പോകുന്നു. തകർന്ന പാത്രങ്ങൾ പോലെ ജീവച്ഛവങ്ങളായി മനുഷ്യൻ കഴിയുന്നു.

വൈരാഗ്യം, വ്യവഹാരങ്ങൾ, പക, പ്രതികാരചിന്ത, കൈയ്പ്, വിദ്വേഷം തുടങ്ങിയ എത്രയോ പാപങ്ങളിൽ മനുഷ്യൻ താണുപൊയ്ക്കൊണ്ടിരിക്കുന്നു. വ്യവഹാരം നടത്തി മുടി യുന്ന കുടുംബങ്ങളില്ലേ? വാശിക്കുവേണ്ടി, നിസ്സാരകാര്യ ത്തിനുവേണ്ടി ബാര്യെ പിരിഞ്ഞു പാർക്കുന്ന ഭർത്താക്കൻമാ രില്ലേ? ഒന്ന് പൊറുക്കാൻ മനസ്സില്ലാത്തതുമൂലം ഭർത്താ വിനെ പിരിഞ്ഞ് പിണങ്ങിപ്പാർക്കുന്ന ഭാര്യമാരില്ലേ? അനേകം കുടുംബങ്ങളും ഇന്ന് മുടിഞ്ഞ് കിടക്കുകയല്ലേ?

എനിക്കറിയാം, മൂന്നു വർഷമായി പിണങ്ങിക്കഴിഞ്ഞി

രുന്ന ഒരു ഭാര്യയും ഭർത്താവും വചനം കേട്ട് മനം തകർന്ന് ഒരുമിച്ച് സന്തോഷത്തോടെ ജീവിക്കാൻ തയ്യാറായി. ഹൈറേഞ്ചസിലാണ് ആ കാര്യം നടന്നത്. മലബാറിലൊരിടത്ത് രണ്ടര വർഷമായി പിരിഞ്ഞു താമസിച്ചിരുന്ന ഭാര്യയും ഭർത്താവും തിരുവചനം കേട്ട് മാനസാന്തരപ്പെട്ടപ്പോൾ ഒരുമിച്ച് ജീവിക്കാൻ തയ്യാറായി.

പതിനൊന്നു വർഷമായി സ്വന്തം അപ്പനോട് മിണ്ടാതിരുന്ന ഒരു ചെറുപ്പക്കാരൻ വചനം കേട്ടതിനുശേഷം തിരികെ അപ്പന്റെ അടുത്തു ചെന്ന് അപ്പന്റെ കാൽക്കൽ വീണ് മാപ്പു ചോദിച്ചു.

പതിമൂന്നു കൊല്ലമായി അപ്പനോടു മിണ്ടുകയോ അപ്പൻ താമസിക്കുന്ന തറവാട്ടിൽ കാലുകുത്തുകയോ ചെയ്യാത്ത ഒരു യുവാവ് ഈ അടുത്ത നാളുകളിലാണ് അപ്പന്റെ അടുത്തുചെന്ന് മാപ്പു ചോദിച്ചത്. സ്വന്തം അപ്പനെ നടുറോഡിലിട്ട് തല്ലിയ ഒരു യുവാവ് കഴിഞ്ഞ ആറു മാസം മുമ്പ് വചനം കേട്ട് മാനസാന്തരപ്പെട്ട് അപ്പനോട് മാപ്പു ചോദിച്ച് നിരപ്പായി, ഇന്ന് സമാധാനത്തോടെ കഴിയുന്നു.

അങ്ങനെ നാശകരമായ കുഴിയിലും കുഴഞ്ഞ ചേറ്റിലും കഴിഞ്ഞിരുന്ന എത്രയോ പേർ രക്ഷപ്പെട്ട് കര കയറി ഇന്ന് സമാധാനത്തോടെ കഴിയുന്നു.

നിരാശയുടെ കുഴഞ്ഞ ചേറ്റിൽ ആകുലം പൂണ്ട് വലഞ്ഞിരുന്ന ഒരാളാണ് കടയിരുപ്പ് ഗവ. ഹൈസ്ക്കൂൾ അദ്ധ്യാപികയായ മിസ്സിസ് എലിസബത്ത് വറുഗീസ്. കുഞ്ഞുമോളുടെ ജീവിതത്തിൽ കരേറ്റം കിട്ടിയതെങ്ങനെ എന്ന് നമുക്കിപ്പോൾ ചോദിച്ചറിയാം.

കുഞ്ഞുമോളുടെ മാനസാന്തരത്തിനു മുമ്പുള്ള കാലത്തെ

ക്കുറിച്ച് ലഘുവായി ഒന്ന് വിവരിക്കാമോ?

ഞാൻ പുത്തൻകുരിശുപള്ളി വികാരയായിരുന്ന ബ. മൊതാലച്ചന്റെ കൊച്ചുമോളാണ്. വീട്ടിൽ രണ്ടു നേരവും നമസ്കാരവും പ്രാർത്ഥനയും വേദപുസ്തകവായനയും - അങ്ങനെ ഒരു നല്ല ഭക്തിജീവിതമുണ്ടായിരുന്നു. സഭയുടെ നോമ്പുകൾ കൃത്യമായി ആചരിച്ചിരുന്നു. നോമ്പുകാലത്ത് ഉച്ചവരെ ഉപവാസമടുക്കുകയും ഉച്ചയ്ക്ക പ്രാർത്ഥിച്ച് നാല്പത് കുമ്പിട്ടതിനു ശേഷം മാത്രം ആഹാരം കഴിക്കുകയും ചെയ്യുന്ന പതിവുണ്ടായിരുന്നു. ഒരു ഞായറാഴ്ചയും പള്ളിയാരാധന മുടക്കിയിരുന്നില്ല. സണ്ടെ സ്കൂൾ, വനിതാസമാജം എന്നിവയിൽ സജീവമായി പ്രവർത്തിച്ചിരുന്നു.

മാനസാന്തരപ്പെടാനിടയായ സാഹചര്യമെന്തായിരുന്നു?

ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിൽ എന്റെ അപ്പച്ചനും വെല്ല്യാപ്പച്ചനും (അച്ചൻ അപ്പച്ചൻ) പങ്കെടുത്തുവന്നതോടെ പുത്തൻകുരിശ് പള്ളിയിലും പരിസരത്തും ഒരു വലിയ ആത്മീക ഉണർവ്വുണ്ടായി. എനിക്ക് ആ യോഗങ്ങളിൽ പങ്കെടുത്തപ്പോൾ വലിയ പാപബോധമുണ്ടായി. എന്റെ ഉള്ളിൽ വളരെ അഴുക്കായ ചിന്തകളും ആഗ്രഹങ്ങളും ഹീനമായ താലപര്യങ്ങളും ഉണ്ടായിരുന്നു. പുറമെ നല്ല ഭക്തിയുള്ള വേഷമുണ്ടായിരുന്നു. പക്ഷേ അകം അഴുക്കായിരുന്നു.

എനിക്ക് ഒരു സമാധാനവുമില്ലായിരുന്നു. എന്തിന് ജീവിക്കണം, ജീവിതത്തിന്റെ അർത്ഥമെന്ത് എന്നൊക്കെ ഓർത്ത് ഞാൻ വലഞ്ഞിരുന്നു. സ്വസ്ഥതയില്ലാതെ എന്റെ ഹൃദയം കലങ്ങി മറിയുകയായിരുന്നു. ആ കാലത്താണ് ഞാൻ ജീവനുളഅള വചനം കേട്ടത്. എന്നെ ക്രിസ്തുവിന്റെ സ്നേഹ

ത്തിലേക്ക് നയിച്ചു. വചനം എന്റെ ഹൃദയത്തെ തൊട്ടു. ഞാൻ ഒരു വ്യവസ്ഥയും കൂടാതെ ക്രിസ്തുവിന്റെ കരങ്ങളിലേക്ക് എന്നെത്തന്നെ സമർപ്പിച്ചു.

മാനസാന്തരത്തിന്റെ അനുഭവത്തിനുശേഷം എങ്ങനെയാണ് ആ നാളുകൾ ചെലവഴിച്ചത്?

ഞാൻ എന്റെ ഓർമ്മവെച്ച കാലം മുതലുള്ള ജീവിതത്തിലേക്ക് തിരിഞ്ഞുനോക്കി. എന്റെ സകല പാപങ്ങളും ഞാൻ ഓർത്തോർത്ത് കണ്ടുപിടിച്ച് ഞാൻ അവയെ ഓർത്ത് ഏങ്ങലടിച്ചു കരഞ്ഞു. നല്ല, നല്ല കാലങ്ങൾ ദൈവത്തെ അറിയാതെ ജീവിച്ചു ആ കാലങ്ങൾ പാഴാക്കിക്കളഞ്ഞല്ലോ എന്നോർത്ത് ഞാൻ ഏറെ കരഞ്ഞു. പാപങ്ങളെല്ലാം എണ്ണി എണ്ണി ഞാൻ ഏറ്റു പറഞ്ഞു.

എന്റെ തകർന്നുടഞ്ഞുപോയ ജീവിതം ഞാൻ ക്രിസ്തുവിന്റെ പാദത്തിലർപ്പിച്ചു. ഓരോ തുള്ളി കണ്ണുനീര് കർത്താവിന്റെ പാദപീഠത്തിൽ വീഴുമ്പോഴും യേശുവിന്റെ തിരുരക്തത്തിന്റെ അത്ഭുതശക്തി എനിക്ക് അനുഭവമായിക്കൊണ്ടിരുന്നു. പറഞ്ഞറിയിക്കാൻ വയ്യാത്ത സ്വർഗ്ഗീയ ശാന്തിയും സമാധാനവും എന്റെമേൽ കർത്താവ് ഒഴുക്കി. തകർന്നുപോയിരുന്ന എന്റെ ജീവിതത്തെ കർത്താവ് പുതുക്കിമെനഞ്ഞു.

അപ്പോൾ എന്റെ ഹൃദയം സന്തോഷംകൊണ്ടും നന്ദികൊണ്ടും നിറഞ്ഞു. ഞാൻ യേശുവിനെ ആർത്തുപാടി സ്തുതിച്ചു. എന്റെ പാപങ്ങളും ശാപങ്ങളുമെല്ലാം ക്രിസ്തു തന്റെ തിരുരക്തത്താൽ മോചിച്ചുതന്നു എന്ന ഉറപ്പെനിക്ക് ലഭിച്ചു. നാശകരമായ കുഴിയിൽനിന്നും കുഴഞ്ഞ ചേറ്റിൽനിന്നും ക്രിസ്തു എന്നെ കരേറ്റി. ദൈവത്തിനു സ്തോത്രം.

[redacted]



ഇപ്പോഴത്തെ അനുഭവമെന്താണ്?

അളവറ്റ സമാധാനവും ശാന്തിയും ഞാനനുഭവിക്കുന്നു. എന്റെ ഭർത്താനും കുഞ്ഞുങ്ങളും ഈ മഹാഭാഗ്യം അനുഭവിച്ച് ഞങ്ങളൊരുമിച്ച് ദൈവത്തെ സ്തുതിച്ചും ദൈവത്തിന്റെ വേലയിൽ പങ്കാളികളായും ജീവിക്കുന്നു. എന്റെ അദ്ധ്യാപക വൃത്തിയോടൊപ്പം എനിക്ക് ഒഴിവുകിട്ടുന്ന അവസരങ്ങളിലെല്ലാം ക്രിസ്തുവിന്റെ വേല ചെയ്ത് ഞാൻ കുടുംബമായി ഒരു സമാധാന ജീവിതം നയിക്കുന്നു.

ഈ ദൈവപൈതലിന്റെ നിലവിളി കേട്ട് നാശകരമായ പാപക്കുഴിയിൽനിന്നും നിരാശയുടെ കുഴഞ്ഞ ചേറ്റിൽനിന്നും കരേറ്റിയ ദൈവം, സ്നേഹിതാ, നിന്നെയും കരേറ്റും. നീ നിരാശയിൽ ഇനിയും വലയണ്ട. നീ പാപത്തിൽ ഇനിയും താഴണ്ട. ക്രിസ്തുവിന്റെ ആണിപ്പാടുള്ള കരങ്ങളിലേക്ക് നിന്നെ ഒന്നേല്പിച്ചുകൊടുക്കൂ. നിന്റെ ഭാവി അവൻ ഏറ്റെടുക്കും.

എങ്കിൽ ഒരു വാക്ക് നീ യേശുക്രിസ്തുവിനോട് പറയൂ: "നാഥാ, ഇന്നു മുതൽ ഞാൻ ഒരു പുതചിയ മനുഷ്യനായി ജീവിക്കും. യേശുവേ, ഇന്നു മുതൽ ഞാൻ നിന്റെ അടിമ."

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

# ആറ്

"എന്റെ കാലുകളെ ഒരു പാറമേൽ നിർത്തി, എന്റെ ഗമനത്തെ സ്ഥിരമാക്കി. അവൻ എന്റെ വായിൽ പുതിയൊരു പാട്ടു തന്നു, നമ്മുടെ ദൈവത്തിനു സ്തുതി തന്നേ; പലരും അതു കണ്ടു ഭയപ്പെട്ടു യഹോവയിൽ ആശ്രയിക്കും."
സങ്കീ. 40 : 2 – 3

ഉറപ്പുള്ള പാറമേൽ നില്ക്കുമ്പോഴാണ് സ്തുതി ലഭിക്കുന്നത്. വഴുവഴുപ്പുള്ള പ്രതലത്തിൽ നിന്നാൽ അയ്യോ, വീഴുമോ അയ്യോ, വീഴുമോ എന്ന ചാഞ്ചല്യവും ഭയവും നിരന്തരം അലട്ടിക്കൊണ്ടിരിക്കും.

ആഴമുള്ള കുഴിയിലായിരുന്നു. കുഴഞ്ഞ ചേറ്റിലായിരുന്നു. പാപത്തിന്റെ അഗാധ കൂപത്തിലായിരുന്നു. നിരാശയുടെ പടുകുഴിയിലെ കുഴഞ്ഞ ചേറ്റിലായിരുന്നു. എന്നാൽ ഇപ്പോൾ കർത്താവ് ഉദ്ധരിച്ചു. കർത്താവ് ആ നാശഗർത്തത്തിൽനിന്ന്

വലിച്ചെടുത്തു. ഉറപ്പുള്ള പാറമേൽ നിറുത്തി.

അഞ്ച്, ഉറപ്പുള്ള പാറമേൽ നിറുത്തി.

“അവൻ ഉയരത്തിൽനിന്ന് കൈനീട്ടി എന്നെ പിടിച്ചു. പെരുവെള്ളത്തിൽനിന്ന് എന്നെ വലിച്ചെടുത്തു. ബലമുള്ള ശത്രുവിന്റെ കൈയിൽനിന്നും എന്നെ പകെച്ചവരുടെ പക്കൽനിന്നും അവൻ എന്നെ വിടുവിച്ചു.” എന്ന് ദാവീദ് നന്ദിയോടെ പാടുന്നുണ്ട്. സങ്കീ. 18: 16 – 17

ക്രിസ്തു ആണ് പാറ. “എന്റെ പാറയാകുന്ന യഹോവ വാഴ്ത്തപ്പെട്ടവൻ.” സങ്കീ. 144 : 1 എന്ന് ദാവീദ് പറയുന്നുണ്ട്.

> “യഹോവ എന്റെ ശൈലവും എന്റെ കോട്ടയും എന്റെ രക്ഷകനും എന്റെ ദൈവവും ഞാൻ ശരണമാക്കുന്ന എന്റെ പാറയും എന്റെ പരിചയും എന്റെ രക്ഷയായ കൊമ്പും എന്റെ ഗോപുരവുമാകുന്നു.” സങ്കീ. 18 : 2

പാറ ഉറപ്പിനെ കാണിക്കുന്നു. ഇളകാത്ത അടിസ്ഥാനമായ ക്രിസ്തുവിനെയാണ് പാറ ദൃഷ്ടാന്തവൽക്കരിക്കുന്നത്.

മിസ്രയീമിൽനിന്ന് കനാനിലേക്ക് യാത്ര പുറപ്പെട്ട യിസ്രായേല്യർ മരുഭൂമിയിൽ വെള്ളമില്ലാതെ ദാഹിച്ചു വലഞ്ഞപ്പോൾ നിത്യനായ ദൈവം അവർക്ക് പാറയിൽനിന്ന് വെള്ളം നൽകി.

> “മോശയോടു ചേർന്നു എല്ലാവരും ഒരേ ആത്മീകാഹാരം തിന്നു. എല്ലാവരും ഒരേ ആത്മീകപാനീയം കുടിച്ചു – അവരെ അനുഗമിച്ച ആത്മീകപാറയിൽ നിന്നല്ലോ അവർ കുടിച്ചത്. ആ പാറ ക്രിസ്തു ആയിരുന്നു.” 1 കൊരി. 10 : 3 – 4

"യഹോവയല്ലാതെ ദൈവം ആരുള്ളു? നമ്മുടെ ദൈവം ഒഴികെ പാറ ആരുള്ളൂ?"

2 ശമൂവേൽ 22 : 32

"യഹോവ നേരുള്ളവൻ, അവൻ എന്റെ പാറ, അവനിൽ നീതികേടില്ല." സങ്കീ. 92 : 15

മോശയും ജീവനുള്ള ദൈവത്തെ പാറയെന്ന് വിളിക്കുന്നുണ്ട്.

"ഞാൻ യഹോവയുടെ നാമം ഘോഷിക്കും; നമ്മുടെ ദൈവത്തിന് മഹത്വം കൊടുപ്പിൻ. അവൻ പാറ: അവന്റെ പ്രവൃത്തി അത്യുത്തമം. അവന്റെ വഴികൾ ഒക്കെയും ന്യായം."

ആവർത്തനം 32 : 3 – 4

"തന്നെ ഉണ്ടാക്കിയ ദൈവത്തെ അവൻ ത്യജിച്ചു. തന്റെ രക്ഷയുടെ പാറയെ നിരസിച്ചു."

ആവ. 32 : 15

"നിന്നെ ജനിപ്പിച്ച പാറയെ നീ വിസ്മരിച്ചു നിന്നെ ഉല്പാദിപ്പിച്ച ദൈവത്തെ മറന്നുകളഞ്ഞു."

ആവ. 32 : 18

ജീവനുള്ള ദൈവത്തെയാണ് പാറയെന്ന് തിരുവചനം സദൃശവത്ക്കരിക്കുന്നത്. പാറ ഇളക്കമില്ലാത്തതാണ്. പാറ മാറ്റമില്ലാത്തതാണ്.

തിരുവചനം പറയുന്നു:

"യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നെന്നേക്കും അനന്യൻ തന്നേ." എബ്രായർ 13 : 8

ദൈവം അരുളിച്ചെയ്യുന്നു:

> "പർവ്വതങ്ങൾ മാറിപ്പോകും, കുന്നുകൾ നീങ്ങിപ്പോകും; എങ്കിലും എന്റെ ദയ നിന്നെ വിട്ടുമാറുകയില്ല; എന്റെ സമാധാനനിയമം നീങ്ങിപ്പോകയുമില്ല എന്ന് നിന്നോടു കരുണയുള്ള യഹോവ അരുളിച്ചെയ്യുന്നു." യെശയ്യാ 54 : 10

ദൈവം മാറ്റമില്ലാത്തവനാണ്. ദൈവത്തിന്റെ വചനം മാറ്റമില്ലാത്തതാണ്. ദൈവത്തിന്റെ പ്രമാണങ്ങൾ മാറ്റമില്ലാത്തവയാണ്.

കാലം മാറിയാലും ദൈവത്തിന്റെ വചനം മാറുകയില്ല. ദേശം മാറിയാലും ദൈവത്തിന്റെ വചനം മാറുകയില്ല. ചരിത്രഗതി മാറിയാലും ദൈവത്തിന്റെ വചനം മാറുകയില്ല. മനുഷ്യ സംസ്ക്കാരം മാറിയാലും വചനം മാറുകയില്ല.

കാരണം, വചനം പാറപോലെ ഉറപ്പുള്ളതാണ്. വചനത്തിൽ അടിത്തറ പാകിയാൽ തകർന്നുപോകുകയില്ല. വചനത്തിൽ അടിസ്ഥാനപ്പെട്ടാൽ ഇളകിപ്പോകുകയില്ല. സമൂഹത്തിൽ ചലനങ്ങളും വ്യതിചലനങ്ങളും വരാം. മനുഷ്യർ മാറിപ്പോകാം; കൂട്ടുകാർ വിട്ടുപോകാം; സ്വന്തക്കാർ അന്യരെപ്പോലെയാകാം; കൂടി നടന്നവർ ഓടിമാറിയെന്നുവരാം. മിത്രങ്ങൾ ശത്രുക്കളായെന്നുവരാം. സോദരർ കൈവിട്ടുവെന്നുവരാം. മാതാപിതാക്കൾ മറന്നുപോയെന്നു വരാം. മക്കൾ അവഗണിച്ചു എന്നു വരാം. നമ്മിൽനിന്ന് ഉപകാരം നേടിയവർ നമ്മെ ഉപദ്രവിക്കുന്നവരായി എന്നു വരാം. എന്നാൽ ക്രിസ്തു എന്ന പാറമേൽ അടിസ്ഥാനമിട്ടിരിക്കുന്നു എങ്കിൽ നമുക്കൊരിക്കലും പതറിച്ച വരികയില്ല. മനുഷ്യരുടെ മുഖഭാവം മാറും. പക്ഷേ ക്രിസ്തുവിന്റെ മുഖഭാവം മാറുകയില്ല. മനുഷ്യർ തെറ്റിദ്ധരിക്കും; ക്രിസ്തു എന്നും ശരിയായി

മാത്രമേ ധരിക്കുകയുള്ളൂ.

കാരണം, “അവന്നു വികാരമോ ഗതിഭേദത്താലുള്ള ആച്ഛാദനമോ ഇല്ല.” യാക്കോബ് 1 : 17

"He shines for ever without change or shadow." L.B

"Father of the Heavenly lights who does not change like shifting shadows." NIV.

നമ്മുടെ കർത്താവ് തന്റെ ഗിരിപ്രഭാഷണത്തിനൊടുവിൽ പറഞ്ഞു:

> “എന്റെ ഈ വചനങ്ങളെ കേട്ടു ചെയ്യുന്നവൻ ഒക്കെയും പാറമേൽ വീടു പണിത ബുദ്ധിയുള്ള മനുഷ്യനോടു തുല്യമാകുന്നു. വൻമഴ ചൊരിഞ്ഞു നദികൽ പൊങ്ങി കാറ്റു അടിച്ചു ആകയാൽ വീണില്ല. എന്റെ ഈ വചനങ്ങളെ കേട്ടു ചെയ്യാത്തവൻ ഒക്കെയും മണലിൻമേൽ വീടു പണിത മനുഷ്യനോടു തുല്യനാകുന്നു. വൻമഴ ചൊരിഞ്ഞു, നദികൾ പൊങ്ങി, കാറ്റു അടിച്ചു, ആ വീട്ടിന്മേൽ അലെച്ചു, അതു വീണു; അതിന്റെ വീഴ്ച വലിയതായിരുന്നു.”
>
> വി. മത്തായി 7 : 24 – 27

ദൈവത്തിന്റെ മാറ്റമില്ലാത്ത വചനത്തിൽ അടിയുറച്ച് നില്ക്കുന്നവനാണ് നമ്മുടെ കർത്താവ് അരുളിച്ചെയ്യുന്നത്. വചനത്തിലേയ്ക്കല്ലാതെ മറ്റൊരാശയത്തിലേക്കും ആദർശത്തിലേക്കും തത്വചിന്തയിലേക്കും ഒന്നും നാം നോക്കിപ്പോകരുത്. വചനമായിരിക്കണം നമ്മെ ഭരിക്കുന്നത്; മറ്റൊന്നും നമ്മെ നിയന്ത്രിക്കരുത്.

[redacted]



യെശയ്യാവ് പറയുന്നു: "തിൻമയ്ക്ക് നൻമയൊന്നും നൻമയ്ക്ക് തിൻമയൊന്നും പേർ പറകയും ഇരുട്ടിനെ വെളിച്ചവും വെളിച്ചത്തെ ഇരുട്ടും ആക്കുകയും കൈപ്പിനെ മധുരവും മധുരത്തെ കൈപ്പും ആക്കുകയും ചെയ്യുന്നവർക്കു അയ്യോ കഷ്ടം!" യെശ. 5 : 20

ക്രിസ്തുവാകുന്ന പാറമേൽ നില്ക്കാത്തതുകൊണ്ടാണ് തിൻമയെ നൻമയെന്ന് കരുതുന്നത്. വചനമാകുന്ന പാറമേൽ ഊന്നാത്തതുകൊണ്ടാമ് ഇരുട്ടിനെ വെളിച്ചമെന്നും കൈയ്പിനെ മധുരമെന്നും തോന്നിപ്പോകുന്നത്.

വ്യഭിചാരം, വിവാഹമോചനം, മദ്യപാനം മുതലായ പാപങ്ങൾ സമൂഹത്തിൽ വലരെ ഹീനമെന്നു കണക്കാക്കിയിരുന്നു ഒരു കാലത്ത്. വിവാഹമോചം അത്ര വലിയ ഒരു പാപമായി ഇന്ന് കണക്കാക്കപ്പെടുന്നില്ല. പഴയ കാലങ്ങൾ വ്യഭിചാരത്തെയും മദ്യപാനത്തെയും വളരെ നിശിതമായും കർക്കശമായും നോക്കിയിരുന്നു. ഇന്നാകട്ടെ, അവ സിനിമ, ടി.വി., സാഹിത്യം മുതലായവയിൽ പ്രശംസിക്കപ്പെടുകയാണ്.

പണ്ടു കാലങ്ങളിൽ വിദ്യാഭ്യാസ്ഥാപനങ്ങളിൽ ആൺകുട്ടികളും പെൺകുട്ടികളും തമ്മിൽ മാന്യമായ ഒരകൽച്ച പാലിച്ചിരുന്നു. ഇന്ന് ഒരു പെൺകുട്ടിയെ പ്രേമത്തിൽ കുടുക്കുന്നില്ലെങ്കിൽ അതൊരു കഴിവുകേടായിട്ടാണ് വിദ്യാർത്ഥികൾ അനേകരും കരുതുന്നത്.

ദേശങ്ങൾ മാറുമ്പോഴും സാൻമാർഗ്ഗിക നിലവാരം മാറുന്നു. ഇൻഡ്യയിൽ അന്തസ്സുറ്റ മാതൃക പാലിക്കുന്ന യുവാക്കൾ പാശ്ചാത്യരാജ്യങ്ങളിൽ കുത്തഴിഞ്ഞ സ്ത്രീപുരുഷബന്ധങ്ങളിൽ അഭിമാനം കൊള്ളുന്നതായി കാണുന്നു. യേസുക്രിസ്തു വെച്ചിരിക്കുന്ന മാനദണ്ഡത്തിനയവുണ്ടോ?

സ്ഥലമോ കാലമോ മാറിയാലും യേശുക്രിസ്തുവിന്റെ വചനങ്ങളിൽ നൽകിയിട്ടുള്ള സാൻമാർഗ്ഗിക നിലവാരത്തിന് മാറ്റമുണ്ടാകാൻ പാടില്ലല്ലൊ.

"സ്ത്രീയെ മോഹിക്കേണ്ടതിന് അവളെ നോക്കുന്നവൻ എല്ലാം ഹൃദയംകൊണ്ട് അവളോട് വ്യബിചാരം ചെയ്തുപോയി." എന്നതാണ് ക്രിസ്തു ൽകിയ നിലവാരം. മത്തായി 5:28 എത്രയെത്ര ലൈംഗിക ജീവശാസ്ത്രപരമായ ചില പ്രത്യേകതകൾ എന്നതിലുപരി മഹാപാപം എന്ന് കണക്കാക്കപ്പെടുന്നില്ല. തിൻമയെ നൻമയെന്ന് വിളിക്കുന്നു.

നമ്മുടെ യുവജനങ്ങൾ ഇന്ന് പാറമേലല്ല നില്ക്കുന്നത്. ഉറപ്പുള്ള പാറയിലല്ല കാലൂന്നിയിരിക്കുന്നത്. മനസ്സാക്ഷി പോലും അനേകർക്ക് മരവിച്ചിരിക്കയാണ്. അനേകരുടെ മനസ്സാക്ഷി വികൃതമായിരിക്കുകയാണ്. അതുകൊണ്ട് തിൻമയെന്ന് നൻമയെ വിളിച്ചുപോവുകയാണ്.

യൗവ്വനക്കാരുടെ മനസ്സാക്ഷിയെ സ്വാധീനപ്പെടുത്തുന്ന രാ,് ട്രീയ ചിന്താഗതികൾ, അദ്ധ്വാനം കൂടാതെ പണമുണ്ടാക്കാനുള്ള കവർച്ചകൾ, കൊള്ളകൾ, അഴിമതി, കൈക്കൂലി, കൊള്ളലാഭം, നികുതിവെട്ടിപ്പുകൾ, അശ്ലീല ചിത്രങ്ങൾ, പരീക്ഷാഹോളിലെ തന്ത്രങ്ങൾ, കളവുകൾ, റാഗിംഗ്, സ്ത്രീപീഡനങ്ങൾ, ബലാൽസംഗങ്ങൾ, തിൻമയെ ന്യായീകരിക്കുന്ന ചിത്രങ്ങൾ, ഗ്രന്ഥങ്ങൾ, സകലതിലുപരി ദൈവവിശ്വാസത്തെ പുച്ഛിക്കുകയും അവഗണിക്കുകയും ചെയ്യുന്ന പ്രവണതകൾ എന്നിങ്ങനെ തിൻമയായ സകലതിനും നൻമയുടെ ചില ന്യായീകരണങ്ങൾ ആധുനിക സമൂഹം നൽകുന്നു.

എന്നാൽ കാലത്തിന്റെ വിവിധ ദുഷ്പ്രവണതകളെയും അതിജീവിച്ച ഒരു പാറയുണ്ട്. യുഗങ്ങളുടെ പാറയുണ്ട്. ഒരിക്കലും ഇളകാത്ത ഒരു പാറയുണ്ട്. കാലത്തിന്റെ വേലിയേ

റ്റങ്ങളുടെ മുന്നിൽ തകരാത്ത ഒരു പാറയുണ്ട്. ശാസ്ത്ര ത്തിന്റെ അതിപ്രസരത്തിന്റെ മുന്നിൽ ചലിക്കാത്ത ഒരു പാറ യുണ്ട്. തത്വചിന്തകളുടെ ദാർശനികാക്രമണങ്ങളുടെ മുന്നിൽ ആടിയുലയാത്ത ഒരു പാറയുണ്ട്.

ആ പാറയത്രേ ക്രിസ്തു. ആ പാറയത്രേ ക്രിസ്തുവിന്റെ വചനം. ആഴക്കുഴിയിൽ കിടന്ന് വലഞ്ഞ അനേകരെ ഉറ പ്പിച്ച് നിറുത്തിയ പാറയാണത്. ആക്രമണങ്ങളുടെ തിരമാല കൾ ആഞ്ഞടിച്ചപ്പോഴും ഇളകാതെ നിന്ന പാറയാണത്. രാജാക്കന്മാരുടെയും ഭരണകർത്താക്കളുടെയും പടവാളുകൾ നിരന്തരം ആഞ്ഞുവെട്ടിയപ്പോഴും അല്പം പോലും അടർന്നു പോകാത്ത പാറയാണത്. ചരിത്രകാരൻമാരും ശാസ്ത്ര ജ്ഞൻമാരും തത്വചിന്തകൻമാരും ആഞ്ഞു പരിശ്രമിച്ചിട്ടും ഒരണുപോലും ചലിക്കാതെ യുഗങ്ങളെ അതുജീവിച്ച പാറ യാണത്. ആ പാറ ക്രിസ്തു തന്നേ.

“ഞാൻ ചെയ്‌വാൻ ഇച്ഛിക്കുന്ന നൻമ ചെയ്യുന്നില്ലല്ലോ; ഇച്ഛിക്കാത്ത തിൻമയത്രേ പ്രവർത്തിക്കുന്നത്..... അയ്യോ ഞാൻ അരിഷ്ട മനുഷ്യൻ” എന്ന് വിലപിച്ച തർസോസുകാരൻ ശൗലിനെ ഉറപ്പിച്ചു നിറുത്തിയ പാറയാണ് കർത്താവായ യേശുക്രിസ്തു.

പാപത്തിൻമേൽ ജയമില്ലാതെ തോറ്റ് പാപപ്രകൃതിയിൽ താണുകൊണ്ടിരിക്കുന്ന ശൗൽ തന്റെ വിനാശകരമായ സ്ഥിതിക്ക് പ്രതിവിധി കണ്ടെത്തിയത് എബ്രായ യൂണിവേ ഴ്സിറ്റി പ്രൊഫസറായ ഗമാലിയേലിന്റെ പാദത്തിലല്ല; താൻ പഠിച്ച് നേടിയ യവന തത്വചിന്തയിലുമല്ല; പിന്നെയോ, കർത്താ വായ യേശുക്രിസ്തുവിന്റെ അത്ഭുത കൃപയിലാണ്. ദമ സ്കോസിനുള്ള വഴിയിൽ നട്ടുച്ചനേരത്ത് തേജോമയനായ യേശുവിനെ കണ്ടെത്തിയപ്പോഴാണ്. റോമർ ലേഖനം എട്ടാം

അദ്ധ്യായത്തിൽ അദ്ദേഹം എഴുതി:

> "ജീവന്റെ ആത്മാവിന്റെ പ്രമാണം എനിക്ക് പാപത്തിന്റെയും മരണത്തിന്റെയും പ്രമാണ ത്തിൽനിന്ന് ക്രിസ്തു യേശുവിൽ സ്വാതന്ത്ര്യം വരുത്തിയിരിക്കുന്നു." റോമർ 8 : 2

മാന്യ സ്നേഹിതാ, ശൗൽ മാനസാന്തരത്തിന് മുമ്പെ യേശുവിനെ ദ്വേഷിക്കുകയും യേശുവിന്റെ അനുയായികളെ ഉപദ്രവിക്കുകയും ചെയ്തിരുന്നതുപോലെ നീ ഇന്ന് നൻമയെ തിൻമയെന്ന് കണക്കാക്കി വഴുവഴുപ്പുള്ള നിലത്താണോ ചവി ട്ടിനില്ക്കുന്നത്. ശൗലിന്റെ മാനസാന്തരത്തിനുശേഷം നൻമയെ നൻമയെന്ന് കാണാൻ അദ്ദേഹത്തിന് കഴിഞ്ഞതുപോലെ ഒരു പുതിയ കാഴ്ചപ്പാടിലേക്ക് വരാൻ നിനക്ക് മനസ്സുണ്ടോ?

എങ്കിൽ നിന്നെ ആഴമുള്ള കുഴിയിൽനിന്നും കുഴഞ്ഞ ചേറ്റിൽനിന്നും കരേറ്റാനും നിന്നെ ഉറപ്പുള്ള പാറമേൽ നിറു ത്താനും ക്രിസ്തു ഇതാ നിന്റെ അരികത്ത് നില്ക്കുന്നു. നിന്റെ നാവിൽ പുതിയൊരു പാട്ടു തരാൻ ക്രിസ്തു മനസ്സ ലിവോടെ വന്ന് നിന്റെ ഹൃദയവാതിൽക്കൽ മുട്ടുന്നു.

ഒരു വാക്ക് നീ അവനോട് പറയൂ: "നാഥാ, ഇന്നു മുതൽ ഞാൻ നിന്റെ വക. യേശുവേ, ഇന്നു മുതൽ ഞാൻ നിന്റെ അടിമ."

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

# ഏഴ്

"എന്റെ കാലുകളെ ഒരു പാറമേൽ നിർത്തി, എന്റെ ഗമനത്തെ സ്ഥിരമാക്കി. അവൻ എന്റെ വായിൽ പുതിയൊരു പാട്ടു തന്നു, നമ്മുടെ ദൈവത്തിനു സ്തുതി തന്നേ; പലരും അതു കണ്ട് ഭയപ്പെട്ട് യഹോവയിൽ ആശ്രയിക്കും."

സങ്കീ. 40 : 2 – 3

പാപത്തിന്റെ പടുകുഴിയിൽ വീണുപോയ ദാവീദിനെ ദൈവം ഉയർത്തി. നാശത്തിന്റെ അഗാധഗർത്തത്തിൽ താണുപോയ ദൈവപുരുഷനെ കരുണയുള്ള കർത്താവ് കരേറ്റി ഇളകാത്ത പാറമേൽ നിറുത്തി. വഴുതിപ്പോകാത്ത പാറമേൽ നിറുത്തി. ഗമനത്തെ സ്ഥിരമാക്കി.

ആറ്, ഗമനം സ്ഥിരമാക്കി.

തിൻമയെ ജയിക്കാനാവാതെ നിരാശയിൽ താണുകൊണ്ടിരിക്കുകയായിരുന്നു തർസോസുകാരനായ ശൗൽ.

"എന്റെ ജഡത്തിൽ നൻമ വസിക്കുന്നില്ല എന്നു ഞാൻ അറിയുന്നു; നൻമ ചെയ്‌വാനുള്ള താല്പര്യം എനിക്കുണ്ട്; പ്രവർത്തിക്കുന്നതോ ഇല്ല. ഞാൻ ചെയ്‌വാൻ ഇച്ഛിക്കുന്ന നൻമ ചെയ്യുന്നി ല്ലല്ലോ; ഇച്ഛിക്കാത്ത തിന്മയത്രെ പ്രവർത്തിക്കുന്ന ത്. ഞാൻ ഇച്ഛിക്കാത്തതിനെ ചെയ്യുന്നു എങ്കിലോ അതിനെ പ്രവർത്തിക്കുന്നത് ഞാനല്ല. എന്നിൽ വസിക്കുന്ന പാപമത്രേ. അങ്ങനെ നൻമ ചെയ്‌വാൻ ഇച്ഛിക്കുന്ന ഞാൻ തിന്മ എന്റെ പക്കൽ ഉണ്ട് എന്നൊരു പ്രമാണം കാണുന്നു. ഉള്ളംകൊണ്ട് ഞാൻ ദൈവത്തിന്റെ ന്യായപ്രമാ ണത്തിൽ രസിക്കുന്നു. എങ്കിലും എന്റെ ബു ദ്ധിയുടെ പ്രമാണത്തോടു പോരാടുന്ന വേറൊരു പ്രമാണം ഞാൻ എന്റെ അവയവങ്ങളിൽ കാണുന്നു; അതു എന്റെ അവയങ്ങളിലുള്ള പാപപ്രമാണത്തിന്നു എന്നെ ബദ്ധനാക്കിക്കളയു ന്നു. അയ്യോ, ഞാൻ അരിഷ്ടമനുഷ്യൻ: ഈ മര ണത്തിന്നു അധീനമായ ശരീരത്തിൽനിന്ന് എന്നെ ആർ വിടുവിക്കും?" റോമർ 7: 18 – 24

ഇങ്ങനെ പ്രലപിച്ചിരുന്ന ആളായിരുന്നു ശൗൽ. ആത്മാ വിന്റെ അത്ഭുത കൃപയാൽ ഒരു ജയജീവിതം അദ്ദേഹം അനുഭവിച്ചു. തനിക്ക് സ്വന്തമായി സാദ്ധ്യമാകാതിരുന്ന വിജയം പരിശുദ്ധാത്മാവ് അദ്ദേഹത്തിന് സാധിച്ചുകൊടുത്തു. അദ്ദേ ഹത്തിന്റെ കണ്ണിൽനിന്ന് ചെതുമ്പൽ പോലെ ഒന്ന് വീണു പോയി. അപ്പോ. പ്രവൃത്തികൾ 9 : 18

പരിശുദ്ധാത്മാവനിന്റെ വീണ്ടെടുപ്പിൻ ശക്തിയാലും കൃപ യാലും ശൗലിന്റെ പ്രകൃതി മാറി; സ്വഭാവം മാറി; കാഴ്ച

പ്പാട് മാറി; മനോഭാവം മാറി. ജീവിതമൂല്യങ്ങൾ യഥാസ്ഥാനത്തായി. ശൗൽ ഉറപ്പുള്ള പാറമേൽ നിന്നു. അല്ല, കർത്താവ് അവനെ ഉറപ്പുളഅള പാറമേൽ നിറുത്തി.

ശൗൽ പൗലോസ് അപ്പോസ്തലനായി മാറി. ശൗലിന്റെ ശമനം സ്ഥിരമായി. ദാവീദിന്റെ ഗമനം സ്ഥിരമായി. ചാഞ്ചല്യങ്ങളകന്നുപോയി. സംശയങ്ങൾ മാറിപ്പോയി. ആശങ്കകൾ നീങ്ങിപ്പോയി. അവിശ്വാസങ്ങൾ ദഹിച്ചുപോയി.

പ്രിയ ദൈവപൈതലേ, നിന്റെ ഗമനം സ്ഥിരമാകാൻ നിനക്കാഗ്രഹമുണ്ടോ? എന്നും വീണും എഴുന്നേറ്റും വീണും എഴുന്നേറ്റും ഇനിയും വലയണമോ?

ഇന്നിതാ, ഒരു തീരുമാനം എടുക്കും. നാളെ തീരുമാനം ലംഘിക്കും. പിന്നെ നിരാശയാകും. അതോടെ കൂടുതൽ പാപത്തിലേക്ക് താഴും. നിനക്കൊരു കാലത്തും ജയിക്കാൻ സാധിക്കയില്ല എന്ന് പിശാച് നിനക്ക് ആലോചന തരും. ആദ്യമാദ്യം കരേറാൻ ശ്രമിച്ചിരുന്നു. ഇപ്പോൾ പരിശ്രമം പോലും ഇല്ല. ഞാൻ കയറിയാലും പിന്നെയും വീഴുമല്ലോ എന്ന് കൊടിയ നിരാശയയിൽ നീ താണുപോകും.

സ്നേഹിതാ ഇതാണോ നിന്റെ അനുഭവം? പ്രിയ സഹോദരീ, ഇതുപോലെ നീ നിരാശയിൽ താഴുകയാണോ? എങ്കിൽ വിശ്വസിക്കൂ. നിന്റെ ഗമനം സ്ഥിരമാക്കുന്ന ഒരു കർത്താവുണ്ട്. നിനക്ക് ജയം തരാൻ കരുത്തനായ ഒരു യേശുവുണ്ട്.

അവൻ ജയിക്കുന്നവനായും ജയിപ്പാനായും പുറപ്പെട്ടവനാണ്. വെളി. 6 : 2. അവൻ ജയാളിയത്രേ. അവൻ യുദ്ധവീരനായ യഹോവയത്രേ. അവൻ ജയ വീരനായ യൂദായുടെ സിംഹമത്രേ. അവൻ പാപിയുടെ പാപം വഹിച്ച് കരുളറക്ക

പ്പെട്ട ഊനമില്ലാത്ത കുഞ്ഞാടത്രേ. അവൻ സർവ്വലോകത്തിന്റെയും പാപത്തെ വഹിക്കുന്ന ദൈവത്തിന്റെ അരുമകുമാരനുമത്രേ. അവൻ നിരാശയിലാണ്ടുപോകുന്നവനെ കോരി എടുക്കുന്ന സ്നേഹത്തിന്റെ നിറവത്രേ. അവൻ ചെളിയിൽ താണുപോയവനെ വലിച്ചെടുത്ത് തിരുരക്തത്താൽ കഴുകി വെടിപ്പാക്കുന്ന ദൈവകൃപയുടെ ആരോമൽകുമാരനത്രേ. അവൻ അശുദ്ധനെ വിശുദ്ധനാക്കുന്ന പരിശുദ്ധൻമാരിൽ പരിശുദ്ധനത്രേ.

അവൻ പവിത്രൻ, നിർദ്ദോഷൻ, നിർമ്മലൻ, പാപികളോട് വേർവിട്ടവൻ, സ്വർഗ്ഗത്തേക്കാൾ ഉന്നതനായിത്തീർന്നവൻ. അവൻ രാജാധി രാജനത്രേ. അവൻ ന്യായാധിപതികളുടെ ന്യായാധിപതിയത്രേ. അവൻ അന്തമില്ലാത്ത അന്തവും ആദിയില്ലാത്ത ആദിയുമത്രേ. അവൻ ദാവീദിന്റെ വേരും വംശവും ശുഭ്രമായ ഉദയനക്ഷത്രവുമത്രേ. അവൻ ആത്മാക്കളുടെ ഉടയവനത്രേ. അവൻ കൃപയുടെ നിറവത്രേ. അവൻ കാരുണ്യക്കടലത്രേ. അവൻ സ്വർല്ലോകരുടെയും ഭൂസലോകരുടെയും അധോലോകരുടെയും മുഴങ്കാൽ ഒക്കെയും തന്റെ തിരുമുമ്പിൽ വണങ്ങുന്ന നിത്യോന്നതനത്രേ. അവൻ ജീവൻ നൽകുവാനും സമൃദ്ധിയായ ജീവൻ നൽകുവാനും വന്ന പാപിയുടെ വീണ്ടെടുപ്പുകാരനത്രേ.

പ്രിയ സ്നേഹിതാ, നിന്റെ ഗമനത്തെ സ്ഥിരമാക്കാൻ ഈ കർത്താവായ യേശുക്രിസ്തുവിന് കഴിയും എന്ന് നീ വിശ്വസിക്കുന്നുവോ?

ഏറെക്കാലം ആഴമുള്ള പാപക്കുഴിയിലും നിരാശയുടെ കുഴഞ്ഞചേറ്റിലും കിടന്ന് വലഞ്ഞതിനുശേഷം കർത്താവിന്റെ അത്ഭുതകൃപയാൽ ഒന്ന് കരേറ്റം കിട്ടി ഉറപ്പുള്ള പാറമേൽനിന്ന് ഗമനം സ്ഥിരമായിത്തീർന്ന ഒരാളാണ് എറണാ

[redacted]



കുളം ടെലഫോൺസിലെ അക്കൌണ്ട്സ് ഓഫീസറായ മാത്യൂസ്.

മാത്യൂസിന് ഗമനം സ്ഥിരമായതെങ്ങനെയെന്ന് നമുക്ക് നോക്കാം.

മാത്യൂസിന്റെ ജീവിതത്തിൽ പഴയ കാലത്തേക്ക് നോക്കിയാൽ എടുത്തുപറയത്തക്കതായി എന്തെല്ലാമുണ്ട്?

എന്റെ ഓർമ്മവെച്ചകാലം മുതൽ ഞാൻ കടുത്ത നിരാശയിലായിരുന്നു. വീട്ടിലെ അന്തരീക്ഷം വളരെ കഷ്ടത നിറഞ്ഞതും ദു:ഖപൂർണ്ണവുമായിരുന്നു.

പഠിത്തം കഴിഞ്ഞ ഉടനെ എനിക്ക് ടെലഫോൺസിൽ ജോലി കിട്ടി. ജീവിതവരുമാനം കിട്ടിയെങ്കിലും എനിക്ക് മനസമാധാനം കിട്ടിയില്ല. ഞാൻ പ്രാർത്ഥിക്കാറുണ്ട്. ബൈബിൾ വായിക്കാറുണ്ട്. വചനം പ്രസംഗിക്കുന്നത് കേൾക്കാറുണ്ട്. പക്ഷേ ഒരു ശരിയായ ദൈവവിശ്വാസം എനിക്ക് ഉണ്ടായിരുന്നില്ല. ദൈവം ഉണ്ടോ, ദൈവം പ്രാർത്ഥന കേൾക്കുമോ എന്നൊക്കെ എനിക്ക് സംശയചിന്തകൾ വരാറുണ്ടായിരുന്നു.

മനസ്സ് എപ്പോഴും കലങ്ങിയിരുന്നു. ഒരാവശ്യവുമില്ലാത്ത ചിന്തകൾ, ഒരു കാര്യവുമില്ലാത്ത വിചാരങ്ങൾ മനസ്സിൽകൂടെ പോയിരുന്നു. കലങ്ങിമറിയുന്ന ചെളിവെള്ളം പോലെ എന്റെ മനസ്സ് എപ്പോഴും ഇളകിമറിഞ്ഞുകൊണ്ടിരുന്നു.

അഴുക്കുവികാരങ്ങളും വളരെ മ്ലേച്ഛമായ മോഹങ്ങളും എന്റെ ഉള്ളിലുണ്ടായിരുന്നു. പുറത്തു പറയാൻ അറയ്ക്കുന്ന ചിന്തകളും ആഗ്രഹങ്ങളും എന്റെ ഹൃദയം നിരയെ ഉണ്ടായിരുന്നു. ഇതിൽനിന്നെല്ലാം ഒരു മോചനം കിട്ടുമോ എന്ന് ഞാൻ പലപ്പോഴും നിരാശയോടെ ചിന്തിക്കാറുണ്ട്.

പിന്നെ മാനസാന്തരമുണ്ടായതെങ്ങനെ?

ഞാൻ വളരെ നിരാശനായി അങ്ങനെ കഴിയുമ്പോഴാണ് ഈ ഫെല്ലോഷിപ്പിലെ യോഗത്തിൽ പങ്കെടുത്തത്. അന്ന് വചനം കേട്ടുകൊണ്ടിരുന്നപ്പോൾ ഞാനന്നുവരെ അനുഭവിച്ചിട്ടില്ലാത്ത ഒരു ദിവ്യസുഖം ഞാനനുഭവിച്ചു. ഏതോ ഒരു സമാധാനം എന്റെ ഹൃദയത്തിലേക്ക് കടന്നുവന്നു. ഒരു പ്രത്യേക സന്തോഷവും സ്നേഹവും എന്റെ ഹൃദയത്തെ ആകെ കുളർപ്പിച്ചു. ഞാൻ സകലവും മറന്ന് എന്നെത്തന്നെ ക്രിസ്തുവിന്റെ ആണിപ്പാടുള്ള പാദത്തിലർപ്പിച്ചു. ഒരു പുതിയ അനുഭവത്തോടെയാണ് ഞാനിവിടെനിന്നെഴുന്നേറ്റത്.

അതിനുശേഷമുള്ള അനുഭവമെന്താണ്?

കുറെക്കാലത്തേക്ക് ഒരു വലിയ ആത്മലഹരിയിൽ ഞാൻ ജീവിച്ചു. വർണ്ണിക്കാനാവാത്ത സന്തോഷവും സമാധാനവും ഞാനനുഭവിച്ചു. എന്റെ സ്വബാവം പാടേ മാറി. എന്റെ അശുദ്ധചിന്തകൾ നിശ്ശേഷം പോയി. ദുശ്ശീലങ്ങളും അഴുക്കുനിറഞ്ഞ ദുഷ്പരിചയങ്ങളും എന്നെ വിട്ടകന്നുപോയി. എന്റെ അവിശ്വാസചിന്തകളും മാറി. എന്റെ കോപവും വാശിയും ഇഷ്ടക്കേടുമെല്ലാം ദൂരെദൂരെ മാറിമറഞ്ഞു.

എന്നാൽ ഈ സന്തോഷം ക്രമേണ മങ്ങിമങ്ങി വന്നു. എന്റെ ഉള്ളിലെ ശാന്തതയും സ്നേഹവും കുറഞ്ഞപകുറഞ്ഞുവന്നു. ഞാൻ പിന്നെയും നിരാശയിലേക്ക് താഴാൻ തുടങ്ങി.

എന്തായിരിക്കാം അതിനു കാരണം?

കാരണം എനിക്ക് മനസ്സിലായി. പാപം എന്റെ ഉള്ളിലേക്ക് വരാൻ ഞാനിടം കൊടുത്തു. ഞാൻ ദൈവത്തിന്റെ

[redacted]



വേലചെയ്യുന്ന ദൈവദാസൻമാരെ വിധിയ്ക്കാനും അവർക്ക് തെറ്റുപറ്റുന്നുണ്ടോ എന്ന് നിരീക്ഷിക്കാനും തുടങ്ങി. അവർ പൂർണ്ണവിശുദ്ധിയോടെയാണോ നില്ക്കുന്നത് എന്ന് ചിന്തിക്കാനും അവരിൽ കുറ്റം കണ്ടെത്തുവാനും തുടങ്ങി. ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ വചനത്തെയും പരിശുദ്ധാത്മാവ് ഇറങ്ങിനിന്ന് പ്രവർത്തിക്കുന്ന ദൈവത്തിന്റെ പരിശുദ്ധ ദാസൻമാരെയും അവിശ്വസിച്ചു തുടങ്ങി. എന്റെ പഴയ ദുശ്ശീലങ്ങളും ചീത്ത ചിന്തകളും എന്റെ ജീവിതത്തിലേക്ക് ഇരച്ചുകയറാൻ തുടങ്ങി. ഞാൻ ആഴമുള്ള കുഴിയിലും കുഴഞ്ഞ ചേറ്റിലും വീണു കിടക്കുകയാണെന്ന് എനിക്ക് മനസ്സിലായി.

ദൈവം ഇല്ല എന്ന ചിന്ത വീണ്ടും എന്നെ ബാധിച്ചു. മുമ്പുണ്ടായിരുന്ന പൈശാചിക വ്യാപാരങ്ങളെല്ലാം പതിൻമടങ്ങി വർദ്ധിച്ചു. ദുരാത്മാവ് വിട്ടുപോയതിനുശേഷം തന്നിലും ദുഷ്ടതയേറിയ വേറെ ഏഴാത്മക്കളെ കൂട്ടിക്കൊണ്ടുവന്ന് ഹൃദയത്തിൽ പ്രവേശിക്കുമെന്നുള്ള വചനമോർത്തപ്പോൾ ഞാൻ കൂടുതൽ അസ്വസ്ഥനായി. വലിയ നിരാശയിലുമായി.

പിന്നെ ഈ അവസ്ഥക്ക് മാറ്റം വന്നതെങ്ങനെയാണ്?

തീരെ വശം കെട്ട് വലഞ്ഞപ്പോഴാണ് ഞാനന്ന് സാറിനെ കാണാൻ വന്നത്. അന്ന് സംസാരിച്ച് പ്രാർത്ഥിച്ചു കഴിഞ്ഞപ്പോൾ എന്റെ തലയിൽനിന്ന് വലിയൊരു ചുമട് ഇറങ്ങിപ്പോയതുപോലെ എനിക്ക് അനുഭവമായി. ആദ്യസ്നേഹം എനിക്ക് തിരിച്ചുകിട്ടി. കർത്താവിന്റെ വേലയിൽ പങ്കാളിയായി ഒരു രഹസ്യവിശുദ്ധനായി മരണംവരെ ജീവിക്കണമെന്നാണ് എന്റെ തീരുമാനം. സ്തോത്രം.

മാത്യൂസിന്റെ ഗമനം സ്ഥിരമാക്കിയ ഒരു നല്ല ദൈവം

ജീവിക്കുന്നു.

ദാവീദിന്റെ മഹാപാപത്തെക്കുറിച്ച് നമുക്കറിയാം. ദാവീദിന്റെ അനുതാപത്തിന്റെ പ്രാർത്ഥന ശ്രദ്ധിക്കൂ. ദാവീദ് പശ്ചാത്താപത്തോടെ നുറുങ്ങിയ ഹൃദയത്തോടെ കരഞ്ഞ് പ്രാർത്ഥിക്കുകയാണ്.

“കർത്താവേ, ഞാൻ നിന്നോട്. നിന്നോടുതന്നേ പാപം ചെയ്തു. നിനക്ക് വിരോധമായി ഞാൻ പാപം ചെയ്തിരിക്കുന്നു. നിന്റെ സോപ്പാകൊണ്ട് എന്നെ കഴികേണമേ. ഈസോപ്പുകൊണ്ട് എന്നെ ശുദ്ധീകരിക്കേണമേ. നിർമ്മല ജലം എന്റെ മേൽ തളിക്കേണമേ. എന്നെ കഴുകേണമേ. അപ്പോൾ ഞാൻ നിർമ്മലനാകും. അപ്പോൾ ഞാൻ ഹിമത്തേക്കാൾ വെണമയാകും.”

ദൈവം ദാവീദിന്റെ പ്രാർത്ഥന കേട്ടു. ദാവീദിന്റെ പാപങ്ങൾ ക്ഷമിച്ചുകൊടുത്തു. ദാവീദിനെ മുഴുവനായി യഥാസ്ഥാനപ്പെടുത്തി. ദാവീദിനെ ഉറപ്പുള്ള പാറമേൽ നിറുത്തി. ദാവീദിന്റെ ഗമനം സ്ഥിരമാക്കി.

ദാവീദ് വീഴ്ചയ്ക്കും എഴുന്നേൽപിനും ശേഷമാണ് ഏറ്റവും വലിയ സങ്കീർത്തനങ്ങൾ രചിച്ചത്. ഈ അനുതാപ പ്രാർത്ഥനയ്ക്കുശേഷമാണ് ദാവീദിന്റെ ജീവിതത്തിലെ ഏറ്റവും മഹത്തായ നാളുകൾ ചെലവഴിച്ചത്. ദൈവം ദാവീദിന്റെ ഗമനം സ്ഥിരമാക്കി.

ബഹുമാന്യസ്നേഹിതാ, കൂടെക്കൂടെ വീണും എഴുന്നേറ്റും തോറ്റും തിരുത്തിയും ആടിയും ഉലഞ്ഞുമുള്ള ജീവിതം ഒന്നു മതിയാക്കാൻ നിനക്കാഗ്രഹമുണ്ടോ? സ്ഥിരമായി നടപ്പാൻ നിനക്ക് താല്പര്യമുണ്ടോ? വീഴാതവണ്ണം നിങ്ങളെ സൂക്ഷിച്ച് തന്റെ മഹിമാസന്നിധിയിൽ കളങ്കമില്ലാത്തവരായി

ആനന്ദത്തോടെ നിന്നെ നിറുത്തുവാൻ ക്രിസ്തു ശക്തതനാണെന്ന് നീ വിശ്വസിക്കുന്നുവോ? യൂദാ. 24

നിങ്ങളുടെ ആത്മാവും പ്രാണനും ദേഹവും അശേഷം നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ അനിന്ദ്യമായി വെളിപ്പെടുംവണ്ണം കാക്കുവാൻ ശക്തനും മതിയായവനുമാണ് ക്രിസ്തുയേശു എന്ന് താങ്കൾ വിശ്വസിക്കുന്നുവോ? 1 തെസ്സ. 5 : 23

എങ്കിൽ ക്രിസ്തു നിനക്ക് ജയം തരും. ക്രിസ്തു നിന്റെ ഗമനത്തെ സ്ഥിരമാക്കും. സ്ഥിരതയോടെ ഓട്ടം ഓടി ലക്ഷ്യസ്ഥാനത്തെത്തിയ സാക്ഷികളുടെ വലിയൊരു സമൂഹം നിന്റെ ചുറ്റും നില്ക്കുന്നുണ്ട്. അതു കണ്ടുകൊണ്ട് വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ യേശുവിനെ നോക്കി, സകല ഭാരവും മുറുകെപ്പറ്റുന്ന പാപവും വിട്ട് നിന്റെ ഓട്ടം സ്ഥിരതയോടെ ഓടുക. എബ്രായർ 12:1–2.

ക്രിസ്തുവിലേക്ക് നോക്കുക. അവനെ മാത്രം ലാക്കാക്കുക. അവനിൽ മാത്രം ആശ്രയിക്ക. ജീവിതം അത്യുന്നതന്റെ കൈകളിലേക്ക് ഏല്പിക്കുക. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

# എട്ട്

“അവൻ എന്റെ വായിൽ പുതിയോരു പാട്ടു തന്നു, നമ്മുടെ ദൈവത്തിന്നു സ്തുതി തന്നെ; പലരും അതു കണ്ട് ഭയപ്പെട്ട് യഹോവയിൽ ആശ്രയിക്കും.” സങ്കീ. 40 : 3

ആഴമുള്ള കുഴിയിൽനിന്നും കുഴഞ്ഞ ചേറ്റിൽനിന്നും കര കയറിയ ദാവീദ് ഉറപ്പുള്ള പാറമേൽ നിന്നുകൊണ്ട് സ്തുതി ആരംഭിച്ചു. പുതിയൊരു പാട്ട് ദാവീദിന് ലഭിച്ചു. നിരന്തരം ദൈവത്തെ സ്തുതിക്കാനുള്ള സൗഭാഗ്യം.

ഏഴ്, പുതിയ പാട്ടു ലഭിച്ചു.

സ്തുതിയാണ് ആരാധന. നിരന്തരം തോറ്റുകൊണ്ടിരുന്ന ആൾ ജയിക്കുമ്പോൾ ലഭിക്കുന്ന നന്ദിയാണ് സ്തുതി. നിരന്തരം വീണുകൊണ്ടിരുന്ന ആൾ എഴുന്നേൽക്കുമ്പോൾ ഉളവാകുന്ന സന്തോഷത്തിൽനിന്നാണ് സ്തുതി ഉറവെടുക്കുന്നത്. ഒരിക്കലും സാദ്ധ്യമല്ല എന്ന് ധരിച്ചിരുന്ന കാര്യം സാദ്ധ്യ

[redacted]



മാകുമ്പോൾ ലഭിക്കുന്ന സ്തുതിയാണ് ആരാധന.

അതാണ് പുതിയ പാട്ട്.

യാക്കോബ് പറഞ്ഞു:

> "നിങ്ങളിൽ കഷ്ടമനുഭവിക്കുന്നവൻ പ്രാർത്ഥിക്കട്ടെ, സുഖം അനുഭവിക്കുന്നവൻ പാട്ടു പാടട്ടെ." 5 : 13

സുഖമനുഭവിക്കുന്നവനാണ് പാട്ടു പാടുന്നത്. ഹൃദയസമാധാനവും സന്തോഷവുമാണ് പാട്ടിന്റെ ഉറവിടം. സന്തോഷവും സമാധാനവുമുള്ള ജീവിതമാണ് സുഖമുള്ള ജീവിതം.

നിർഭാഗ്യവശാൽ അനേകം ഹൃദയങ്ങൾ ഇന്ന് അസ്വസ്ഥമാണ്. അനേകം കുടുംബങ്ങളിൽ ഇന്ന് ഐക്യമില്ല. പരസ്പരം വിശ്വാസമില്ല. പരസ്പരം ഇണക്കമില്ല. പരസ്പരം സ്നേഹമില്ല.

അവിടെ പാട്ടില്ല. പാട്ടുണ്ടായിരുന്നു. ഇന്ന് പാട്ടില്ല. സ്നേഹവും സന്തോഷവും സമാധാനവും ഉണ്ടായിരുന്നു; പക്ഷേ, ഇന്ന് പാട്ടുപോയി. അധരങ്ങൾ അടഞ്ഞഞ്ഞിരിക്കുകയാണ്.

ദാവീദിന്റെ ചുണ്ടുകൾ അടഞ്ഞുപോയിരുന്നു. യിസ്രായേലിന്റെ മധിരഗായകൻ മൂകനായിപ്പോയി. മൃദുലമോഹന തന്ത്രികൾ മീട്ടിയിരുന്ന കൈകളെ പാപത്തിന്റെ ചങ്ങലകൊണ്ട് ശത്രു ബന്ധിച്ചു. പാട്ടു പൊയ്പോയ അവസ്ഥ ഭയാനകം!

ഇപ്പോൾ ബന്ധനം അഴിഞ്ഞു, പാട്ട് ലഭിച്ചു. പാറമേൽ കാലൂന്നി നിന്നു. പുതിയൊരു പാട്ട്. സ്തുതിയെന്ന പുതിയ പാട്ട്.

പാരിലാരും പാടിടാത്ത പാട്ടു നമ്മൾ പാടും -
പാരിലാരും ചൂടിടാത്ത വാടാമുടി ചൂടും.

എന്ന് ഭക്തൻ ആനന്ദലഹരിയിൽ പാടി.

ദാവീദിനെപ്പോലെ പുതിയ പാട്ടു ലഭിച്ച പലരെയും തിരുവചനത്തിൽ കാണാം.

ഒന്ന്, ഹന്നാ മനോവ്യസനമുള്ളോരു സ്ത്രീയായിരുന്നു.

> "അവൾ മനോവ്യസനത്തോടെ യഹോവയോട് പ്രാർത്ഥിച്ച് വളരെ കരഞ്ഞു." 1 ശമൂവേൽ 1 : 10

ഹന്നായ്ക്ക് മക്കൾ ഉണ്ടായിരുന്നില്ല. അവളുടെ സപത്നിയായ പെനിന്നായ്ക്ക് മക്കൾ ഉണ്ടായിരുന്നു. പെനിന്നാ ഹന്നായെ പരിഹസിച്ചിരുന്നു. ഹന്നാ സങ്കടപ്പെട്ട് വാടിയ മുഖത്തോടെയും വാടിയ ഹൃദയത്തോടെയും ജീവിച്ചുപോന്നു.

ഒരു ദിവസം അവൾ മനോവ്യസനത്തോടെ വളരെ കരഞ്ഞു പ്രാർത്ഥിച്ചു. അവൾ ദൈവസന്നിധിയിൽ ഹൃദയം പകർന്നു. അവളുടെ ആകുലം പോയി. ദു:ഖമകന്നു. വാട്ടം മാറി.

കാരണം.

> "യഹോവ അവളെ ഓർത്തു. ഒരു ആണ്ടു കഴിഞ്ഞിട്ടു ഹന്നാ ഗർഭം ധരിച്ച് ഒരു മകനെ പ്രസവിച്ചു. ഞാൻ അവനെ യഹോവയോടു അപേക്ഷിച്ചുവാങ്ങി എന്നു പറഞ്ഞു അവന്നു ശമൂവേൽ എന്നു പേരിട്ടു." 1 ശമൂവേൽ 1 : 20

ഹന്നാ പിന്നീട് ദൈവത്തെ സ്തുതിക്കുകയാണ്. പുതിയ

പാട്ട് പാടുകയാണ്. "ഞാൻ യഹോവയോട് കഴിച്ച അപേക്ഷ യഹോവ എനിക്ക് നൽകിയിരിക്കുന്നു." 1 : 27 എന്ന നന്ദി യുടെയും സന്തോഷത്തിന്റെയും നിറവിൽനിന്നാണ് പുതിയ പാട്ടു പാടുന്നത്:

> "എന്റെ ഹൃദയം യോഹവയിൽ ആനന്ദിക്കുന്നു. എന്റെ കൊമ്പ് യഹോവയാൽ ഉയർന്നിരിക്കുന്നു..... നിന്റെ രക്ഷയിൽ ഞാൻ സന്തോഷിക്കുന്നു....... വിശന്നവർ വിശ്രമം പ്രാപിക്കുന്നു; മച്ചി ഏഴു പ്രസവിക്കുന്നു.... യഹോവ ദാരിദ്ര്യവും ഐശ്വര്യവും നൽകുന്നു. അവൻ താഴ്ത്തുകയും ഉയർത്തുകയും ചെയ്യുന്നു. അവൻ ദരിദ്രനെ പൊടിയിൽനിന്ന് നിവിർത്തുന്നു. അഗതിയെ കുപ്പയിൽനിന്ന് ഉയർത്തുന്നു."
>
> 1 ശമൂവേൽ 2 : 1 – 10

ഹന്നായുടെ പാട്ടിന്റെ ആകെത്തുക ദൈവത്തോടുള്ള നന്ദിയിൽ ഉള്ളു കുളിർത്തു എന്നതാണ്. പ്രാർത്ഥന കേൾക്കുന്ന ദൈവം അഗതിയെ കടാക്ഷിച്ചല്ലോ എന്ന നന്ദി.

ഹന്നായുടെ ജീവിതത്തിൽ സ്തുതി നൽകിയ ദൈവം നമ്മുടെയും ദൈവമാകുന്നു. അവൻ നമുക്ക് പുതിയ പാട്ടു നൽകും.

ആകുലങ്ങളും ആവലാധികളും കർത്താവ് മാറ്റി. ആശകളും ആഗ്രഹങ്ങളും നിറവേറ്റിത്തരുമ്പോൾ നമ്മുടെ വായിൽ പുതിയൊരു പാട്ടു ലഭിക്കും.

രണ്ട്, മോശയും യിസ്രായേൽമക്കളും പുതിയ പാട്ടു പാടി ഫറവോന്റെ അടിമത്തത്തിൽനിന്ന് മോചനം നേടിയപ്പോൾ പാടിയ പുതിയ പാട്ട്. പൈശാചിക ബന്ധനമഴിയു

മ്പോൾ പുതിയ പാട്ടു ലഭിക്കും. നെടുനാളുകളായി ബന്ധനത്തിലിരുന്നവർ ചെങ്കടൽ കടന്ന് മറുകരയെത്തിയപ്പോൾ പാടി:

> "ഞാൻ യഹോവയ്ക്ക് പാട്ടു പാടും, അവൻ മഹോന്നതൻ. കുതിരയെയും അതിന്മേൽ ഇരുന്നവനെയും അവൻ കടലിൽ തള്ളിയിട്ടിരിക്കുന്നു. എന്റെ ബലവും എന്റെ ഗീതവും യഹോവയത്രേ. അവൻ എനിക്ക് രക്ഷയായിത്തീർന്നു. അവൻ എന്റെ ദൈവം; ഞാൻ അവനെ സ്തുതിക്കും. അവൻ എന്റെ പിതാവിൻ ദൈവം, ഞാൻ അവനെ പുകഴ്ത്തും."
>
> പുറപ്പാട് 15 : 1 – 2

മോശയുടെ ഈ പാട്ടിന് പ്രതിഗാനമായി മോശയുടെയും അഹറോന്റെയും സഹോദരിയായ മിര്യാം കൈയിൽ തപ്പെടുത്തു. സ്ത്രീകളെല്ലാവരും തണുപ്പുകളോടും നൃത്തങ്ങളോടും കൂടെ അവളുടെ പിന്നാലെ ചെന്നു. മിര്യാം പ്രതിഗനമായി ചൊല്ലി:

> "യഹോവയ്ക്ക് പാട്ടു പാടുവിൻ, അവൻ മഹോന്നതൻ; കുതിരയെയും അതിന്മേൽ ഇരുന്നവനെയും അവൻ കടലിൽ തള്ളിയിട്ടിരിക്കുന്നു."
>
> പുറപ്പാട് 15 : 21

ബന്ധിതൻ മോചിതനാകുമ്പോൾ സന്തോഷത്തിന്റെ പുതിയ പാട്ടു പാടും. എനിക്കൊരിക്കലും സാദ്ധ്യമാകാത്ത മോചനം യേശുക്രിസ്തു നിർവ്വഹിച്ചു തന്നു എന്ന സത്യം അറിയുമ്പോൾ സ്തുതിയുടെയും സ്തോത്രത്തിന്റെയും പുതിയ പാട്ടു ലഭിക്കും.

ഒന്നാമത്തെ പുതിയ പാട്ട് ആകുലങ്ങളും ഭാരങ്ങളും

കർത്താവ് മാറ്റിയപ്പോൾ ഹന്നാ പാടിയത്.

രണ്ടാമത്തെ പുതിയ പാട്ട് ചെങ്കടൽ വറ്റിച്ച് അടിമത്ത ത്തിൽ നിന്ന് യിസ്രായേൽ മക്കളെ പുറപ്പെടുവിച്ചപ്പോൾ മോശ പാടിയത്.

മൂന്ന്, ശത്രുവിനോടുള്ള യുദ്ധത്തിൽ ജയിച്ചപ്പോൾ ജനത്തെ നടത്തിയവർ പാടിയത്.

ദെബോര എന്ന പ്രവാചകിയും ബാരാക്ക് എന്ന ന്യായാ ധിപതിയും കനാന്യരാജാവായ യാബീന്റെയും അവന്റെ സേനാനായകനായ സീസരയുടെയും ഉരുക്കുമുഷ്ടികളെ തകർത്ത് യിസ്രായേൽ മക്കൾക്ക് വിജയം നൽകി.

അവർ പാടുകയാണ്:

“ഞാൻ പാടും, യഹോവയ്ക്ക് ഞാൻ പാടും. യിസ്രായേ ലിൻ ദൈവമായ യഹോവയ്ക്ക് കീർത്തനം ചെയ്യും.”

ശത്രുഭീതിയിൽ വീർപ്പുമുട്ടികഴിയുകയായിരുന്നു യിസ്ര യേൽ മക്കൾ. കനാന്യർ ദൈവജനത്തെ നിരന്തരം പീഡി പ്പിക്കുകയും അവരുടെ വസ്തുവകകൾ കൊള്ളയിടുകയും ചെയ്തുകൊണ്ടിരുന്നു. യിസ്രായേൽജനം ശത്രുവിന്റെ ആക്ര മണങ്ങളിൽ ഭീതിപൂണ്ട് വലയുകയായിരുന്നു.

ആ പരാജയങ്ങളുടെ മദ്ധ്യത്തിലാണ് ദൈവം തന്റെ ജന ത്തിന് ജയം നൽകിയത്; ശത്രുവിനെ തോൽപ്പിച്ചത്.

ക്രിസ്തീയജീവിതം നിരന്തരം പൈശാചികനോട് പടവെ ട്ടുന്ന ജീവിതമാണ്. ശത്രുവിനോടുള്ള പോരാട്ടത്തിൽ ദൈവ മക്കൾ പലപ്പോഴും തോൽവിയടയാറുണ്ട്. അതിനു കാരണം ദൈവമക്കളുടെ ജീവിതത്തിൽ പാപം വരുന്നതാണ്. പാപം

41

എന്റെ ജീവിതത്തിൽ വരരുതെന്ന നിർബന്ധമുണ്ടെങ്കിൽ ജയ ജീവിതം സാദ്ധ്യമാകും. ജയജീവിതത്തിൽനിന്നുളവാകുന്ന നന്ദിയും സന്തോഷവുമാണ് ആരാധനയുടെ അടിക്കല്ലുകൾ.

സ്തുതിയെന്ന പാട്ടു ലഭിച്ച ഒരു ഭാഗ്യശാലിയാണ് മൂവാറ്റുപ്പുഴ അടുത്ത് പായിപ്ര എന്ന സ്തലത്ത് പ്രൈമറി ഹെൽത്ത് സെന്ററിലെ ഡോക്ടറായി സേവനമനുഷ്ഠിക്കുന്ന ഡെയ്സി ജോർജ്ജ്. ഡോ. ഡെയ്സിയുടെ ജീവിതത്തിൽ സ്തുതി ലഭിക്കാനിടയായതെങ്ങനെ എന്ന് നമുക്കിപ്പോൾ ചോദിച്ചറിയാം.

ഡെയ്സിയുടെ ക്രിസ്തീയജീവിതത്തിലെ അനുഭവങ്ങൾ ഒന്ന് വിവരിക്കാമോ?

സാറ് എന്നെ പഠിപ്പിച്ചിട്ടുണ്ടല്ലൊ. എല്ലാ അദ്ധ്യാപകരുടെയും വാത്സല്യഭാജനമായിരുന്നു ഞാൻ. എന്റെ അപ്പച്ചൻ ശ്രീ. വി. മർക്കോസ് ഒരദ്ധ്യാപകനായിരുന്നതുകൊണ്ടും ഒരു നീതിമാനായിരുന്നുതുകൊണ്ടും നല്ല അച്ചടക്കത്തിലും ഭക്തിയിലുമാണ് എന്നെ വളർത്തിയത്.

ബാല്യകാലം മുതൽതന്നെ വീട്ടിൽ രണ്ടുനേരവും നമസ്ക്കാരവും നോമ്പ്, വേദപുസ്തപുസ്തകവായന, പള്ളിയാരാധന, സണ്ടേസ്കൂൾ എന്നിങ്ങനെ സഭാസംബന്ധമായ ഭക്തിജീവിതവും എനിക്കുണ്ടായിരുന്നു. നല്ല അനുസരണമുള്ള കുട്ടിയായി ഞാൻ വളർന്നുവന്നു.

കോലഞ്ചേരി കോളേജിൽനിന്ന് പ്രീഡിഗ്രി കഴിഞ്ഞ് ഞാൻ കോട്ടയം മെഡിക്കൽ കോളേജിൽ എം.ബി.ബി.എസിന് ചേർന്നു. അവിടെയും അരുതാത്ത കൂട്ടുകെട്ടിലൊന്നും പെടാതെ ആത്മീയമായ നിലവാരം നിലനിറുത്തിത്തന്നെ ഞാൻ ജീവിച്ചു.

സാർ മെഡിക്കൽ കോളേജിലേക്ക് എനിക്ക് ആദ്യം എഴുതിയ എഴുത്തിൽ എഴുതിയിരുന്നത് ഓർക്കുന്നുണ്ടോ?

"Keep your body, mind and spirit untouched."

ഡോ. ജോർജ്ജുവറുഗീസുമായി എന്റെ വിവാഹം നടന്നതോടെ ഞങ്ങൾ രണ്ടുപേരും ഗവ. ഹോസ്പിറ്റലിൽ ജോലി നേടി. വളരെ ശാന്തവും സമാധാനപരവുമായ ഒരു ജീവിതമാണ് ഞങ്ങൾ നയിച്ചിരുന്നത്. ഞങ്ങളുടെ മക്കൾ മൂന്നുപേരും നല്ലതുപോലെ പഠിക്കുന്നവരും നല്ല സ്വഭാവഗുണമുള്ളവരും ആയിരുന്നതുകൊണ്ട് ഞങ്ങൾ ആത്മീയമായും ഭൗതികമായും നല്ല സംതൃപ്തിയിലാണ് കഴിഞ്ഞുവന്നത്.

എന്നാൽ ആറു വർഷം മുമ്പ് ഞങ്ങളുടെ ജീവിതത്തിൽ ഒരു തീരാനഷ്ടം സംഭവിച്ചു. ഒരു വലിയ അത്യാഹിതം. ഞങ്ങളുടെ മൂത്ത മകന് അന്ന് പതിനേഴു വയസ്സായിരുന്നു. അവൻ തൃശൂർ സെ. തോമസ് കോളേജിൽ പ്രീഡിഗ്രി രണ്ടാംവർഷം പഠിക്കുകയായിരുന്നു.

ഒരു ദിവസം അവൻ വീട്ടിൽ വന്ന് രണ്ടു ദിവസം താമസിച്ചതിനുശേഷം രാവിലെ പ്രാർത്ഥിച്ച് ഞങ്ങൾ അവനെ ബസ്സിൽ കയറ്റി കോളേജിലേക്ക് വിട്ടു. അഞ്ചു ദിവസം കഴിഞ്ഞ് ഞങ്ങൾ അറിഞ്ഞു, അവൻ കോളേജിൽ എത്തിയില്ല എന്ന്. ഞെട്ടലോടെ ഞങ്ങൾ അവനെ അന്വേഷിക്കാനാരംഭിച്ചു. ഈ ആറു വർഷമായിട്ടും അവൻ എവിടെ പോയി എന്നോ, അവനെന്തു സംഭവിച്ചു എന്നോ ഞങ്ങൾക്കറിഞ്ഞുകൂടാ. ഇപ്പോൾ അവൻ എവിടെയെന്നും ഞങ്ങളറിയുന്നില്ല.

ഉള്ളു നൊന്ത് നീറി ഈ കഴിഞ്ഞ വർഷങ്ങളത്രെയും ഞങ്ങൾ കഴിച്ചു.

മകനെ കാണാതായതിനെത്തുടർന്നുണ്ടായ കാര്യങ്ങൾ ഒന്നു വിവരിക്കാമോ?

അനേകമനേകം ആളുകൾ ഞങ്ങളെ സന്ദർശിക്കാനും ആസ്വസിപ്പിക്കാനുമായി വന്നു. അന്നു ഞങ്ങൾ സാറിന്റെ വീടിനടുത്താണ് താമസിച്ചിരുന്നത്. എങ്കിലും സാറിന്റെ വീട്ടിൽ നടക്കുന്ന യോഗങ്ങളിൽ ഞങ്ങൾ വരാറില്ല. ആ യോഗങ്ങ ളെക്കുറിച്ച് ചില ◌െറ്റിദ്ധാരണകൾ ഞങ്ങൾക്കുണ്ടായിരുന്നു.

എന്നാൽ ഞങ്ങളുടെ വീട്ടിൽ അനേകർ വന്ന് യോഗ ങ്ങൾ നടത്തുകയും പ്രസംഗിക്കുകയും ചെയ്തപ്പോൾ സാറും വന്ന് പ്രസംഗിച്ചു. അതിനെ തുടർന്ന് ഞങ്ങൾ സാറിന്റെ വീട്ടിലെ യോഗത്തിന് വന്നു. അതോടെ ഞങ്ങളുടെ തെറ്റി ദ്ധാരണകൾ മാറിയെന്ന് മാത്രമല്ല, അന്ന് സത്യമായ ഒരു മാനസാന്തരത്തിലേക്ക് കർത്താവ് എന്നെ നടത്തി.

അതിനുശേഷമുള്ള സംഭവങ്ങൾ എന്തെല്ലാമാണ്?

ഞങ്ങൾ മുടങ്ങാതെ അവിടെ യോഗത്തിന് പോകാൻ തുടങ്ങി. അപ്പോഴാണ് എനിക്ക് മനസ്സിലായത് ഞാൻ ഒരു പാപിയാണെന്ന്. അതുവരെ എന്റെ ധാരണ ഞാൻ ഒരു നീതിമതിയാണെന്നായിരുന്നു. കാരണം ഒരു പ്രവൃത്തിയിലും ഒരു പാപം വരാതെ ഞാൻ നല്ല ഭക്തിയുള്ള ജീവിതമാണ് നയിച്ചിരുന്നത്. എന്നാൽ എന്റെ ഹൃദയത്തിൽ ഇഷ്ടക്കുറവ്, മുഷിച്ചിൽ, നീരസം, വൈരാഗ്യം, മുൻവിധി, പിറുപിറുപ്പ്, ദ്രവ്യാഗ്രഹം, സ്വയപ്രശംസ, അഹങ്കാരം, സ്വാർത്ഥത എന്നി ങ്ങനെ അനേകം പാപങ്ങൾ ഉണ്ടായിരുന്നു. അവ പ്രവൃത്തി യിൽ വരാത്തതിനാൽ ഞാൻ ഒരു ഭക്തയായി ജീവിക്കുന്നു എന്നായിരുന്നു എന്റെ ധാരണ.

തിരുവചനം കേട്ടപ്പോൾ എന്റെ സാക്ഷാലുള്ള ഹൃദയാ

[redacted]



വസ്ഥ കാണാൻ കർത്താവ് എന്റെ കണ്ണു തുറന്നുതന്നു. ഞാൻ നിരന്തരം എന്റെ പാപങ്ങളെ ഏറ്റുപറഞ്ഞ് ഹൃദയ ശുദ്ധീകരണം ലാക്കാക്കി ജീവിക്കാൻ കർത്താവു കൃപ തന്നു.

ആകട്ടെ, മകനെ കാണാതെ പോയതിനെക്കുറിച്ച് ഇപ്പോൾ എന്തു തോന്നുന്നു?

എന്റെ മകന്റെ നഷ്ടം തീരാനഷ്ടമാണ്. ഒന്നുകൊണ്ടും ആ ദു:ഖം തീരുകയില്ല. എന്നാൽ എല്ലാം നൻമയ്ക്കാക്കി ത്തീർക്കുനന്ന ദൈവം ആ സംഭവത്തെ മുഖാന്തിരമാക്കി ക്കൊണ്ട് എന്റെ ആത്മാവിന്റെ വീണ്ടെടുപ്പും ഹൃദയ ശുദ്ധീ കരണവും എനിക്ക് നൽകിത്തന്നു. ഇന്ന് ഞാനൊരു ഭാഗ്യ വതിയാണെന്ന് എനിക്കുറപ്പുണ്ട്. നിത്യജീവന്റെ അവകാശം എനിക്ക് ലഭിച്ചു.

മാന്യ സ്നേഹിതാ, ഡോ. ഡെയ്സിക്ക് സ്തുതി എന്ന പുതിയ പാട്ട് കൊടുത്ത ദൈവം വിശുദ്ധിയുടെ ആരാധന നിനക്ക് തരുവാൻ മനസ്സലിവുള്ളവനായി നിന്റെ അരികത്ത് നില്ക്കുന്നു എന്ന് നീ വിശ്വസിക്കുന്നുവോ? എങ്കിൽ നീ ക്രിസ്തുവിനോട് പറയൂ:

“നാഥാ, ഇന്നു മുതൽ ഞാനൊരു പുതിയ മനുഷ്യനായി ജീവിക്കും. കർത്താവേ, നീ എനിക്കുവേണ്ടി മരിച്ചതിനാൽ ഇന്നു മുതൽ ഞാനൊരു പുതിയ മനുഷ്യനായി ജീവിക്കും.”

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

## ഒമ്പത്

"അവൻ എന്റെ വായിൽ പുതിയൊരു പാട്ടു തന്നു. നമ്മുടെ ദൈവത്തിന് സ്തുതി തന്നേ; പലരും അതു കണ്ടു ഭയപ്പെട്ടു യഹോവയിൽ ആശ്രയിക്കും." സങ്കീ. 40 : 3

സ്തുതിയെ നിന്ദിക്കുന്നവരുണ്ട്; നന്ദിക്കുന്നവരുണ്ട്. സ്തുതിയുടെ മാധുര്യം അനുഭവിക്കുന്നവർ സ്തുതിയിൽ ആനന്ദിക്കും. സ്തുതിയെ ആദരിക്കും. സ്തുതിയുടെ സൗഖ്യവും സന്തോഷവും അനുഭവിക്കാത്തവർ എന്നും സ്തുതിയെ ആക്ഷേപിച്ചുകൊണ്ടിരിക്കും.

യഹോവയുടെ പെട്ടകം ദാവീദിന്റെ നഗരത്തിലേക്ക് കൊണ്ടു വന്നപ്പോൾ ദാവീദ് കുതിച്ച് നൃത്തം ചെയ്ത് സ്തുതിച്ചു. "ആർപ്പോടും കാഹളനാദത്തോടുംകൂടെ യഹോവയുടെ പെട്ടകം കൊണ്ടുവന്നു" എന്നാണ് തിരുവെഴുത്ത് പറയുന്നത്. 2 ശമൂവേൽ 6 : 15

ദാവീദിന്റെ ഭാര്യയായ "മീഖൾ കിളിവാതിലിൽക്കൂടി നോക്കി. ദാവീദ്രാജാവ് യഹോവയുടെ മുമ്പാകെ കുതിച്ച് നൃത്തം ചെയ്യുന്നത് കണ്ടു തന്റെ ഹൃദയത്തിൽ അവനെ നിന്ദിച്ചു." 2 ശമൂവേൽ 6 : 16

ദാവീദ് കൊട്ടാരത്തിൽ ചെന്നപ്പോൾ മീഖൾ ദാവീദിനെ പരിഹസിച്ചു. ദാവീദ് അവളോടു പറഞ്ഞു:

> "യഹോവയുടെ ജനമായ യിസ്രായേലിന്നു പ്രബുവായി നിയമിപ്പാൻ തക്കവണ്ണം നിന്റെ അപ്പനിലും അവന്റെ സകലഗൃഹത്തിലും ഉപരിയായി എന്നെ തിരഞ്ഞെടുത്തിരിക്കുന്ന യഹോവയുടെ മുമ്പാകെ, അതേ, യഹോവയുടെ മുമ്പാകെ ഞാൻ നൃത്തം ചെയ്യും." 2 ശമൂ. 6 : 21

ദൈവത്തെ സ്തുതിച്ചതിനെ നിന്ദിച്ച മീഖളിന് സംഭവിച്ചതെന്താണെന്നോ?

> "ശൗലിന്റെ മകളായ മീഖളിന് ജീവപര്യന്തം ഒരു കുട്ടിയും ഉണ്ടായില്ല." 2 ശമൂവേൽ 6 : 23

സന്തതിസൗഭാഗ്യം മീഖളിന് നഷ്ടപ്പെട്ടു. ഭാവിതലമുറയെ വളർത്തിയെടുക്കാനുള്ള ഭാഗ്യം മീഖളിന് നിഷേധിക്കപ്പെട്ടു. സ്തുതിയെ നിന്ദിച്ചു. മീഖളറിഞ്ഞില്ല, പരിശുദ്ധാത്മാവിനെതിരായ പാപമാണ് അവൾ ചെയ്യുന്നതെന്ന്! ഇഹത്തിലും പരത്തിലും മോചിക്കാത്ത പാപമാണ് അവൾ ചെയ്യുന്നതെന്ന് അവൾ അറിഞ്ഞില്ല. മരണകരമായ പാപമാണ് അവൾ ചെയ്യുന്നതെന്ന് അവൾ അറിഞ്ഞില്ല.

പരിശുദ്ധാത്മാവിന്റെ വചനത്തിനും പ്രവൃത്തിക്കും എതിരായുള്ളതെല്ലാം പരിശുദ്ധാത്മാവിനെതിരായുള്ള പാപമാണ്. അതാണ് മരണകരമായ പാപം.

പരിശുദ്ധാത്മാവിന്റെ പ്രവൃത്തിയെ ദുരാത്മാവിന്റെ പ്രവൃത്തിയെന്ന് പരീശൻമാരും മഹാപുരോഹിതന്മാരും ശാസ്ത്രികളും വിധിച്ചു. അപ്പോൾ കർത്താവ് അരുളിച്ചെയ്തു:

> "ദൈവാത്മാവിനാൽ ഞാൻ ഭൂതങ്ങളെ പുറത്താക്കുന്നു എങ്കിലോ ദൈവരാജ്യം നിങ്ങളുടെ അടുക്കൽ വന്നെത്തിയിരിക്കുന്നു സ്പഷ്ടം. സകലപാപവും ദൂഷണവും മനുഷ്യരോടു ക്ഷമിക്കും; ആത്മാവിന്നു നേരെയുള്ള ദൂഷണമോ ക്ഷമിക്കയില്ല. ആരെങ്കിലും മനുഷ്യപുത്രന്നുനേരെ ഒരു വാക്കു പറഞ്ഞാൽ അതു അവനോടു ക്ഷമിക്കും; പരിശുദ്ധാത്മാവിന്നു നേരെ പറഞ്ഞാലോ ഈ ലോകത്തിലും വരുവാനുള്ളതിലും അവനോടു ക്ഷമിക്കയില്ല." മത്തായി 12 : 28 – 32

> "പരിശുദ്ധാത്മാവിന്റെ നേരെ ദൂഷണം പറയുന്നവനോ ഒരുനാളും ക്ഷമ കിട്ടാതെ നിത്യശിക്ഷക്കു യോഗ്യനാകും എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു." മർക്കോസ് 3 : 29

പരിശുദ്ധാത്മാവിന്നു നേരെയുള്ള പാപത്തെക്കുറിച്ചാണ് സ്നേഹത്തിന്റെ പ്രവാചകനായ യോഹന്നാൻ അപ്പോസ്തലൻ പറയുന്നത്:

> "സഹോദരൻ മരണത്തിന്നല്ലാത്ത പാപം ചെയ്യുന്നത് ആരെങ്കിലും കണ്ടാൽ അപേക്ഷിക്കാം; ദൈവം അവന്നു ജീവനെ കൊടുക്കും; മരണത്തിന്നല്ലാത്ത പാപം ചെയ്യുന്നവർക്കു തന്നേ; മരണത്തിനുള്ള പാപം ഉണ്ട്; അതിനെക്കുറിച്ച് അപേക്ഷിക്കേണം എന്നു ഞാൻ പറയുന്നില്ല. ഏതു അനീതിയും പാപം ആകുന്നു; മരണത്തിന്നല്ലാത്ത

പാപം ഉണ്ടുതാനും.”  1 യോഹ 5 : 16 – 17

മീഖൾ മരണകരമായ പാപമാണ് ചെയ്തത്: സ്തുതിയെ നിന്ദിച്ചു, ആത്മാവിന്റെ ആരാധനയെ നിന്ദിച്ചു. അത് കഷ്ട മായിപ്പോയി. ജീവപര്യന്തം മക്കളില്ലാത്തവളായി കഴിയേണ്ടി വന്നു.

ഹോശന്നാ ഘോഷയാത്രയിൽ ശിശുക്കൾ കർത്താവായ യേശുക്രിസ്തുവിന് സ്തുതി പാടി, മഹത്ത്വം കരേറ്റി.

> “എന്നാൽ മഹാപുരോഹിതൻമാരും ശാസ്ത്രി മാരും അവൻ ചെയ്ത അത്ഭുതങ്ങളെയും ദാവീ ദ്പുത്രന്നു ഹോശന്നാ എന്നു ദൈവാലയത്തിൽ ആർക്കുന്ന ബാലൻമാരെയും കണ്ടിട്ടു നീരസ പ്പെട്ടു: ഇവർ പറയുന്നത് കേൾക്കുന്നുവോ എന്നു അവനോട് ചോദിച്ചു. യേശു അവരോട്: ഉവ്വ്; ശിശുക്കളുടെയും മുല കുടിക്കുന്നവരുടെയും വായിൽനിന്ന് നീ പുകഴ്ച ഒരുക്കിയിരിക്കുന്നു എന്നുള്ളത് നിങ്ങൾ ഒരിക്കലും വായിച്ചിട്ടില്ലയോ എന്നു ചോദിച്ചു.”  മത്തായി 21 : 15 – 16

> “ശിഷ്യൻമാരുടെ കൂട്ടം എല്ലാം തങ്ങൾ കണ്ട സകല വീരപ്രവൃത്തികളെയും കുറിച്ച് സന്തോ ഷിച്ചു അത്യുച്ചത്തിൽ ദൈവത്തെ പുകഴ്ത്തി: കർത്താവിന്റെ നാമത്തിൽ വരുന്ന രാജാവ് വാഴ്ത്തപ്പെട്ടവൻ; സ്വർഗ്ഗത്തിൽ സമാധാനവും അത്യുന്നതങ്ങളിൽ മഹത്വവും എന്നു പറഞ്ഞു. പുരുഷാരത്തിൽ ചില പരീശൻമാരോ അവനോട്: ഗുരോ, നിന്റെ ശിഷ്യൻമാരെ വിലക്കുക എന്നു പറഞ്ഞു. അതിന്ന് അവൻ: ഇവർ മിണ്ടാതിരു ന്നാൽ കല്ലുകൾ ആർത്തുവിളിക്കും എന്നും

45

ഞാൻ നിങ്ങളോടു പറയുന്നു എന്നു ഉത്തരം പറഞ്ഞു.” ലൂക്കോസ് 19 : 37 - 40

പരീശൻമാരും ശാസ്ത്രിമാരും മഹാപുരോഹിതൻമാരും സ്വന്തമായ നീതിയുള്ളവരായിരുന്നു. അവർ ന്യായപ്രമാണ കല്പനകൾ ആചരിക്കുന്നവരായിരുന്നു. അവരുടെ ഹൃദയത്തിലും സ്വഭാവത്തിലും അലിഞ്ഞുകിടക്കുന്ന പാപപ്രകൃതികളെ അവർ തിരിച്ചറിഞ്ഞിരുന്നില്ല. അവയ്ക്ക് ഒരു ഗൗരവവും കൊടുത്തിരുന്നുമില്ല. തൻമൂലം അവർ സ്വാഭാവികമായും പരിശുദ്ധാത്മാവിന്റെ സ്തുതിയെയും വചനത്തെയും നിന്ദിച്ചു. സാക്ഷാൽ ദൈവപുത്രനെ അവർ ക്രൂശിച്ചു.

അതിന്റെ ദൂഷ്യഫലങ്ങൾ തലമുറ തലമുറകളായി യഹൂദ ജാതി അനുഭവിച്ചു പോരികയല്ലയോ? “അവന്റെ രക്തം ഞങ്ങളുടെ മേലും ഞങ്ങളുടെ മക്കളുടെ മേലും വരട്ടെ” എന്ന് യഹൂദമത മേധാവികൾ അന്നു പറഞ്ഞു.

ഇന്നിതാ, ഇരുപതു നൂറ്റാണ്ടുകൾ പിന്നിട്ടിട്ടും അന്നേറ്റുവാങ്ങിയ കൊടിയ ശിക്ഷാവിധി യഹൂദനെ വിടാതെ പിൻതുടരുന്നു. ഇരുപതാം നൂറ്റാണ്ടിൽ നാസികളുടെ കോൺസെൻട്രേഷൻ ക്യാമ്പുകളിൽ പതിനായിരക്കണക്കിന് യഹൂദൻമാർ അനുഭവിച്ച യാതനകൾ ചരിത്രത്തിന്റെ താളുകളിൽ മായാത്ത കറുത്ത അദ്ധ്യായങ്ങളാണ്.

എത്രയോ ആളുകൾ ഇന്ന് പരിശുദ്ധാത്മാവിന്റെ സ്തുതിയെയും വചനത്തെയും നിഷേധിക്കുകയും നിന്ദിക്കുകയും ചെയ്യുന്നു! തൻമൂലംവരുന്ന കൊടിയ ശിക്ഷകളെയോ തലമുറകളായി പകർന്നുപോകുന്ന ശാപങ്ങളെയോ അവരറിയുന്നില്ല.

സുമധുരമായ ഒരു എബ്രായ കവിതയുണ്ട്. ഇതൊരു

പ്രാർത്ഥനാഗീതമാണ്. അതിന്റെ ഹൃദയഹാരിയായ ആശയം ഇങ്ങനെയാണ്:

നാഥാ, കർത്താവായ യേശുവേ, നിന്റെ തിരുമിറിവുകളിൽ നിന്ന് വാർന്നൊഴുകിയ തിരുരക്തത്തിൽനിന്ന് ദിഗന്തങ്ങളിലേക്ക് പരിശുദ്ധാത്മാവിന്റെ നറുമണം വ്യാപിച്ചു. ജീവനായകാ, നിന്റെ പട്ടുനൂലുപോലെ മൃദുലമോഹനമായ അധരങ്ങളിൽ നിന്ന് ഒഴുകിയ തിരുവചനം ശ്രവിച്ചപ്പോൾ ആ മൂറോന്റെ നറുമണം എനിക്ക് ലഭിച്ചു. ആ സുഗന്ധത്തിന്റെ ഉറവിടം തേടി ഞാൻ ഓടി. പക്ഷേ, പടയാളികൾ എന്നെ വലയം ചെയ്തു. അവർ എന്നെ നിരുത്സാഹപ്പെടുത്തി. അവർ എന്നെ തടഞ്ഞു. അവർ എന്നെ തടഞ്ഞു. ഞാനോ അവരെ ഒരു വിധത്തിലൊഴിവാക്കി. സുരഭിലസൗരഭം തേടി ഞാൻ ആർത്തിപൂണ്ടോടി. അങ്ങനെ ഞാൻ ഗോഗുൽത്തായിലെത്തിച്ചേർന്നു. അവിടെ ചെന്നപ്പോൾ ഞാൻ കണ്ട കാഴ്ചയെന്തെന്നോ? നിന്റെ മാർവ്വു തുറന്നും തിരുരക്തം വാർന്നും നീ കുരിശിൽ കിടന്നു പിടയുന്ന കാഴ്ച! ഈ ക്രൂശിലെ ത്യാഗമരണത്താൽ നീ അടിയങ്ങളെ കാക്കുകയാണ് എന്നെനിക്കു മനസ്സിലായി. ഉടനെ ഞാൻ നാഥന് സ്തോത്രം, ഹാല്ലേലുയ്യാ എന്ന് ഉച്ചത്തിൽ ആർത്തുപറഞ്ഞ് പാടി.

നിൻ മുറിവുകളിൽനിന്നേറ്റാൻ മൂറോൻമണമെൻ നാഥാ
നിന്നധരങ്ങളഹോ പട്ടിൻ നൂലോടൊത്തുള്ളൂ

കാൺമാൻ വന്നോ -
രെന്നേ ഭടർ ചുറ്റി
ഗോഗുൽത്തായി -
ക്കവരെ വിട്ടോടി
നിൻ മാർവ്വു തുറന്നും

രക്തം വാർന്നും കണ്ടേൻ ഞാൻ
കുരിശാലയടിയാരെ കാക്കും
നാഥന്നായ് സ്തോത്രം,
ഹാലേലുയ്യാ, അട്ടഹസിക്കുന്നേൻ.

എന്നാണ് ആ കവിത മലയാളത്തിലേക്ക് മൊഴിമാറ്റം ചെയ്തിരിക്കുന്നത്.

ഈ അത്ഭുതകരമായ സ്തുതി അനുഭവിച്ച ഒരാളാണ് ഓർത്തഡോക്സ് സഭയിലെ വൈദികനായ ബ. പഴമ്പിള്ളിൽ തോമസച്ചന്റെ ഭാര്യയായ മിസ്സസ് ഏലിയാമ്മ തോമസ്. ആ ദൈവദാസിയുടെ അനുഭവങ്ങൾ ഇപ്പോൾ നമുക്ക് ചോദിച്ചറിയാം.

അമ്മായിയുടെ പഴയകാല ജീവിതാനുഭവങ്ങൾ ഒന്ന് വിവരിക്കാമോ?

ഞാൻ കോട്ടയത്ത് ഒരു ക്രിസ്തീയ കുടുംബത്തിലാണ് ജനിച്ചുവളർന്നത്. എല്ലാ ഞായറാഴ്ചയും പള്ളിയിൽ പോകും, രണ്ടുനേരവും പ്രാർത്ഥിക്കും, നോമ്പു നോൽക്കും, കുമ്പസരിച്ച് കുർബ്ബാന അനുഭവിക്കും എന്നിങ്ങനെ ഓർത്തഡോക്സ് സഭയിലെ വിശ്വാസാചാരങ്ങളിൽ മുഴുകിയാണ് ഞാൻ ജീവിച്ചത്.

ചെറുപ്പം മുതലേ ഒരാഗ്രഹമുണ്ടായിരുന്നു, സ്വർഗ്ഗത്തിൽ പോകണമെന്ന്. അതുകൊണ്ട് പ്രകടമായ മോഷണം, വ്യഭിചാരം മുതലായ പാപങ്ങളിലൊന്ന് ഞാൻ വീണിട്ടില്ല. എങ്കിലും പിണക്കം, അസൂയ, അഹങ്കാരം, തന്നിഷ്ടം, ആർക്കും വഴങ്ങാത്ത സ്വഭാവം, കോപം, വാശി, പരദൂഷണം മുതലായ അനേകം പാപങ്ങൾ എന്നിലുണ്ടായിരുന്നു. അവയെല്ലാം മാനുഷീക ബലഹീനതകളായിട്ടേ ഞാൻ കരുതിയിരുന്നു

ള്ളൂ.

നിങ്ങളുടെ വിവാഹത്തിലേക്ക് വഴി തെളിയിച്ച കാര്യങ്ങളെന്തെല്ലാമാണ്?

ഒരു പാട്ടുക്കാരന്റെ ഭാര്യയായാൽ സ്വർഗ്ഗത്തിൽ പോകാനെളുപ്പമായല്ലൊ എന്നാണ് ഞാൻ ധരിച്ചിരുന്നത്. അതുകൊണ്ടാണ് ഞാൻ ശെമ്മാശ്ശനുമായി വിവാഹാലോചന വന്നപ്പോൾ വളരെ സന്തോഷത്തോടെ അതിനൊരുങ്ങിയത്. പക്ഷേ എന്റെ അനുഭവം നേരെ മറിച്ചായിരുന്നു. ഞങ്ങൾ തമ്മിൽ ഒരിക്കലും ഒരു ചേർച്ചയില്ലായിരുന്നു. ഒത്തിണങ്ങി ജീവിക്കാൻ സാദ്ധ്യമല്ലെന്നുപോലും ചിന്തിച്ചു. ഒരു സ്വസ്ഥതയും എനിക്ക് കിട്ടിയില്ല. മരിച്ചാൽ മതിയെന്ന് പലപ്പോഴും ഞാൻ ചിന്തിച്ചു.

ഞങ്ങൾക്ക് ജീവിക്കാൻ നല്ല വരുമാനമുണ്ട്; ജോലിയുണ്ട്. സമൂഹത്തിൽ നല്ല സ്റ്റാറ്റസുള്ള ഒരു കുടുംബമാണ്. നല്ല ആരോഗ്യമുണ്ട്; നല്ല രണ്ടു ആൺകുട്ടികളുണ്ട്. പക്ഷേ സമാധാനം മാത്രമില്ലായിരുന്നു.

ഈ അവസ്ഥയ്ക്ക് മാറ്റം വന്നതെങ്ങനെയാണ് ?

സാറിന്റെ ഇടവക പള്ളിയിൽ നടക്കുന്ന കൂട്ടായ്മയെക്കുറിച്ച് കേട്ടു. ആ യോഗത്തിൽ ഞങ്ങൾ രണ്ടുപേരും പോയി സംബന്ധിച്ചു. ഒരു പുതിയ അനുഭവമായിരുന്നു അന്ന് കിട്ടിയത്. വചനം കേട്ടുകൊണ്ടിരുന്നപ്പോൾ എന്റെ ഹൃദയം പൊട്ടിത്തകർന്നു. ഞാൻ ഇടമുറിയാതെ ധാരധാരയായി കണ്ണുനീരൊഴുക്കി. അങ്ങനെ ഞാനതിനു മുമ്പ് കരഞ്ഞിട്ടില്ല. എന്റെ ബാല്യകാലം മുതലുള്ള പാപങ്ങൾ എന്റെ കണ്ണിൻമുമ്പിൽ തെളിഞ്ഞുവന്നു. ഞാനൊരു പാപിയാണെന്ന ബോധം എന്റെ മനസ്സിൽ നിറഞ്ഞുനിന്നു. എനിക്കു പാപമൊന്നുമി

[redacted]

ല്ലല്ലൊ എന്ന് ചിന്തിച്ചിരുന്ന എനിക്ക് ആഴമായ പാപബോധ മുണ്ടായി.

അതിനെ തുടർന്നുള്ള അനുഭവമെന്താണ്?

ഒട്ടും താമസിച്ചില്ല; ആ വചനം കേട്ടുകൊണ്ടിരുന്നപ്പോൾ എന്റെ ഹൃദയം ഞാൻ ക്രിസ്തുവിന്റെ പാദത്തിലർപ്പിച്ചു. പറഞ്ഞറിയിക്കാൻ വയ്യാത്ത ഒരു സമാധാനം എന്റെ ഉള്ള ത്തിലേക്ക് കടന്നുവന്നു. ഇനിമേലിൽ അറിഞ്ഞുകൊണ്ട് ഒരു പാപവും ജീവിതത്തിൽ വരികയില്ലെന്ന് ഞാൻ പ്രതിജ്ഞ ചെയ്തു.

ഇതുവരെ എന്റെ കുടുംബത്തിലും എന്റെ ഹൃദയത്തിലും നിറഞ്ഞുനിന്ന അസമാധാനത്തിന്റെ കാരണം എന്റെ പാപമാ ണെന്ന് എനിക്ക് മനസ്സിലായി. എന്തിനും എന്റെ പാപമാ ണെന്ന ബോധം എന്റെ മനസ്സിൽ നിറഞ്ഞുനിന്നു. എനിക്കു പാപമൊന്നുമില്ലല്ലൊ എന്ന് ചിന്തിച്ചിരുന്ന എനിക്ക് ആഴമായ പാപബോധമുണ്ടായി.

അതിനെ തുടർന്നുള്ള അനുഭവമെന്താണ്?

ഒട്ടും താമസിച്ചില്ല; ആ വചനം കേട്ടുകൊണ്ടിരുന്നപ്പോൾ എന്റെ ഹൃദയം ഞാൻ ക്രിസ്തുവിന്റെ പാദത്തിലർപ്പിച്ചു. പറഞ്ഞറിയിക്കാൻ വയ്യാത്ത ഒരു സമാധാനം എന്റെ ഉള്ള ത്തിലേക്ക് കടന്നുവന്നു. ഇനിമേലിൽ അറിഞ്ഞുകൊണ്ട് ഒരു പാപവും ജീവിതത്തിൽ വരികയില്ലെന്ന് ഞാൻ പ്രതിജ്ഞ ചെയ്തു.

ഇതുവരെ എന്റെ കുടുംബത്തിലും എന്റെ ഹൃദയത്തിലും നിറഞ്ഞുനിന്ന അസമാധാനത്തിന്റെ കാരണം എന്റെ പാപമാ ണെന്ന് എനിക്ക് മനസ്സിലായി. എന്തിനും എന്റെ ഭർത്താവി നെയും എന്റെ സാഹചര്യങ്ങളെയും പഴി പറഞ്ഞുകൊണ്ടി

രുന്ന എനിക്ക് മനസ്സിലായി, ഞാൻ മൂലമാണ് കുടുംബമാകെ അസ്വസ്ഥമായത് എന്ന്. ഞാൻ എന്റെ ഭർത്താവിന് കീഴ്പെടാതിരുന്നതുകൊണ്ടാണ് ഞങ്ങളുടെ കുടുംബം ഒരു നരകമായത് എന്ന് എനിക്ക് മനസ്സിലായി.

ആകട്ടെ, ഇന്നുള്ള അനുഭവമെന്താണ്?

ഇന്ന് ഞങ്ങളുടെ കുടുംബം ഒരു കൊച്ചുസ്വർഗ്ഗമാണ്. ഈ കൂട്ടായ്മ, എങ്ങനെയാണ് ഒരു സത്യക്രിസ്ത്യാനിയായി ജീവിക്കുന്നതെന്ന് ഞങ്ങളെ പഠിപ്പിച്ചു. അതുകൊണ്ട് ഞങ്ങൾ കുടുംബമായി ഈ കൂട്ടായ്മയോടു ചേർന്നുനില്ക്കുന്നു. ദൈവം ആത്മീയമായും ഭൗതികമായും ഞങ്ങളെ അനുഗ്രഹിച്ചു. സ്വർഗ്ഗീയ സമാധാനം ഞങ്ങൾ അനുഭവിക്കുന്നു. ഓരോ ദിവസവും ആഴത്തിൽ ശുദ്ധീകരണം തന്ന് കർത്താവ് ഞങ്ങളെ നടത്തുന്നു. സ്തോത്രം. സ്തുതിയിലൂടെ ഞങ്ങൾ ജീവിക്കുന്നു.

പ്രിയപ്പെട്ട അമ്മായിയ്ക്ക് സ്വർഗ്ഗീയ സന്തോഷവും സ്തുതിയെന്ന പുതിയ പാട്ടും കൊടുത്ത ക്രിസ്തു ഇതാ, സ്നേഹിതാ, നിന്റെ അടുത്ത് നില്ക്കുന്നു. വിഷണ്ഡമനസ്സിനു പകരം സ്തുതിയെന്ന മേലാട തരുവാൻ നിന്റെ അരികത്ത് നില്ക്കുന്ന ക്രിസ്തുവിനോട് ഒരു വാക്കു നീ പറയുമോ? നാഥാ, ഇന്നു മുതൽ ഞാൻ നിന്റെ വക. സ്തുതി എന്നെ ധരിപ്പിക്കണമേ. സ്തുതിയിൽ എന്നെ വളർത്തേണമേ.

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

## പത്ത്

"അവൻ എന്റെ വായിൽ പുതിയോരു പാട്ടു തന്നു. നമ്മുടെ ദൈവത്തിന് സ്തുതിതന്നെ. പലരും അതു കണ്ട് ഭയപ്പെട്ട് യഹോവയിൽ ആശ്രയിക്കും."
സങ്കീ. 40 : 3

സ്തുതിയെ നിന്ദിക്കുന്നവരുണ്ട്; സ്തുതിയെ പ്രശംസിക്കുന്നവരുണ്ട്. സ്തുതിയുടെ മധുരം അനുഭവിക്കുന്നവരുണ്ട്. സ്തുതി കേൾക്കുമ്പോൾ കടുത്ത അമർഷവും അസഹിഷ്ണുതയും പുലർത്തുന്നവരുണ്ട്.

സ്തുതിയുടെ മാഹാത്മ്യം അറിഞ്ഞിരുന്ന ഒരു ശ്രേഷ്ഠവ്യക്തിയാണ് അപ്പോസ്തലനായ പൗലോസ്. തെസ്സലോനിക്യയിലെ വിശ്വാസികളെ അദ്ദേഹം ആഹ്വാനം ചെയ്തു.

"എപ്പോഴും സന്തോഷിപ്പിൻ; ഇടവിടാതെ പ്രാർത്ഥിപ്പിൻ; എല്ലാറ്റിന്നും സ്തോത്രം ചെയ്‌വിൻ."
1 തെസ്സ. 5 : 16 – 18

ഫിലിപ്യസഭയോട് അദ്ദേഹം പറഞ്ഞു :

> “കർത്താവിൽ എപ്പോഴും സന്തോഷിപ്പിൻ എന്ന് ഞാൻ പിന്നെയും പറയുന്നു. നിങ്ങളുടെ സൗമ്യത സകല മനുഷ്യരും അറിയട്ടെ; കർത്താവു വരുവാൻ അടുത്തിരിക്കുന്നു. ഒന്നിനെക്കുറിച്ചും വിചാരപ്പെടരുത്; എല്ലാറ്റിലും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടുകൂടെ ദൈവത്തോടു അറിയിക്കയത്രേ വേണ്ടത്. എന്നാൽ സകല ബുദ്ധിയെയും കവിയുന്ന ദൈവസമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും നിനവുകളെയും ക്രിസ്തുയേശുവിങ്കൽ കാക്കും.” ഫിലിപ്യർ 4 : 4 – 7

എഫെസോസിലെ ക്രിസ്ത്യാനികൾക്ക് അദ്ദേഹം എഴുതി:

> “ആത്മാവു നിറഞ്ഞവരായി സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മിക ഗീതങ്ങളാലും തമ്മിൽ സംസാരിച്ചും നിങ്ങളുടെ ഹൃദയത്തിൽ കർത്താവിനു പാടിയും കീർത്തനം ചെയ്തും നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ ദൈവവും പിതാവുമായവന്നു എല്ലായ്പോഴും എല്ലാറ്റിന്നുവേണ്ടിയും സ്തോത്രം ചെയ്തുകൊൾവിൻ.” എഫെസ്യർ 5 : 18 – 20

കൊലോസ്യയിലെ വിശ്വാസികളെ അദ്ദേഹം പ്രബോധിപ്പിച്ചു:

> “ആകയാൽ നിങ്ങൾ കർത്താവായ ക്രിസ്തുയേശുവിനെ കൈക്കൊണ്ടതുപോലെ അവന്റെ കൂട്ടായ്മയിൽ നടപ്പിൻ; അവനിൽ വേരൂന്നിയും

ആത്മികവർദ്ധന പ്രാപിച്ചും നിങ്ങൾക്കു ഉപദേ ശിച്ചു തന്നതിന്നു ഒത്തവണ്ണം വിശ്വാസത്താൽ ഉറച്ചും സ്തോത്രത്തിൽ കവിഞ്ഞും ഇരിപ്പിൻ.”

കൊലോസ്യർ 2 : 6 – 7

‘‘സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മീയഗീതങ്ങളാലും തമ്മിൽ പഠിപ്പിച്ചും ബുദ്ധി യുപദേശിച്ചും നന്ദിയോടെ നിങ്ങളുടെ ഹൃദയ ങ്ങളിൽ ദൈവത്തിന്നു പാടിയും ഇങ്ങനെ ക്രിസ്തുവിനന്റെ വചനം ഐശ്വര്യമായി സകല ജ്ഞാനത്തോടും കൂടെ നിങ്ങളിൽ വസിക്കട്ടെ. വാക്കിനാലോ ക്രിയയാലോ എന്തു ചെയ്താലും സകലവും കർത്താവായ യേശുവിന്റെ നാമ ത്തിൽ ചെയ്തും അവൻ മുഖാന്തരം പിതാവായ ദൈവത്തിന്നു സ്തോത്രം പറഞ്ഞുംകൊണ്ടിരി പ്പിൻ.”

കൊലോസ്യർ 3 : 16 – 17

“പ്രാർത്ഥനയിൽ ഉറ്റിരിപ്പിൻ, സ്തോത്രത്തോടെ അതിൽ ജാഗരിപ്പിൻ.”

കൊലേസ്യർ 4 : 2

സ്തുതിയുടെയും സ്തോത്രത്തിന്റെയും ശക്തി നല്ലതു പോലെ അനുഭവിച്ചിരുന്നതുകൊണ്ടാണ് പൗലോസ് അപ്പോ സ്തലൻ ഇപ്രകാരം നിരന്തരം പ്രബോധിപ്പിക്കുന്നത്.

ഫിലിപ്പിയിലെ കാരാഗൃഹത്തിൽ അടയ്ക്കപ്പെട്ട് കിടന്ന പ്പോൾ അപ്പോസ്തലൻ സ്തുതിയുടെ അത്ഭുതശക്തി അനു ഭവിച്ചതാണ്.

യൂറോപ്പിലെ ആദ്യത്തെ സഭയാണ് ഫിലിപ്യസഭ. യൂറോ പ്പിലെ ആദ്യത്തെ ക്രിസ്ത്യാനി തുയഥൈരയിലെ ലുദിയ ആണ്. ഫിലിപ്പിയിൽ വെച്ചാണ് ലുദിയ ക്രിസ്തുവിനെ

കൈക്കൊണ്ടത്.

ലുദിയായുടെ മാനസാന്തരത്തിനുശേഷം പൗലോസ് ചെയ്ത രണ്ടാമത്തെ ശുശ്രൂഷ ദുരാത്മാവുള്ള ഒരു ബാല്യക്കാരത്തിയിൽ നിന്ന് ദുർഭൂതത്തെ ശാസിച്ചകറ്റുക എന്നതാണ്.

ക്രിസ്തു തന്റെ അപ്പോസ്തലൻമാരെ നിയമിച്ചാക്കിയത് മൂന്ന് കാര്യങ്ങൾക്കാണ്.

> "അവൻ തന്നോടുകൂടെ ഇരിപ്പാനും പ്രസംഗിക്കേണ്ടതിന്നു അയപ്പാനും ഭൂതങ്ങളെ പുറത്താക്കേണ്ടതിന്നു അധികാരം ഉണ്ടാകുവാനും പന്തിരുവരെ നിയമിച്ചു." മർക്കോസ് 3 : 14 – 15

പൗലോസ് അറേബ്യൻ മരുഭൂമിയിൽ മൂന്നു സംവത്സരം ഏകനായി ധ്യാനനിരതനായി കർത്താവിനോടുകൂടെ ഇരുന്നു. പിന്നീട് പ്രസംഗിക്കേണ്ടതിന്ന് പുറപ്പെട്ടു. മിഷണറിയാത്രകളും സുവിശേഷയത്നങ്ങളും എല്ലാം ഫലപ്പെടുന്നത് ഈ ദൈവീകക്രമം പാലിച്ചതുകൊണ്ടാണ്.

ഫിലിപ്പിയയിൽ പ്രസംഗിച്ചു. പൗലോസ് സംസാരിച്ചത് ശ്രദ്ധിക്കേണ്ടതിന്ന് കർത്താവ് അവളുടെ (ലുദിയായുടെ) ഹൃദയം തുറന്നു. അപ്പോസ്തല പ്രവൃത്തികൾ 16 : 14

ലുദിയായെ മാനസാന്തരത്തിലേക്കും തൻമൂലം ക്രിസ്തുവിലേക്കും വഴി നടത്തിയതിനുശേഷം പൗലോസ് ചെയ്ത ശുശ്രൂഷയാണ് ഭൂതാത്മാവുള്ള ബാല്യക്കാരത്തിയിൽനിന്ന് ഭൂതാത്മാവിനെ ശാസിച്ചകറ്റിയത്.

ആ ബാല്യക്കാരത്തി പറഞ്ഞ വാക്കുകൾ ശരിയായിരുന്നു. അവൾ വെളിച്ചപ്പാടത്തിയായി ലക്ഷണം പറയുന്നവൾ ആയിരുന്നു. പൗലോസിനെ സംബന്ധിച്ച് അവൾ പറഞ്ഞ

'ലക്ഷണം' ശരിയായിരുന്നു.

> "ഈ മനുഷ്യർ അത്യുന്നതനായ ദൈവത്തിന്റെ ദാസൻമാർ, രക്ഷാമാർഗ്ഗം നിങ്ങളോട് അറിയിക്കുന്നവർ." അപ്പോ. പ്രവൃത്തികൾ 16 : 17

ദുരാത്മാവിന്റെ വ്യാപാരമാണെങ്കിലും പറയുന്ന ചില കാര്യങ്ങൾ ഒത്തുവരും. വിവേചനത്തിന്റെ കൃപാവരം ഉണ്ടെങ്കിലേ അത് സത്യാത്മാവാണോ ദുരാത്മാവാണോ എന്ന് തിരിച്ചറിയാൻ സാധിക്കുകയുള്ളൂ. (Discerning of the spirits) ആത്മാക്കളുടെ വിവേചനം എന്ന് പന്ത്രണ്ടു കൃപാവരങ്ങളിൽ ഒന്നായിട്ട് പൗലോസ് അപ്പോസ്തലൻ പറയുന്നത് ഈ അധികാരത്തെക്കുറിച്ചാണ്. 1 കൊരി. 12 : 8 – 10

പൗലോസ് ആ ബാല്യക്കാരത്തിയിലുള്ളത് ഭൂതാത്മാവാണെന്ന് വിവേചിച്ചറിഞ്ഞു. "അവളെ വിട്ടുപോകുവാൻ യേശുക്രിസ്തുവിന്റെ നാമത്തിൽ നിന്നോടു കല്പിക്കുന്നു എന്നു പറഞ്ഞു." അപ്പോപ്രവൃത്തികൾ 16 : 18

ഈ സംഭവത്തെത്തുടർന്ന് പൗലോസിനും ശീലാസിനും കടുത്ത എതിർപ്പും ആക്രമണവും നേരിടേണ്ടിവന്നു. ആ ബാല്യക്കാരത്തി ലക്ഷണം പറയുന്നതുകൊണ്ട് വളരെ ലാഭം ഉണ്ടാക്കിയിരുന്ന അവളുടെ യജമാനൻമാർ പൗലോസിനെയും ശീലാസിനെയും പിടിച്ച് വലിച്ചിഴച്ച് പ്രമാണികളുടെ അടുക്കലെത്തിച്ചു. അധിപതികളോട് ബോധിപ്പിച്ചു:

> "യഹൂദൻമാരായ ഈ മനുഷ്യർ നമ്മുടെ പട്ടണത്തെ കലക്കി, റോമാക്കാരായ നമുക്ക് അംഗീകരിപ്പാനും അനുസരിപ്പാനും ന്യായമല്ലാത്ത ആചാരങ്ങളെ പ്രസംഗിക്കുന്നു." 16 : 21

ഇത് കേട്ടമാത്രയിൽ പുരുഷാരം അവരുടെ നേരെ ഇളകി.

അധിപതികൾ അവരുടെ വസ്ത്രം പറിച്ചുരിഞ്ഞ് കോല്ഡ കൊണ്ട് അവരെ അടിപ്പാൻ കല്പിച്ചു. അവരെ വളരെ അടിപ്പിച്ചശേഷം തടവിൽ ആക്കി. കാരാഗൃഹ പ്രമാണിയോട് അവരെ സൂക്ഷ്മത്തോടെ കാപ്പാൻ കല്പിച്ചു. അവൻ അവരെ അകത്തെ തടവിൽ ആക്കി അവരുടെ കാൽ ആമത്തിൽ ഇട്ടു പൂട്ടി. 16 : 22 – 24.

അന്ന് പൗലോസും ശീലാസും ഭക്ഷണമൊന്നും കഴിച്ചിട്ടില്ല. ഒരിറ്റുവെള്ളവും കുടിച്ചിട്ടില്ല. ദേഹമാസകലം അടികൊണ്ട് പൊട്ടിയതിനാൽ നല്ല നീറ്റലും വേദനയുമുണ്ട്. വസ്ത്രം പറിച്ചുരിഞ്ഞതിനാൽ കഷ്ടിച്ച് നഗ്നത മറയ്ക്കാനുള്ള ഒരു കീറ്റു വസ്ത്രം മാത്രമേ അരയിലുള്ളൂ. വെറുംതറയിൽ പൂഴിമണ്ണിൽ ഇരിക്കുകയാണ്. കാൽ ആമത്തിലുട്ടു പൂട്ടിയിരിക്കുന്നതുകൊണ്ട് കിടക്കാനും സാദ്ധ്യമല്ല.

ഒന്ന് ചിന്തിച്ചുനോക്കൂ. എന്തു കടുത്ത യാതന! എത്ര കഠോരമായ വേദന! വിശപ്പും ദാഹവും ഒരു വശത്ത്. അസഹ്യമായ വേദനയും നീറ്റലും മറുവശത്ത്! മറ്റു സെല്ലുകളിലെല്ലാം തടവുപുള്ളികളുണ്ട്.

ഈ വേദനയും ദുരിതവും യാതനയും ഏല്ക്കാൻ എന്തെങ്കിലും തെറ്റു ചെയ്തുവോ? ഇല്ലല്ലൊ. ആകെ ചെയ്തതെന്ത്? ലുദിയായ്ക്ക് കർത്താവിന്റെ വചനം കൊടുത്തു. ലുദിയ മാനസാന്തരപ്പെട്ടു. ഭൂതാത്മാവുള്ള ബാല്യക്കാരത്തിയിൽനിന്ന് ഭൂതാത്മാവിനെ ശാസിച്ചകറ്റി.

ഇത്ര കടുത്ത ദുരിതത്തെ സഹിക്കാൻ കഴിഞ്ഞതെങ്ങനെയെന്നോ? ക്രിസ്തുവിന്റെ അത്ഭുതകരമായ സാന്നിദ്ധ്യം അവരെ ആശ്വസിപ്പിച്ചു. ക്രിസ്തുവിന്റെ ആണിപ്പാടുള്ള കരങ്ങൾ അവരെ തലോടി. ക്രിസ്തുവിന്റെ വാത്സല്യപൂർവ്വമായ തഴുകൽ അവരെ സാന്ത്വനപ്പെടുത്തി. ക്രിസ്തുവിന്റെ ആത്മാ

വിന്റെ മൃദുലസ്പർശം അവരെ ധൈര്യപ്പെടുത്തി.

ആത്മാവിന്റെ പരിശുദ്ധ സാന്നിദ്ധ്യം ലഭിക്കുന്നത് വർദ്ധിച്ച് വർദ്ധിച്ചു വന്നു. അവർക്ക് ആർപ്പോടെ സ്തുതിക്കണമെന്ന് തോന്നി. മറ്റു തടവുകാർക്ക് മറുതലിപ്പുണ്ടായാലോ? വേണ്ട കാരാഗൃഹപ്രമാണി അമർഷം കൊണ്ടാലോ? വേണ്ട. എല്ലാവരും ഉറങ്ങട്ടെ. അപ്പോൾ സ്തുതിക്കാം.

നേരം പാതിരയായി. അതുവരെ അമർത്തിപ്പിടിച്ചിരുന്ന സ്തുതി അണപൊട്ടിയൊഴുകി.

“അർദ്ധരാത്രിക്ക് പൗലോസും ശീലാസും പ്രാർത്ഥിച്ചു ദൈവത്തെ പാടിസ്തുതിച്ചു.” 16 : 25

തടവുകാർ പലരും ഉറക്കം തെളിഞ്ഞു. സ്തുതിയുടെ വശ്യശക്തി അവരെ തഴുകുന്നു. അവരുടെ കാതുകളിൽ അലയടിക്കുന്നു. അവരുടെ ഹൃദയത്തിൽ മാറ്റൊലിക്കൊള്ളുന്നു. അവർ സ്തുതി ശ്രദ്ധിച്ചുകൊണ്ടിരുന്നു.

ഇരുളിന്റെ മൂകതയിൽ, രാവിന്റെ നിശ്ശബ്ദതയിൽ, സ്തുതിഗാനമായിരുന്നു. തടവറയുടെ അകത്തളങ്ങളിൽ സ്തുതിയുടെ മാറ്റൊലിയുയരുന്നു.

പെട്ടെന്നാണത് സംഭവിച്ചത്. വലിയോരു ഭൂകമ്പം. കാരാഗൃഹത്തിന്റെ അടിസ്ഥാനം കുലുങ്ങുന്നു. അടഞ്ഞ വാതിലുകൾ താനേ തുറക്കുന്നു. തടവുകാരുടെ കൈയിലും കാലിലുമുള്ള ചങ്ങലകൾ ആഴിഞ്ഞുവീഴുന്നു. ഉറങ്ങിക്കിടന്ന കാരാഗൃഹപ്രമാണി ഉണരുന്നു.

അത്ഭുതങ്ങൾ ! വിശുദ്ധ സ്തുതിയുടെ മുമ്പിൽ തടവറയുടെ അടിസ്ഥാനങ്ങൾ കുലുങ്ങും. ജീവനുള്ള സ്തുതിയുടെ മുമ്പിൽ അടഞ്ഞ വാതിലുകൾ തുറക്കും. ആത്മാ

വിന്റെ സ്തുതിയുടെ മുമ്പിൽ ബന്ധനങ്ങൾ അഴിഞ്ഞുവീഴും. നിഷ്ക്കളങ്ക ഹൃദയത്തിൽനിന്ന് പൊട്ടിവിടരുന്ന സ്തുതിയുടെ മുന്നിൽ ഉറങ്ങിക്കിടക്കുന്നവർ ഉണരും. ദൈവത്തിന് സ്തോത്രം.

കാരാഗൃഹപ്രമാണി ഞെട്ടിത്തരിച്ചുപോയി. വാതിലുകൾ തുറന്നു. ചങ്ങലകൾ അഴിഞ്ഞുവീഴുന്ന ശബ്ദം. തടവുപുള്ളികൾ ഓടിപ്പൊയ്ക്കളഞ്ഞു എന്ന് ഊഹിച്ചു. എതിരാളികളെ വെട്ടാൻ കരുതിയിരുന്ന വാളൂരി തന്നത്താൻ കൊല്ലുവാൻ ഭാവിച്ചു.

ഇന്നും അങ്ങനെയാണ്. പലരും വലിയ വിനകൾ വരും എന്ന് പ്രതീക്ഷിച്ച്, നിരാശ മുറ്റി, ആത്മഹത്യ ചെയ്താലോ എന്ന് ചിന്തിക്കുകയാണ്. ജീവിതം വഴിമുട്ടി, ആശയറ്റ് ജീവനൊടുക്കാൻ ഒരുങ്ങുകയാണ്. മകനേ, നീ അങ്ങനെയാണോ? സകല പ്രതീക്ഷകളും അറ്റിയിരിക്കയാണോ? ആശകളെല്ലാം കരിഞ്ഞുണങ്ങിയിരിക്കയാണോ? എങ്കിൽ കേൾക്കൂ:

“അപ്പോൾ പൗലോസ് : നിനക്ക് ഒരു ദോഷവും ചെയ്യരുത്. ഞങ്ങളെല്ലാവരും ഇവിടെ ഉണ്ടല്ലൊ.” 16:28.

അതേ, സ്നേഹിതാ, നിന്റെ ആകുലത്തിൽ നീ നിരാശപ്പടേണ്ട. നീ ഒറ്റപ്പെട്ടു എന്നു കരുതേണ്ട. എനിക്കാരുമില്ലെന്ന് നീ ചിന്തിക്കേണ്ട. ഞങ്ങളെല്ലാവരും ഇവിടെ ഉണ്ടല്ലൊ. ഗോഗുൽത്തായിലെ രക്തബന്ധം നമ്മെ ഒരപ്പന്റെ മക്കളാക്കിയില്ലേ? കാൽവറിക്കുടുംബത്തിലെ അംഗങ്ങളെല്ലാം നാം? സ്വർഗ്ഗത്തിലെ അപ്പന്റെ മക്കളല്ലേ നാമെല്ലാവരും? എങ്കിൽ തിരുരക്തത്തിന്റെ ഐക്യബന്ധത്തിൽ നമുക്കൊരുമിച്ച് ഭാരങ്ങൾ ചുമക്കാം.

നിരാശയുടെ നിലയില്ലാക്കയത്തിൽ താണുക്കൊണ്ടിരി

ക്കുന്നവർക്ക് ക്രിസ്തുവിന്റെ അത്ഭുതസാന്നിദ്ധ്യം സഹായമരുളും.

കാരാഗൃഹപ്രമാണി വെളിച്ചം ചോദിച്ച് അകത്തേക്ക് ചാടി. വിറച്ചുംകൊണ്ട് പൗലോസിന്റെയും ശീലാസിന്റെയും മുമ്പിൽ വീണു: 'യജമാനൻമാരേ, രക്ഷ പ്രാപിപ്പാൻ ഞാനെന്തു ചെയ്യണം' എന്നു ചോദിച്ചു.

കാരാഗൃഹം ഒരു ബൈബിൾക്ലാസ്സായി. രക്ഷ പ്രാപിപ്പാൻ എന്തു ചെയ്യണമെന്ന് പറഞ്ഞു കൊടുക്കുന്ന ബൈബിൾ ക്ലാസ്സ്. ദൈവത്തിനു സ്തോത്രം.

"അവൻ എന്റെ വായിൽ പുതിയോരു പാട്ടു തന്നു. നമ്മുടെ ദൈവത്തിന്ന് സ്തുതി തന്നെ. പലരും അതു കണ്ട് ഭയപ്പെട്ട് യഹോവയിൽ ആശ്രയിക്കും."

സ്തുതിയെത്തുടർന്നുള്ള അത്ഭുതങ്ങൾ. കാരാഗൃഹപ്രമാണിയും കുടുംബവും രക്ഷ പ്രാപിച്ചു. കർത്താവിന്റെ വചനം അവനോടും അവന്റെ വീട്ടിലുള്ള എല്ലാവരോടും പ്രസംഗിച്ചു. അവരെ അവന്റെ വീട്ടിൽ കൂട്ടിക്കൊണ്ടുപോയി. അവരുടെ മുറിവുകളെ കഴുകി; അവർക്ക് ഭക്ഷണം കൊടുത്തു. ദൈവത്തിൽ വിശ്വസിച്ചതിൽ വീടടക്കം ആനന്ദിച്ചു.

സ്തുതിയുടെ അതിശയകരമായ ശക്തി ! പ്രിയ സ്നേഹിതാ, നീ ഇപ്പോൾ സ്തുതിയുടെ അപ്രമേയ ശക്തി! പ്രിയ സ്നേഹിതാ, നീ ഇപ്പോൾ സ്തുതിയുടെ അപ്രമേയ ശക്തി സ്വായത്തമാക്കാനാഗ്രഹിക്കുന്നുവോ? എങ്കിൽ നിന്റെ വിഷണ്ഡമനസ്സു മാറ്റി നിനക്ക് സ്തുതി എന്ന മേലാട തരുവാൻ ക്രിസ്തു നിന്റെ അരികത്ത് നില്ക്കുന്നു. ഒരു പുതിയ ജീവിതം നീ തുടങ്ങൂ. ക്രിസ്തുവിനോട് നീ പറയൂ: നാഥാ, ഇന്നു മുതൽ ഞാനൊരു പുതിയ മനുഷ്യനായി ജീവിക്കും.

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

## പതിനൊന്ന്

"അവൻ എന്റെ വായിൽ പുതിയോരു പാട്ടു തന്നു. നമ്മുടെ ദൈവത്തിന് സ്തുതി തന്നേ.

പലരും അതു കണ്ട് ഭയപ്പെട്ട് യഹോവയിൽ ആശ്രയിക്കും." സങ്കീ. 40 : 2 3

വിശുദ്ധ സ്തുതിയാണ് ആരാധന. വിശുദ്ധ ഹൃദയത്തിൽ നിന്ന് ഉറന്നുവരുന്നതാണ് വിശുദ്ധിയുടെ സ്തുതി. പരിശുദ്ധാത്മാവ് വസിക്കുന്ന ഹൃദയമാണ് വിശുദ്ധഹൃദയം. സത്യത്തിന്റെ ആത്മാവ് വസിക്കുന്ന ഹൃദയത്തിൽനിന്നുള്ള ആരാധനയാണ്. സത്യത്തിന്റെയും ആത്മാവിന്റെയും ആരാധന.

യിസ്രായേലിലെ ഒന്നാമത്തെ രാജാവായിരുന്നു ശൗൽ. ദൈവനിയോഗപ്രകാരം രാജാവായതായിരുന്നു ശൗൽ. ശൗലിനെ ദൈവം തെരഞ്ഞെടുത്തതായിരുന്നു. ശൗലിന് പഴയ കാലത്തിൽ നിന്ന് വ്യത്യസ്തമായ ഒരു ഹൃദയം ദൈവം നൽകിയതായിരുന്നു. 1 ശമൂവേൽ 10 : 9. ശൗലിന്റെ മേൽ ദൈവത്തിന്റെ ആത്മാവ് ശക്തിയോടെ വന്നതായിരുന്നു. 10 : 10 ശൗലിനെ ദൈവം തന്റെ അവകാശത്തിന് പ്രഭുവായി അഭിഷേകം ചെയ്തതായിരുന്നു. 10 : 1. സൗലിന് ദൈവ

[redacted]

ത്തിന്റെ അരുളപ്പാട് ലഭിച്ചതായിരുന്നു. 9 : 27. ശൗൽ പ്രവാചകന്മാരുടെ കൂട്ടത്തിലിരുന്ന് പ്രവചിക്കുകയും ചെയ്തിരുന്നു. 10 : 10

എന്നാൽ നിർഭാഗ്യമെന്ന് പറയട്ടെ, ശൗലിനെ ഓർത്ത് ദൈവം ദു:ഖിച്ചു. “യഹോവ താൻ ശൗലിനെ യിസ്രായേലിന്നു രാജാവാക്കിയതുകൊണ്ട് അനുതപിച്ചു.” 1 ശമൂവേൽ 15 : 35 എന്നാണ് തിരുവെഴുത്തിൽ നാം വായിക്കുന്നത്.

ദൈവം ശൗലിനെ നോക്കി ദു:ഖിക്കാൻ കാരണം ശൗൽ ദൈവത്തിന്റെ വചനം അനുസരിച്ചില്ല എന്നതായിരുന്നു. അനുസരിക്കാതിരിക്കുന്നതിന് ശൗലിന് ചില ന്യായീകരണങ്ങൾ ഉണ്ടായിരുന്നു. എന്നാൽ ദൈവം കല്പിക്കുന്നത് വളരെ കർശനമായിട്ടാണ്.

> “യഹോവയുടെ കല്പന അനുസരിക്കുന്നതുപോലെ ഹോമയാഗങ്ങളും ഹനനയാഗങ്ങളും യഹോവെക്കു പ്രസാദമാകുമോ? ഇതാ, അനുസരിക്കുന്നത് യാഗത്തെക്കാളും ശ്രദ്ധിക്കുന്നത് മുട്ടാടുകളുടെ മേദസ്സിനെക്കാളും നല്ലത്. മത്സരം ആഭിചാരദോഷം പോലെയും ശാഠ്യം മിത്ഥ്യാപൂജയും വിഗ്രഹാരാധനയും പോലെയും ആകുന്നു. നീ യഹോവയുടെ വചനത്തെ തള്ളിക്കളഞ്ഞതുകൊണ്ട് അവൻ നിന്നെയും രാജസ്ഥാനത്തിൽനിന്ന് തള്ളിക്കളഞ്ഞിരിക്കുന്നു.”
>
> 1 ശമൂവേൽ 15 : 22 – 23

"Has the Lord as much pleasure in your burnt offering and sacrifices as in your obedience? Obedience is far better than sacrifice. He is much more intrested in your

listening to Him than in your offering the fat of rams to him. For rebellion is as bad as the sin of witchcraft, and stubborness is as bad as worshipping idols," Living Bible.

അനുസരണക്കേട് മാത്രമല്ല, ശൗലിന്റെ അധ:പതനത്തിനു കാരണം. "ശൗലിന് ദാവീദിനോട് കണ്ണുകടി തുടങ്ങി" എന്ന് തിരുവചനം പറയുന്നു. 1 ശമൂവേൽ 18 : 9. അസൂയ എന്ന മഹാപാപത്തിൽ ശൗൽ കുടുങ്ങി. ശൗൽ തന്നെ ഒരിടത്ത് പറയുന്നുണ്ട്:

> "ഞാൻ മഹാകഷ്ടത്തിലായിരിക്കുന്നു. ദൈവം എന്നെ വിട്ടുമാറിയിരിക്കുന്നു."
>
> 1 ശമൂവേൽ 28 : 15

"യഹോവ ദാവീദിനോടുകൂടെ ഉണ്ടെന്നും ശൗലിന്റെ മകളായ മീഖൾ അവനെ സ്നേഹിച്ചു എന്നും ശൗൽ കണ്ടറിഞ്ഞപ്പോൾ ശൗൽ ദാവീദിനെ പിന്നെയും അധികം ഭയപ്പെട്ടു; ശൗൽ ദാവീദിന്റെ നിത്യശത്രുവായിത്തീർന്നു." 18 : 28 –29.

ശൗലിൽനിന്ന് ദൈവാത്മാവ് വിട്ടുപോയി. ഒരിക്കൽ ആത്മാവിനെ പ്രാപിട്ടവൻ, അഭിഷേകം ലഭിച്ചവൻ, പ്രവചിച്ചവൻ, പുതുഹൃദയം ലഭിച്ചവൻ ദുരാത്മാവിന്റെ ബാധയ്ക്ക് ഇടം കൊടുത്തു. ജീവിതത്തിൽ പാപത്തിനിടം കൊടുത്തു. ശൗലിന്റെമേൽ ദുരാത്മാവ് വന്നു.

"ഒരു ദുരാത്മാവ് അവനെ ബാധിച്ചു." 16 : 14

"ദുരാത്മാവ് ശൗലിന്മേൽ വരുമ്പോൾ ദാവീദ് കിന്നരം എടുത്ത് വായിക്കും, ശൗലിന്നു ആശ്വാസവും സുഖവും ഉണ്ടാകും. ദുരാത്മാവ് അവനെ വിട്ടുമാറും." 16 : 23

ദുരാത്മാവിനെ മാറ്റാനുളഅള ഏകമാർഗ്ഗം വിശുദ്ധിയുടെ സ്തുതിയാണ്. സത്യത്തിന്റെയും ആത്മാവിന്റെയും ആരാധനയുടെ മുമ്പിൽ ദുരാത്മാവിന് നില്ക്കാൻ സാദ്ധ്യമല്ല.

ദാവീദിന്റെ കീർത്തനങ്ങൾ സ്തോത്രഗാനങ്ങളാണ്. “സ്തോത്രത്തോടെ യഹോവയ്ക്ക് പാടുവിൻ. കിന്നരത്തോടെ നമ്മുടെ ദൈവത്തിന്ന് കീർത്തനം ചെയ്വിൻ” എന്ന് 147-ാം സങ്കീർത്തനം 7-ാം വാക്യത്തിൽ ദാവീദ് പാടുന്നുണ്ട്.

> “നൃത്തം ചെയ്തുകൊണ്ട് അവന്റെ നാമത്തെ സ്തുതിക്കട്ടെ. തപ്പിനോടും കിന്നരത്തോടും കൂടെ അവന്ന് കീർത്തനം ചെയ്യട്ടെ.” സങ്കീ. 149 : 3

> “കാഹളനാദത്തോടെ യഹോവയെ സ്തുതിപ്പിൻ. വീണയോടും കിന്നരത്തോടും കൂടെ അവനെ സ്തുതിപ്പിൻ. തപ്പിനോടും നൃത്തത്തോടും കൂടെ അവനെ സ്തുതിപ്പിൻ. തന്ത്രിനാദത്തോടും കുഴലിനോടും കൂടെ അവനെ സ്തുതിപ്പിൻ. ഉച്ചനാദമുള്ള കൈത്താളങ്ങളോടെ അവനെ സ്തുതിപ്പിൻ. ജീവനുള്ളതൊക്കെയും യഹോവയെ സ്തുതിക്കട്ടെ.” സങ്കീ. 150 : 3 - 6

ദാവീദിന്റെ സ്തുതിഗാനമുൾക്കൊള്ളുന്ന കിന്നരവായന മൂലം ശൗലിന്റെ മേൽനിന്ന് ദുരാത്മാവ് മാറി. കൈരളിയുടെ മികവുറ്റ അഭിമാനഭാജനമായ ഒ.എൻ.വി കുറുപ്പ് 1978-ൽ എഴുതിയ ‘ദാവീദിനൊരു ഗീതം’ എന്ന സുന്ദരകവിതയിൽ പാടിയിട്ടുണ്ട് ഈ അത്ഭുതശക്തിയെക്കുറിച്ച് :

“ആതുരാത്മാവാം നൃപൻ
ശൗലിന്റെ കൂടാരത്തിൽ
ആനീതനായ് നീ; പാപ-

പീഡിതനവന്നു നിൻ
സാമസംഗീതം സത്യോ-
നിർവൃതിയാകെ, ശാന്ത
സാഗരം പോലേയവൻ
നിദ്രയിൽ വിലയിക്കേ,
കത്തുന്ന തൈലത്തിന്റെ
സുഗന്ധം പരത്തിനിർ-
ന്നിദ്ര സാക്ഷിയായ് നില്ക്കും
മറ്റൊരു ദീപം പോലെ
ഓമൽക്കിന്നരം മീട്ടി
ശ്യാമമാം യാഗങ്ങളെ
കോൾമയിർക്കൊള്ളിക്കും നിൻ
പാണികൾ ചുംബിച്ചു ഞാൻ:”
”ദാവീദേ, എനിക്കു നീ
പ്രിയപ്പെട്ടവനല്ലോ.”

സ്തുതിയുടെ അമനദ്യമോഹനമായ ഈ അത്ഭുതസിദ്ധിയെക്കുറിച്ച് മനോഹരമായ ഒരു എബ്രായഗാനമുണ്ട്.

സ്തുതി, അനുതാപക്കാർ മുമ്പിൽ
വാതിൽ തുറക്കും
രാജാവീമീശോ,
പാതകിയാം ഞാനർത്ഥിപ്പൂ
നൽവരദാനത്താൽ മോദം.
നല്കുക ഭാവുകദാതാവേ!
തീരണമേ ഞാൻ
നിന്നുടെ കിന്നരമായ്.

സ്വന്തം പാപങ്ങളെ ഓർത്ത് അനുതപിക്കുകയും, മേലിൽ പാപം വരികയില്ലെന്ന് തീരുമാനിക്കുകയും, വന്നുപോയ പാപ

ങ്ങൾ ഏറ്റുപറയുകയും ചെയ്താൽ ക്ഷമിച്ചുതരും എന്ന ദൈവവചനം അനുസരിക്കുന്ന അനുതാപികളുടെ മുമ്പിൽ അനുഗ്രഹത്തിന്റെ ശ്രീഭണ്ഡാരം തുറക്കുന്ന രാജാധിരാജാവായ യേശുവേ നിനക്കു സ്തുതി. പാതകിയായ ഞാൻ തിരുമുമ്പാകെ യാചിക്കുകയാണ്. അവിടുത്തെ കരുണയുടെയും കൃപയുടെയും വരപ്രസാദത്താൽ എനിക്ക് സന്തോഷം നൽകണമേ. നീ ഭാവുകങ്ങൾ - അനുഗ്രഹങ്ങൾ - നൽകുന്നവനാണല്ലോ. പാപക്ഷമ ലഭിച്ചതിനാൽ ഞാൻ നിന്നെ സ്തുതിക്കുന്നു. നിന്നെ നിരന്തരം സ്തുതിക്കുന്ന ഒരു കിന്നരമാക്കി എന്നെ തീർക്കുമാറാകേണമേ.

സ്തുതിയുടെ ഐന്ദ്രജാലികശക്തികൊണ്ട് ദുരാത്മാക്കുടെ ബാധയിൽനിന്ന് മോചനം നേടിയ ഒരാളാണ് തിരുവനന്തപുരത്ത് പ്രസിദ്ധമായ 'കോസ്മെറ്റിക് ഡെന്റൽ ക്ലിനിക്ക്' നടത്തുന്ന ഡോ. സി.പി. ജോൺ.

ഡോ. ജോണിന്റെ ജീവിതത്തിൽ വിശുദ്ധ സ്തുതി നൽകിയ സ്വാധീനം നമുക്കിപ്പോൾ ഒന്നു ചോദിച്ചറിയാം.

ഡോ. ജോണിന്റെ ജീവിതത്തിൽ സ്തുതി ലഭിക്കുന്നതിനു മുമ്പുള്ള കാലത്തെക്കുറിച്ച് ഒന്ന് വിവരിക്കാമോ?

ഒരു നല്ല ക്രിസ്തീയ പശ്ചാത്തലമുള്ള ഒരു കുടുംബത്തിലാണ് ഞാൻ ജനിച്ചുവളർന്നത്. ആത്മരക്ഷയെക്കുറിച്ച് പരിജ്ഞാനമുള്ളവരായിരുന്നു എന്റെ മാതാപിതാക്കൾ. കുടുംബപ്രാർത്ഥന, ഞായറാഴ്ച പള്ളിയാരാധന എന്നിങ്ങനെ ചിട്ടപ്പെട്ട ഒരു ക്രിസ്തീയ പാരമ്പര്യമെനിക്കുണ്ടായിരുന്നു.

ക്രിസ്തുവിനുവേണ്ടി ജീവിതം സമർപ്പിക്കുക എന്ന് റിട്രീറ്റുകളിൽ പങ്കെടുക്കുമ്പോഴെല്ലാം ഞാൻ കേൾക്കാറുണ്ട്. പക്ഷേ എനിക്കതിന് മനസ്സുണ്ടായിരുന്നില്ല. വളരെ മ്ലേച്ഛമായ ചിന്ത

കളും അഴുക്കായ മോഹങ്ങളും പുറത്തു പറയാൻ അറയ്ക്കുന്നതായ ചിന്തകളും എന്റെ ഉള്ളിലുണ്ടായിരുന്നു. ഉള്ളിന്റെ ഉള്ളിലൊരു സമാധാനവും ഇല്ലായിരുന്നു.

ഒരു സ്വർഗ്ഗമുണ്ടെന്നോ നരകമുണ്ടെന്നോ ഒന്നും ഞാൻ വിശ്വസിച്ചിരുന്നില്ല. ബൈബിൾ നൂറു ശതമാനവും സത്യമെന്നും ഞാൻ വിശ്വസിച്ചിരുന്നില്ല. ആത്മീയകാര്യങ്ങളെല്ലാം ചില ആളുകളുടെ ഉപജീവനമാർഗ്ഗം എന്നാണ് ഞാൻ കരുതിയിരുന്നത്.

ഈ അവസ്ഥയ്ക്ക് മാറ്റം വന്നതെങ്ങനെയാണ്?

ഞാൻ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പഠിക്കുമ്പോൾ ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിലെ ഡോ. കെ. റ്റി. പൗലോസ് എന്നെ ഒരു കൂട്ടായ്മയിലേക്ക് വിളിച്ചു. അന്ന് സാറായിരുന്നു അവിടെ തിരുവചനം സംസാരിച്ചത്.

സത്യദൈവം ജീവിക്കുന്നു എന്നും സ്വർഗ്ഗവും നരകവും സത്യമെന്നും ബൈബിൾ വള്ളിപുള്ളി വിടാതെ മുഴുവൻ സത്യമെന്നും പാപത്തിന്റെമേൽ ജയമുള്ള ഒരു ജീവിതം പ്രായോഗികമാണെന്നും മനസ്സിലായി. ആ വചനം കേട്ടപ്പോൾ ഒരു വലിയ തീരുമാനം അന്ന് ഞാൻ എടുത്തു. എന്റെ ജീവിതം ഒരു വ്യവസ്ഥയുമില്ലാതെ ഞാൻ ക്രിസ്തുവിന്റെ കൈകളിലേക്ക് ഏല്പിച്ചുകൊടുത്തു.

അതിനെത്തുടർന്നുള്ള അനുഭവമെന്തായിരുന്നു?

അതിനു മുമ്പ് അനുഭവിച്ചിട്ടില്ലാത്ത ഒരു അപ്രമേയ ശക്തി എന്നെ പാപത്തിൽനിന്നും തടുത്തു. എന്റെ ചിന്തകളും മോഹങ്ങളും ചില ദുഷ്പരിചയങ്ങളും ദുശ്ശീലങ്ങളും എന്നിൽനിന്നകന്നുപോയി. വേദപുസ്തകം വായിക്കുന്തോറും പുതിയ അർത്ഥങ്ങളും അനുഭവങ്ങളും കിട്ടിത്തുടങ്ങി. അപ്പോ

ഴാണെനിക്കു മനസ്സിലായത്. അതിനു മുമ്പ് ബൈബിൾ വായിക്കാറുണ്ടിയിരുന്നെങ്കിലും ഒന്നും ഞാൻ ഗ്രഹിച്ചിരുന്നില്ല എന്ന്.

എന്റെ കല്ലുപോലുള്ള ഹൃദയം തകരാൻ തുടങ്ങി. തകർന്നും നുറുങ്ങിയുമുള്ള ഹൃദയം എന്ന് തിരുവചനത്തിൽ കാണുന്നത് എന്റെ അനുഭവമായി. കൂടുതൽ കൂടുതൽ പാപബോധം എനിക്കു കിട്ടി. എന്റെ പാപങ്ങൾ എണ്ണിയാൽ തീരാത്തവയെന്നും അവ കർത്താവ് തന്റെ ക്രൂശിൽ ചൊരിഞ്ഞ രക്തത്താൽ കഴുകിത്തന്നു എന്നും എനിക്കനുഭവമായി. അതോടെ നിരന്തരം സ്തുതിക്കാനെനിക്കൊരു കൃപ കിട്ടി.

സ്തുതി ലഭിച്ചപ്പോഴുള്ള പ്രായോഗികാനുഭവമെന്തായിരുന്നു?

സ്തുതിക്കാൻ ആരംഭിച്ചപ്പോഴാണ് എന്റെ പാപങ്ങളിൽ മേൽ എനിക്കു ജയം കിട്ടിയത്. മുമ്പ് എനിക്കൊരിക്കലും ജയിക്കാൻ സാദ്ധ്യമല്ലെന്ന് ഞാൻ ധരിച്ചിരുന്ന പാപങ്ങൾ നിഷ്പ്രയാസം എന്നിൽനിന്നകന്നുപോയത് ഞാൻ അത്ഭുതത്തോടെ കണ്ടു.

ക്രിസ്തീയജീവിതം വിശ്വാസജീവിതമാണെന്നും വിശ്വസിക്കുന്നവന് സകലവും കഴിയും എന്നും എനിക്കനുഭവമായി. ബുദ്ധികൊണ്ടും യുക്തികൊണ്ടും ക്രിസ്തീയജീവിതം നയിക്കാൻ സാദ്ധ്യമല്ല എന്നും ജയജീവിതം പരിശുദ്ധാത്മാവിന്റെ കൃപയാൽ മാത്രമാണെന്നും എനിക്ക് മനസ്സിലായി.

എന്റെ അശുദ്ധിയും കോപവും ഈർഷ്യയും അസഹിഷ്ണുതയും എന്നിൽനിന്ന് മാറിപ്പോയി. ഇന്നും എന്നിൽനിന്നും മാറേണ്ടതായ അനേകം പാപപ്രകൃതികളുണ്ടെന്ന് ഞാനറിയുന്നു. അവയും മാറിക്കിട്ടാൻവേണ്ടി ഞാൻ മുട്ടി

പ്പായി പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നു.

സ്തുതിയുടെ സന്തോഷവും ലഹരിയും ലഭിച്ചതോടുകൂടെ കുടുംബമായി ഞങ്ങൾ വലിയ സ്നേഹവും ഐക്യവും ഐശ്വര്യവും അനുഭവിക്കുന്നു. എന്റെ ക്ലിനിക്കുകളെയും ജോലിയെയും കർത്താവ് അത്ഭുതകരമായി നടത്തുന്നു. ഞാനിന്നൊരു ഭാഗ്യവാനാണ്. ദൈവത്തിനു സ്തോത്രം.

ഡോ. ജോണിന്റെ ജീവിതത്തിൽ വ്യാപരിച്ചുകൊണ്ടിരുന്ന ദുരാത്മാക്കളെ മാറ്റിയ സ്തുതിയുടെ ആത്മാവ് സമാധാനവും സന്തോഷവും ആർക്കും തരാൻ മനസ്സലിവുള്ളവനാണ്. സകലദുർവ്യാധിയെയും ഭൂതബാധയെയും അകറ്റാൻ ശക്തനാണ്.

സ്നേഹിതാ, ഈ നിമിഷംതന്നെ നിന്റെ പാപത്തോട് യാത്ര പറഞ്ഞ്, ക്രിസ്തുവിനെ സ്വീകരിച്ച് സ്തുതിയുടെ ആനന്ദം അനുഭവിക്കുവിൻ. ജയജീവിതം തുടങ്ങുവിൻ. സ്തുതിയുടെ ആരാധന അനുഭവിക്കുവിൻ. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. സ്തോത്രം.

57